# എനിക്ക് ആശയ്ക്കു വകയുണ്ടോ?

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ഹെൽത്ത് കെയർ, കോലഞ്ചേരി - 682 311

# എനിക്ക് ആശയ്ക്കു വകയുണ്ടോ?

●

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889, 3020889

●

Publisher :

ഫീലിയോ ഹെൽത്ത് കെയർ

കോലഞ്ചേരി - 682 311

●

DTP

MANESH, GRAPHIC POINT, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTEDAT

BETHESDA PRINTERS

EDAPPALLY, KOCHI - 682 024

●

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം

*(Contd..)*

18. AMRUTHADHARA (ENGLISH)

19. ഓർത്തുകൊൾവിൻ

20. ക്രിസ്തുവിൽ

21. പരിശുദ്ധാത്മാവ്

22. പരിശുദ്ധാത്മ വ്യാപാരം

23. പരിശുദ്ധാത്മ ശക്തി

24. ഉത്തമ ഗീതം

25. സങ്കേത നഗരങ്ങൾ

26. മരുഭൂമിയിലെ നീർപ്പൊയ്ക

27. യോന

28. പച്ചവെള്ളം വീഞ്ഞാക്കി

29. കെരീത്തിന്റെ വക്കിൽ

30. എത്രത്തോളം രണ്ടു തോണിയിൽ?

31. ഏലിയാവിന്റെ ദൈവം എവിടെ?

32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല

33. മുദ്രാമോതിരമാക്കും

34. എനിക്ക് കാഴ്ച പ്രാപിക്കേണം

# അവതാരിക

റവ. ഡോ. റ്റി.പി. ഏലിയാസ്

ശ്രേഷ്ഠ ഗുരുവിന്റെ ഒരു രചന അക്ഷര ലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഒരു എളിയ ശിഷ്യനു ലഭിക്കുന്ന അസുലഭ സന്ദർഭം ഏതൊരു ശിഷ്യനെയും വികാര ഭരിതനാക്കും. ഈ ശിഷ്യനു ഒരു പ്രത്യേക പദവി കൂടിയുണ്ട്. ആദ്ധ്യാത്മീക മണ്ഡലത്തിലും ആ ഗുരുവിൽ നിന്നു തന്നെ വേദത്തിന്റെ മന്ത്രോച്ചാരണം ശ്രവിച്ച്, തെരഞ്ഞെടുത്ത ജീവിത പന്ഥാവിൽ ആനന്ദം കണ്ടെത്തിക്കൊണ്ടിരിക്കുന്ന ഒരു തീർത്ഥാടകൻകൂടിയായ വ്യക്തി ഈ ദിവ്യകർമ്മം നിർവ്വഹിക്കുന്നു എന്നു കേൾക്കുമ്പോൾ അനുവാചകർ ആശ്ചര്യം കൂറും. അതുകൊണ്ട് ഈ മഹത് സന്ദർഭത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് പ്രൊഫ. എം. വൈ. യോഹന്നാൻ സാറിന്റെ 35-ാമത്തെ പുസ്തകം - “എനിക്ക് ആശയ്ക്കു വകയുണ്ടോ?” - വിനയപൂർവ്വം അവതരിപ്പിക്കുന്നു.

അരനൂറ്റാണ്ടിലധികമായി അനേകം ദൈവാലയങ്ങളിലും സുവിശേഷ പ്രസംഗവേദികളിലും ഈ ഗ്രന്ഥകാരന്റെ ശബ്ദം മുഴങ്ങിക്കേട്ടുകൊണ്ടിരിക്കുന്നു. നാം ഓരോരുത്തരും ധാരാളം പ്രസംഗങ്ങൾ കേൾക്കാറുണ്ട്. ധ്യാന യോഗങ്ങളിൽ സംബ

സ്ഥിക്കാറുണ്ട്. ഇവയുടെ എല്ലാം ഗൗരവവും സന്ദേശവും ഹൃദ്യമായി തോന്നിയാലും കാലചക്രത്തിന്റെ ഭാഗമായി അത് നമ്മിൽ നിന്ന് തിരിഞ്ഞു മറിഞ്ഞുപോകും. എന്നാൽ അതെല്ലാം സമാഹരിച്ചു പുസ്തകമാക്കി കിട്ടിയാൽ നമുക്ക് പഠനമുറിയിലോ, പ്രാർത്ഥനാ മുറിയിലോ, സ്വീകരണമുറിയിലോ ഒരു സുഹൃത്തിന്റെ സ്ഥാനമായിരിക്കും ആ ഗ്രന്ഥത്തിനുണ്ടാവുക. ഒരു സുഹൃത്തിനോടെന്നപോലെയോ, ഉപദേശകനോടെന്ന പോലെയോ, നമുക്ക് ആ പുസ്തകത്തോട് സംവാദത്തിൽ ഏർപ്പെടാം.

പ്രിയപ്പെട്ട യോഹന്നാൻ സാറിന്റെ പ്രസംഗത്തിൽ മാത്രമല്ല എല്ലാ രചനകളിലും ക്രിസ്തു കേന്ദ്രീകൃതമായ ആദ്ധ്യാത്മീകതയ്ക്കും ഭക്തി ജീവിതത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ചിന്താധാരയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. തിരുവചന സന്ദേശവും പൗരസ്ത്യ പിതാക്കന്മാരുടെ ജീവിത ദർശനവും ഇതു തന്നെ. "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും" എന്നു പറയുന്ന അപ്പോസ്തലനായ വി. പൗലോസും യേശുക്രിസ്തുവിലൂടെ നാം ദൈവത്തിന്റെ സ്വഭാവത്തിൽ പങ്കാളികളായിത്തീരുന്നു എന്ന് സാക്ഷിക്കുന്ന പരിശുദ്ധ പത്രോസ് ശ്ളീഹായും (2 പത്രോ. 1 : 4) കാണിച്ചു തന്ന വിശ്വാസം പൗരസ്ത്യ സഭാ പിതാക്കന്മാർ ഗൗരവമായി സ്വീകരിച്ചുകൊണ്ട് മനുഷ്യാവതാരം ചെയ്ത യേശു മിശിഹായുടെ അതുല്യത വ്യക്തമാകുന്നുണ്ട്. ദൈവം സ്രഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണ്. ദൈവം അപരിമിതനും മനുഷ്യൻ പരിമിതനുമാണ്. ദൈവവും മനുഷ്യനും തമ്മിൽ ഇങ്ങനെ ഒരു അകലം ഉണ്ടെന്നു പൗരസ്ത്യ ചിന്ത ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ദൈവത്തെയും മനുഷ്യനെയും ക്രിസ്തുവിന്റെ മനുഷ്യാവതാര പ്രവർത്തനം വഴി ബന്ധിപ്പിക്കുന്ന തലങ്ങൾ കൂടെ എടുത്തു കാണിക്കുന്നുണ്ട്.

ഒരു വിധത്തിൽ നോക്കുമ്പോൾ ദൈവവും മനുഷ്യനും ഭിന്ന സ്വഭാവികളാണ് (Heteronatural) മറ്റൊരു വിധത്തിൽ

ദൈവവും മനുഷ്യനും സമസ്വഭാവികളാണ് (Connatural) (Freedom and Authority : Metropolitian Dr. Pauls Mar Gregorias) ആദ്യത്തെ ഭാവത്തിന് ഊന്നൽ നൽകുന്ന പക്ഷം മനുഷ്യന് സ്വാതന്ത്ര്യത്തിനു ഇടമില്ലാതെ വരും. രണ്ടാമത്തേതിനു മാത്രം പ്രാധാന്യം നൽകുന്ന പക്ഷം ദൈവത്തിനും മനുഷ്യനും തുല്യത കല്പിക്കുകയാവും ഫലം. രണ്ട് ഭാവങ്ങളെയും സമന്വയിപ്പിക്കുന്ന സമീപനമാണ് പൗരസ്ത്യ സഭകൾ സ്വീകരിച്ചിരിക്കുന്നത്. മനുഷ്യന് ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും ആകയാൽ അവൻ ദൈവസ്വഭാവത്തിൽ പങ്കാളിയാണ്. അതേ സമയം അവൻ ദൈവത്തിന്റെ സൃഷ്ടിയാണ്.

ഈ രചനയിൽ ക്രിസ്തു കേന്ദ്രീകൃതമായ ഭക്തിജീവിതത്തിലേക്ക് തന്റെ വായനക്കാരെ ക്രമാനുഗതമായ വളർച്ചയുടെ അനുഭവത്തിൽ നയിക്കുന്നു. ഒരു ശിശുപാലകന്റെ ദൗത്യം ഗ്രന്ഥകർത്താവ് ഏറ്റെടുത്തിരിക്കുന്നു. നാല് ഭാഗങ്ങളിലായി വിവരിക്കുന്നു. അഞ്ച് കൽക്കൂമ്പാരങ്ങളെക്കുറിച്ച് ഒന്നാം ഭാഗത്ത് പ്രതിപാദിക്കുന്നു. അനന്തശൂന്യതയിൽ ഉള്ള ഉളവാക്കിയ ദൈവഹിതത്തോട് പുറം തിരിയുന്ന വ്യക്തികളെക്കുറിച്ച് (ആഖാൻ : യോശു 7 ഹായിരാജാവ് : യോശു 8, അബ്ശാലോം രാജാവ് : 2 ശമു. 8) വിവരിക്കുന്നു. പാപത്തിന്റെ ശിക്ഷകളുടെ പ്രതീകങ്ങളായി വ്യക്തികളുടെ മേൽ വരുന്ന കൽക്കൂമ്പാരം. എന്നാൽ ക്രിസ്തുവിന്റെ പാദാന്തികേ അണയുന്നവർക്ക് കൽക്കൂമ്പാരത്തിൽ നിന്ന് വിടുതൽ ലഭിക്കുമെന്ന് വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീക്കു പാപക്ഷമ കർത്താവ് കൊടുത്തപ്പോൾ അവൾക്ക് ലഭിക്കുമായിരുന്ന ശിക്ഷയിൽ നിന്ന് വിടുതൽ ലഭിച്ച സംഭവത്തിൻ കൂടെ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ക്രൂശിലെ സ്നേഹം വെളിപ്പെടുത്തിക്കൊണ്ട് കല്ലേറുകൊണ്ട് മരിക്കുന്ന സ്തേഫാനോസിന്റെ മേൽ വന്ന കൽക്കൂമ്പാരത്തിനു പ്രത്യാശയുടെ ഒരു സന്ദേശത്തിന്റെ പ്രസക്തിയും ഗ്രന്ഥകാരൻ വരച്ചു കാണിക്കുന്നു.

ക്രിസ്തു സംഭവത്തിന്റെ കേന്ദ്രം കുരിശും ഉയിർത്തെഴു

ന്നേൽപ്പും ആണ്. കുരിശിനെ വിട്ടുകളഞ്ഞ് മിശിഹാ ചരിത്രത്തിലെ അതിശയങ്ങളാണ് ആധുനിക ലോകത്തിലെ സുവിശേഷികരണത്തിലെ അടിസ്ഥാനമായി ചിലർ കാണുന്നത്. ഇത് ചരിത്രത്തിനും സുവിശേഷത്തിനും നിരക്കുന്നതല്ല. പിതാവാം ദൈവത്തോട് അനുസരണമുള്ളവനായി സ്വയം കുരിശു വഹിക്കുന്ന ക്രിസ്തുവിന്റെ ചിത്രം എക്കാലത്തെയും ഭക്തന്മാർക്ക് മാതൃകയായിട്ടുള്ളതാണ്. കുരിശ് ഒഴിവാക്കാനാണ് ഇന്നത്തെ ആത്മീകതയിൽ ഏവരുടെയും പരിശ്രമം. കുരിശ് ആരുടെയും മേൽ അടിച്ചേല്പിക്കുവാനല്ല സ്വയം സ്വീകരിക്കുവാനാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. ഇത് സ്തേഫാനോസ് ശെമ്മാശ്ശന്റെ ജീവിതത്തിൽ കാണുന്നു. ആ സ്തേഫാനോസിനെ പോലെ ഞാൻ മരിക്കും എന്നു വായനക്കാരെ കൊണ്ട് പ്രതിജ്ഞ ചെയ്യിപ്പിക്കുന്നു ഗ്രന്ഥകർത്താവ്.

വിശുദ്ധ ജീവിതത്തിനു വേണ്ടി കൊതിക്കുവാനും പാപമില്ലാത്ത ജീവിതം നയിക്കുവാനും ആഹ്വാനം ചെയ്യുന്ന രണ്ടാം ഭാഗത്ത് നാല് അദ്ധ്യായങ്ങളിലായി തിരുവചനത്തിൽ "പാപം എവിടെയെല്ലാം എഴുതിവച്ചിരിക്കുന്നു" എന്ന് രേഖപ്പെടുത്തിക്കൊണ്ട് ക്രിസ്തുവിനെ തന്നെ ഹൃദയമെന്ന മാംസപ്പലകയിൽ പരിശുദ്ധാത്മാവിനാൽ എഴുതിവയ്ക്കണമെന്ന ശുഭസന്ദേശത്തിനു ആനുകാലിക പ്രസക്തി ഉണ്ട്.

പൗരസ്ത്യ പിതാക്കന്മാർ പാപത്തിന്റെ പ്രകൃതത്തെ കുറിച്ചു ചിന്തിക്കുന്നത് ഇപ്രകാരമാണ്. എല്ലാ പാപവും മനുഷ്യനന്മയ്ക്ക് എതിരാണ്. മനുഷ്യ പ്രകൃതി പാപത്തിനും, പാപത്തിലൂടെ തിന്മയ്ക്കും അടിമയായിത്തീരുന്നു. പാപം മനുഷ്യനെ അടിമയാക്കി ഭരിക്കുന്ന രാജാവാണ് എന്ന് പരിശുദ്ധ പിതാക്കന്മാർ പഠിപ്പിക്കുന്നു. മനുഷ്യൻ പാപത്തിന് സ്വയം വിധേയപ്പെടുമ്പോൾ ആണ് അതിന് അടിമയായിത്തീരുന്നത് ഉണ്മ നന്മയാണ്, ജീവനാണ്, ദൈവത്തോടുള്ള ആഭിമുഖ്യമാണ് തിന്മ ഇല്ലായ്മയാണ്, മരണമാണ്. മനുഷ്യൻ ദൈവം നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി നന്മ ഉപേ

ക്ഷിച്ചു തിന്മ (പാപം) തെരഞ്ഞെടുത്തു ഇല്ലായ്മയിലേക്കും മരണത്തിലേക്കും നീങ്ങുന്നു. തിന്മ (പാപം)യിൽ നിലനിൽക്കുന്നിടത്തോളം മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്ന് ഇല്ലായ്മയിലേക്ക് ചുരുങ്ങുന്നു. തിന്മയോട് ചേരുമ്പോൾ അവൻ നാശവും ഇല്ലായ്മയും സ്വയം വരിക്കുന്നു. പാപം വിട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞു ദൈവത്തോട് ചേരുമ്പോൾ മനുഷ്യപ്രകൃതി നന്മയുടെ നിറവിലേക്ക് വളരുവാൻ ഇടയാകുന്നു.

തിന്മയുടെ ശക്തികളിലേക്ക് ചാഞ്ഞു വീണുപോകുവാനുള്ള ശക്തമായ പ്രേരണകളെ ചെറുത്തു തോല്പിച്ച് ക്രിസ്തു ശരീരത്തോട് ഒട്ടിച്ചേർന്ന് നിന്ന്, ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി വളരുവാനുള്ള ഒരു ഉത്തരവാദിത്വം ആണ് ക്രിസ്തുവിലൂടെ ലഭിക്കുന്നത്.

ഗ്രന്ഥകാരൻ ജീവിതത്തിന് വില തരുന്ന, ജീവിതത്തെ മൂല്യവത്താക്കുന്ന, ക്രിസ്തുവിനെ കൈകൊൾവാൻ, ഉടയവനേ നിന്റെ കൈകളിലേക്ക് തരുന്നു എന്നുപറഞ്ഞുകൊണ്ട് ശ്രോതാക്കളെ, വായനക്കാരെ, സമർപ്പിച്ചു പ്രാർത്ഥിക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതി അനർവചനീയം തന്നെ.

ജീവിതത്തെ മൂല്യവത്താക്കുന്ന ക്രിസ്തുവിനെ, നീറിപ്പുകയുന്ന ജീവിതത്തിനു ആശ്വാസമേകുവാൻ സാന്ത്വനമരുളുന്ന യേശുക്രിസ്തുവിനെ, "ഇവൻ ആര്?" എന്ന് നാമകരണം ചെയ്തു കൊണ്ടുള്ള മൂന്നാം ഭാഗത്തിൽ 5-ാം അദ്ധ്യായങ്ങളിൽക്കൂടി പഴയ നിയമ വെളിച്ചത്തിലും പുതിയ നിയമചിന്തയിലും നിന്നുകൊണ്ട് യേശുക്രിസ്തു ഈ പ്രപഞ്ച വീണ്ടെടുപ്പിനു വേണ്ടി സഹിച്ച പീഡകളെ കുറിച്ചുള്ള വർണ്ണനകൾ ക്രിസ്തു ഭക്തരുടെ അന്തരംഗങ്ങളിൽ കുളിർ കോരിയിടുന്നു.

മരിച്ചുപോയവരുടെ ഉയിർപ്പിനും, വരാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്ന

നമ്മുടെ വിശ്വാസപ്രമാണത്തിന്റെ മൗലികമായ അനുഭവത്തി ലേക്ക് ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗം നമ്മെ വഴി നട ത്തുന്നു. ആദ്യം സൂചിപ്പിച്ചല്ലോ ആദ്ധ്യാത്മീക ജീവിതത്തിന്റെ ഓരോ പടവുകളെ വായനക്കാരെക്കൊണ്ട് ചവിട്ടിക്കയറ്റി ആത്യന്തീക ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്നു ഗ്രന്ഥകർത്താ വ്. ഏതൊരു വിശ്വാസിയുടെയും ആത്യന്തിക ലക്ഷ്യം കർത്താവിന്റെ രണ്ടാമത്തെ വരവിൽ നമുക്ക് പങ്കും ഓഹ രിയും ഉണ്ടാകണമെന്നുള്ളതാണ് എന്ന ആഹ്വാനം നവോന്മേ ഷം നൽകുന്നതാണ്. ആ പ്രചോദനം ഈ ഗ്രന്ഥത്തിൽ നിന്ന് അനുവാചകർക്ക് ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാ വർഷത്തിന്റെ കലണ്ടറിൽ പ്രകാരം സ്ലീബാകാലഘട്ടമാണ് ആരാധനാ വർഷ ത്തിന്റെ അവസാനത്തെ കാലഘട്ടം. സ്ലീബാ പെരുന്നാളിനു ശേഷമുള്ള ഞായറാഴ്ചകളിൽ കർത്താവിന്റെ രണ്ടാമത്തെ വരവ് ആണ് പ്രധാനവിഷയം. ഈ കാണുന്ന ലോകത്തിന് ഒരു അന്ത്യം ഉണ്ട്. ഈ ലോകവാസം ശാശ്വതമല്ല. യുദ്ധവും യുദ്ധഭീതിയും ഭൂകമ്പവും ക്ഷാമവും അതിന്റെ സൂചനകളാ ണ്. അഴിഞ്ഞു പോകുന്നതാണ് ഈ പ്രപഞ്ചമെങ്കിൽ ഈ ലോകാവസാനം ആത്യന്തികമല്ല. അതുകൊണ്ട് ഈ ലോക ത്തോടുള്ള നമ്മുടെ സമീപനം പറ്റുമാനത്തിന്റേതാവരുത്. ഈ ലോകത്തിന്റെ അന്ത്യം നമ്മുടെ കർത്താവിന്റെ രണ്ടാ മത്തെ വരവിന്റെ ലക്ഷണമാണ്.

കർത്താവിന്റെ വരവ് ഒരു വ്യക്തിയെ സംബന്ധിച്ചിട ത്തോളം ലോകാവസാനത്തിൽ മാത്രമല്ല സംഭവിക്കുന്നത്. നാം ഈ ലോകത്തോടു യാത്ര പറയുന്ന ദിവസം – മരണം – അതാണ്, നമുക്ക് ലോകാവസാനം. കർത്താവ് നമ്മെ സന്ദർശിക്കുന്ന ദിവസം എപ്പോൾ എന്ന് നമുക്ക് അറിഞ്ഞു കൂടാ. അതുകൊണ്ട് നാം ഉണർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്ക ണമെന്നാണ് ഈ സ്ലീബാ കാലഘട്ടത്തിലെ ആരാധനാ വർഷ ത്തിന്റെ സന്ദേശം. ഈ സന്ദേശത്തോട് ക്രിയാത്മകമായി ഗ്രന്ഥകർത്താവ് പ്രതികരിച്ചിരിക്കുന്നു.

ബുദ്ധി ജീവികളുടെ പദസമ്പത്തും അതിന്റെ പിന്നിലെ ആശയ പ്രപഞ്ചവും സാധാരണ മനുഷ്യർക്ക് അപ്രാപ്യമാണ്. എന്നാൽ സാധാരണ മനുഷ്യർക്ക് പ്രാപ്യമാകുവാൻ രചനകളുടെ കാര്യത്തിൽ പ്രിയ സാർ ഉപയോഗിച്ചിരിക്കുന്ന Methdology അഭിനന്ദനാർഹം തന്നെ. മാനസീകമോ ശാരീരികമോ ആയ ക്ലേശങ്ങളിൽക്കൂടി ജീവിത യാത്ര നടത്തുന്നവർക്ക് ജീവിതത്തിന്റെ ഭാരം കുറക്കുവാൻ ഈ ഗന്ഥം ഒരു വഴികാട്ടി തന്നെ.

അസ്വസ്ഥമായ മനസ്സുകൾക്ക് ആത്മീയ പ്രകാശം നൽകുന്ന മിന്നൽ പിണരുകളായി കൂരിരുട്ടിലെ ഒരുരജതരേഖയായി ഈ ഇതളുകളിലെ അക്ഷരങ്ങളിൽ ചിലതെങ്കിലും രൂപപ്പെട്ടാൽ ഗ്രന്ഥകാരൻ കൃതാർത്ഥനാകും.

വേദപുസ്തകാധിഷ്ഠിതവും പൗരസ്ത്യാരാധനയിൽ ഊന്നിയതുമായ ചിന്താധാരയിൽ നിന്ന് ഉരുത്തിരിഞ്ഞ ഈ കൃതി വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഉയർന്നു വരുന്ന ഓരോ ചലനങ്ങളോടും സംവദിക്കാനും ക്രിയാത്മകമായി പ്രതികരിക്കുവാനുള്ള ശക്തി പകരട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഈ അവതാരിക ഒരു ശ്രേഷ്ഠ ഗുരുവിന് എളിയ ശിഷ്യൻ സമർപ്പിക്കുന്ന വിനീതമായ ഒരു ഗുരുദക്ഷിണ മാത്രം. ഇതിലൂടെ ദൈവനാമം മാത്രം മഹത്വപ്പെടട്ടെ.

**റവ. .ഡോ. ടി.പി. ഏലിയാസ്**

## ആമുഖം

“In this godless universe, we shall become gods” എന്ന് ബെർട്രൻഡ് റസ്സൽ, “Impact of Science on Society” എന്ന ഗ്രന്ഥത്തിലെഴുതി. നോബൽ സമ്മാനം ലഭിച്ച റസ്സലിന് തോന്നിയത് “ദൈവമില്ലാത്ത പ്രപപഞ്ചത്തിൽ മനുഷ്യരെല്ലാം ദൈവങ്ങളാകും” എന്നത്രേ. ദൈവത്തോട് നിരന്തരമായ ബന്ധവും തന്മൂലം ലഭിക്കുന്ന ആന്തരിക ശാന്തിയും ലഭിക്കാതെപോല ഒരു വലിയ ദാർശനികനും ബുദ്ധിജീവിയുമായിരുന്നു ബെർട്രൻഡ് റസ്സൽ.

എന്നാൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ അതിരറ്റ സ്വാധീനത്തിൽ ജീവിതത്തിനർത്ഥം കണ്ടെത്തിയ എത്രയോ തത്വചിന്തകന്മാരുണ്ട്, ശാസ്ത്രജ്ഞന്മാരുണ്ട്, സാഹിത്യനായകന്മാരുണ്ട്! Paradise Lost, Paradise Regained എന്നീ വിശ്വേതിഹാസങ്ങൾ രചിച്ച ജോൺ മിൽട്ടണും യുദ്ധവും സമാധാനവും (War and Peace) രചിച്ച ടോൾസ്റ്റോയിയും, കുറ്റവും ശിക്ഷയും, (Crime and Punishment) പാവങ്ങൾ (Les Miserables) എന്നീ നോവലുകൾ രചിച്ച വിക്ടർ യൂഗോവും അവരിൽ ചിലരാണ്.

“മനുഷ്യരെ മയക്കുന്ന Chloroform കണ്ടുപിടിച്ചതല്ല എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെത്തിയതാണ് എന്റെ ഏറ്റവും

വലിയ കണ്ടുപിടുത്തം" എന്ന് പറഞ്ഞ ജെയിംസ് സിംപ്സണും "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാനറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഞാനുറച്ചിരിക്കുന്നു" എന്ന് മരണക്കിടക്കയിൽ പുഞ്ചിരിയോടെ പറഞ്ഞ മൈക്കിൾ ഫാരഡെയും, ഐസക് ന്യൂട്ടനെപ്പോലെയും, ലൂയി പാസ്ചറെപ്പോലെയും, തോമസ് ആൽവാ എഡിസണെപ്പോലെയും ദൈവവിശ്വാസത്തിൽ സ്നേഹം കണ്ടെത്തിയ ഭാഗ്യശാലികളായ ശാസ്ത്രജ്ഞരാണ്.

ജീവിതത്തിന്റെ ഉയർന്ന പടവുകൾ കയറാനാഗ്രഹിക്കുന്നവരാണ് എല്ലാ മനുഷ്യരും. ഇന്നത്തേക്കാൾ ഭേദപ്പെട്ട ഒരു നാളെ വേണം എന്നാണല്ലോ എല്ലാവരുടെയും അഗ്രഹം. പാപബോധവും കുറ്റബോധവും പ്രാപിച്ച് അനുതാപത്തോടും മാനസാന്തരത്തോടും കൂടെ ക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിൽ ആശ്രയിച്ച് പുതുജീവിതം നയിക്കുന്നയാതൊരാൾക്കും ശാന്തിയും സമാധാനവും ലഭിക്കും എന്ന സത്യം അനേകരും മനസ്സിലാക്കിവരികയാണ്. അപ്രകാരം ജീവിക്കുന്നവർ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സ്വർഗ്ഗ സൗഭാഗ്യത്തിലേക്ക് ചേർക്കപ്പെടും എന്ന വിശ്വാസം അനേക ജീവിതങ്ങൾക്ക് ധൈര്യവും ശക്തിയും നൽകിയിട്ടുണ്ട്. ഈ ആശയത്തിന്റെ ക്രമാനുഗതമായ വിവരണം നൽകാനാണ് ഞാനീഗ്രന്ഥത്തിൽ പരിശ്രമിച്ചിട്ടുള്ളത്.

എന്റെ ബഹുമാന്യരായ വായനക്കാരുടെ ഹൃദയത്തിൽ ഈ ഗ്രന്ഥാനുശീലനം മൂലം ഒരു പുതു ചൈതന്യവും ഉൾക്കാഴ്ചയും ലഭിക്കുമെങ്കിൽ ഞാൻ ചാരിതാർത്ഥനായി.

വളരെ ശ്രദ്ധേയവും വിജ്ഞേയവുമായ ഒരവതാരിക ഈ ഗ്രന്ഥത്തിനെഴുതിത്തന്ന റവ. ഡോ. ടി.പി. ഏലിയാസ് എന്റെ ഇടവകപ്പള്ളിയിലെ എനിക്ക് ഏറ്റവും വാത്സല്യവും ആദരവും ഉള്ള ഒരു വന്ദ്യവൈദികനാണ്. ഇപ്പോൾ മാവേലിക്കര സെന്റ്. പോൾസ് മിഷൻ കേന്ദ്രത്തിൽ അദ്ധ്യാപകനായി

പ്രവർത്തിക്കുന്ന ബഹു. അച്ചൻ ക്രൈസ്തവ വേദശാസ്ത്രത്തിൽ എം.റ്റി.എച്ച്, "ഭാരത മതങ്ങളിലും സംസ്ക്കാരങ്ങളിലും കിഴക്കൻ സുറിയാനി സഭാപാരമ്പര്യത്തിന്റെ സ്വാധീനം" എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പിഎച്ച്ഡി എന്നീ ഡിഗ്രികൾ കരസ്ഥമാക്കിയിട്ടുള്ള ഒരു പണ്ഡിതനും പ്രമുഖ സംഘാടകനും പ്രഭാഷകനുമാണ്. യാക്കോബിന്റെയും പത്രോസിന്റെയും ലേഖനങ്ങൾ - ഒരു വ്യാഖ്യാനം, ജ്ഞാനത്തിന്റെ ഗ്രിഗോറിയൻ പർവ്വം, വചനത്തിന്റെ നീരുറവുകൾ, New Vision New Humanity എന്ന മഹദ്ഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ബഹുമാനപ്പെട്ട അച്ചൻ. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹു. അച്ചൻ ഈ ഗ്രന്ഥത്തിനൊരു അവതാരിക എഴുതിത്തന്നതിൽ എനിക്കുള്ള അകമഴിഞ്ഞ നന്ദി ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

ഈ പുസ്തകത്തിന്റെ കവർ, ഡിറ്റിപി, പ്രൂഫ് റീഡിങ്, അച്ചടി എന്നീ വിവിധ കാര്യങ്ങളിൽ എന്നെ സഹായിച്ച എന്റെ സ്നേഹം നിറഞ്ഞ സഹോദരങ്ങളോടുള്ള കൃതജ്ഞതയും ഞാനിവിടെ രേഖപ്പെടുത്തുന്നു.

വായനക്കാരായ എല്ലാവർക്കും യേശുക്രിസ്തുവിന്റെ കരസ്പർശമേൽക്കാനും തന്മൂലമുള്ള അനുഗ്രഹം ലഭിപ്പാനും ഇടവരട്ടെ എന്നാശംസിച്ചുകൊണ്ട് ഞാനീ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ**

## ഒന്ന്

"ഇതൊക്കെയും യാക്കോബിന്റെ അതിക്രമം നിമിത്തവും യിസ്രായേൽഗൃഹത്തിന്റെ പാപങ്ങൾ നിമിത്തവുമാകുന്നു. യാക്കോബിന്റെ അതിക്രമം എന്ത്? ശമര്യയല്ലയോ ? യെഹൂദയുടെ പൂജാ ഗിരികൾ ഏവ? യെരൂശലേം അല്ലയോ? അതുകൊണ്ട് ഞാൻ ശമര്യയെ വയലിലെ കല്ക്കുന്നുപോലെയും, മുന്തിരിത്തോട്ടത്തിലെ നടുതലപോലെയും ആക്കും; ഞാൻ അതിന്റെ കല്ല് താഴ്‌വരയിലേക്ക് തള്ളിയിടുകയും അതിന്റെ അടിസ്ഥാനങ്ങളെ അനാവൃതമാക്കുകയും ചെയ്യും." മീഖാ 1 : 5–7

വയലിലിതാ ഒരു കൽക്കൂമ്പാരം കാണുന്നു. മീഖാ പ്രവാചകൻ അദ്ദേഹത്തിനുണ്ടായ ദർശനത്തിൽ, ഒരു കൽക്കൂമ്പാരം കണ്ടുകൊണ്ടാണ് പറയുന്നത്. എന്താണ് ഈ കൽക്കൂമ്പാരം? എന്താണ് ഈ കൽക്കുന്ന്?

അത് കഠിനമായ ശിക്ഷയുടെ പ്രതീകമാണ്. കഠിനമായ, ഘോരമായ അപരാധം ചെയ്ത വ്യക്തിക്ക് ലഭിക്കുന്ന ശിക്ഷയുടെ അടയാളമാണ്, പ്രതീകമാണ് (symbol). ഈ കൽക്കൂമ്പാരം.

"തീയുടെ മുമ്പിൽ മെഴുകുപോലെയും

കിഴുക്കാന്തൂക്കത്തിൽ ചാടുന്ന വെള്ളം പോലെയും പർവ്വതങ്ങൾ അവന്റെ കീഴിൽ ഉരുകുകയും താഴ്വരകൾ പിളർന്നുപോകയും ചെയ്യുന്നു.”
മീഖാ 1 : 4

യാക്കോബിന്റെ അതിക്രമം നിമിത്തവും യിസ്രായേൽ ഗൃഹത്തിന്റെ പാപം നിമിത്തവും, അവർക്കു വരുന്ന ശിക്ഷയെ ഒരു കൂമ്പാരമായി, പ്രതീകാത്മകമായി പ്രവാചകൻ കാണുകയും, ആ ദർശനം എഴുതുകയും ചെയ്യുകയാണ്.

യിസ്രായേൽ ഗൃഹത്തിന്റെ പാപം, കൊടിയ ശിക്ഷ, അനിവാര്യമായ ശിക്ഷ, വരുന്നതിനെക്കുറിച്ച് ഈ കൽക്കൂമ്പാരം സൂചിപ്പിക്കുകയാണ്. യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിലും ഇതുതന്നെ വായിക്കാം.

‘‘ഞാൻ യെരുശലേമിനെ കൽക്കുന്നുകളും കുറുനരികളുടെ പാർപ്പിടവും ആക്കും; ഞാൻ യഹൂദാ പട്ടണങ്ങളെ നിവാസികൾ ഇല്ലാതാകും വണ്ണം ശൂന്യമാക്കിക്കളയും. യിരെമ്യാവ് 9 : 11

പ്രവാചകന്നു ലഭിച്ച സ്വർഗ്ഗീയ കാഴ്ചപ്പാട് എന്താണ്? ഒരു വലിയ കൽക്കൂമ്പാരം, ശിക്ഷയുടെ പ്രതീകം.

തെറ്റിന് ശിക്ഷ ലഭിക്കും എന്നുള്ളതിന് സംശയമില്ല. ഓരോ മനുഷ്യനും അവന്റെ ജീവിതത്തിൽ വന്നുപോകുന്ന പാപങ്ങളുടെ കൊടിയ യാതന അവനെ വേട്ടയാടുന്ന അനുഭവത്തിൽ, തകർന്നും കഷ്ടപ്പെട്ടും വലഞ്ഞും ജീവിക്കുന്നത് നാം ചുറ്റുപാടും ധാരാളം കാണുന്നുണ്ട്.

പല കുടുംബങ്ങളിലും അത്യാഹിതങ്ങൾ സംഭവിക്കുന്നു, നിനച്ചിരിയാതെ ആപത്തുകൾ വരുന്നു. മാറാരോഗങ്ങൾ ബാധിക്കുന്നു. ചികിത്സിച്ചിട്ട് ഫലപ്പെടാതെ വളരെ യാതനയിലും, വേദനയിലും മനുഷ്യർ കഴിഞ്ഞു കൂടുന്നു. ഒട്ടേറെ പ്രശ്നങ്ങൾ ജീവിതത്തിൽ വന്നു കൂടുന്നു. എന്താണ് ഇതൊക്കെ എന്റെ കുടുംബത്തിൽ വരുന്നത് എന്ന് ചിലർ

ഇങ്ങനെ ചിന്തിക്കാറുണ്ട്.

മറ്റു ചിലർ പറയും, ആരോ എനിക്കെതിരെ എന്തോ മന്ത്രവാദം ചെയ്തിട്ടുണ്ട്. എനിക്കെതിരെ ഏതാണ്ട് ഓതി ജപിച്ച് ചെയ്തിട്ടുണ്ട്. എനിക്കെതിരായി ഏതാണ്ട് കൂടോത്രമോ മറ്റോ ചെയ്തിട്ടുണ്ട്. അതല്ലാതെ എന്റെ കുടുംബത്തിൽ ഇങ്ങനെ അപകടങ്ങൾ വരികയില്ല. എനിക്കൊരു സ്വസ്ഥതയുമില്ല.

സ്നേഹിതാ, ഭയപ്പെടേണ്ട, ഒരു കാര്യം ചെയ്താൽ മതി. നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തു വന്നാൽ മതി. എല്ലാ ദോഷങ്ങളും ക്രിസ്തു മാറ്റും. ആരെങ്കിലും എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, മുഴുവൻ ക്രിസ്തു മാറ്റും. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ വന്നു ജനിച്ചാൽ, ഒരു കൈ വിഷവും നിങ്ങളുടെ മേൽ ഫലിക്കുകയില്ല. ആരെന്തു മന്ത്രവിദ്യ ചെയ്താലും നിങ്ങളുടെ മേൽ ഏൽക്കുകയില്ല. ആഭിചാരങ്ങളോ മന്ത്രപ്രയോഗങ്ങളോ, പൂജാ കാര്യങ്ങളോ ഒന്നും നിങ്ങളെ സ്പർശിക്കുകയില്ല. ഒരു ദോഷവും നിങ്ങൾക്ക് തട്ടുകയില്ല, അതിനെപ്പറ്റി ദാവീദ് ഇപ്രകാരം പറയുന്നു.

> "ഒരനർത്ഥവും നിനക്ക് ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിനു അടുക്കയില്ല. നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിനു അവൻ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും."
>
> സങ്കീ. 91 : 10 - 12

നിത്യനായ ദൈവം നിങ്ങളുടെ ജീവിതത്തിൽ ചെയ്തു തരുന്നത് നിങ്ങളുടെ ഹൃദയം മാറ്റുകയാണ്. നിങ്ങളുടെ ഹൃദയമൊന്നു മാറിക്കഴിഞ്ഞാൽ, ഏത് ശാപദോഷവും മാറിക്കൊള്ളും. ക്രിസ്തുവിനു മുമ്പിൽ ഒരു ശാപത്തിനും നിൽക്കുവാൻ സാധിക്കുകയില്ല.

പലതരത്തിൽ ക്ഷയോന്മുഖമായി തകർന്നടിഞ്ഞു

നഷ്ടപ്പെട്ടുപോകുന്ന മനുഷ്യജീവിതങ്ങളെ നാം നമ്മുടെ ചുറ്റുപാടും കാണുന്നുണ്ട്. എന്താണ് കാരണം? ഒരു പക്ഷേ നമ്മുടെ തന്നെ പാപം മൂലം, നമ്മുടെ മേൽ ഒഴിവാക്കാൻ പാടില്ലാത്തവിധം വരുന്നതായ ശിക്ഷകളാകാം. നമ്മുടെ പാപം മൂലം, നമ്മുടെ ഉള്ളത്തിൽ കടന്നുകൂടുന്ന പിശാച് നമുക്ക് വരുത്തുന്ന ദുരിതങ്ങളാകാം. അനുഗ്രഹിക്കാൻ ദൈവം നിൽക്കുമ്പോൾ, മനുഷ്യനെ നശിപ്പിക്കാൻ പിശാച് കച്ചകെട്ടി നിൽക്കുകയാണ്.

ദൈവമുണ്ട്, സാത്താനുമുണ്ട്. വെളിച്ചമുണ്ട്, ഇരുട്ടുമുണ്ട്. ക്രിസ്തുവുണ്ട്, അന്തിക്രിസ്തുവുമുണ്ട്. പരിശുദ്ധാത്മാവുണ്ട് കള്ളപ്രവാചകനുമുണ്ട്. ജീവനുള്ള ദൈവം മനുഷ്യനെ അനുഗ്രഹിപ്പാൻ വരുമ്പോൾ മനുഷ്യനെ നശിപ്പിപ്പാൻ ദുരാത്മാക്കൾ, അഥവാ സാത്താന്റെ സേനകൾ, പൈശാചികബാധകൾ മനുഷ്യനു കേടുവരുത്തുന്നു.

ദുരാത്മാക്കൾക്ക് അവകാശം കിട്ടുന്നതെങ്ങനെയാണ്? മനുഷ്യജീവിതത്തിൽ പ്രവർത്തിക്കാൻ പിശാചിന് അവകാശം കിട്ടുന്നത് മനുഷ്യന്റെ പാപം മൂലമാണ്. പാപം മൂലം പിശാചിന് മനുഷ്യഹൃദയത്തിലേക്ക് കടന്നു വരുവാൻ ഇടം കിട്ടുന്നു.

> "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല. അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്." യോഹ. 10 : 10

ആഖാൻ എന്ന പേരുള്ള ഒരു മനുഷ്യന്റെ മേൽ ഒരു വലിയ കൽക്കുന്ന് കൂട്ടി. എന്തിനാണത്?

ആഖാനെ കല്ലെറിഞ്ഞു, എറിഞ്ഞെറിഞ്ഞ് കല്ലേറുകൊണ്ട് തകർന്നടിഞ്ഞ് ആഖാൻ ആ കൽക്കൂമ്പാരത്തിനുള്ളിലായി.

> "....പിന്നെ യിസ്രായേലെല്ലാം അവനെ കല്ലെറിഞ്ഞു, അവരെ തീയിൽ ഇട്ടുചുട്ടുകളകയും കല്ലെറികയും ചെയ്തു. അവന്റെ മേൽ അവർ ഒരു വലിയ

> കൽക്കുന്നു കൂട്ടി; അത് ഇന്നുവരെ ഇരിക്കുന്നു. ഇങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി; അതുകൊണ്ട് ആ സ്ഥലത്തിനു ആഖോർ താഴ്വര എന്നു ഇന്നുവരെ പേർ പറഞ്ഞു വരുന്നു.
>
> യോശുവ. 7 : 25-26

എന്തിനാണ് ഇത്ര വലിയ ശിക്ഷ ആഖാനു കിട്ടിയത്? മോശയുടെ കൈക്കീഴ് യിസ്രായേൽ ജനം ഈജിപ്റ്റിൽ നിന്ന് പുറപ്പെട്ടു. അന്ന് സൂയസ് കനാൽ വെട്ടിയിട്ടില്ല. അവർ ചെങ്കടൽ കടന്ന് മരുഭൂമിയിൽ പ്രവേശിച്ചു. നാല്പതുകൊല്ലം അവർ മരുഭൂമിയിൽ ഉഴന്ന് വലഞ്ഞു, പിന്നീട് മോശ മരിച്ചു. തുടർന്ന് ജനത്തെ നടത്തിയത് നൂന്റെ മകനായ യോശുവയാണ്. യോശുവയുടെ നേതൃത്വത്തിൽ അവർ യോർദ്ദാൻ നദി കടന്ന് അപ്പുറത്തുചെന്ന് പാലസ്റ്റെയിനിൽ പ്രവേശിച്ചു. അറുനൂറായിരത്തോളം വരുന്ന ബഹുജനസഞ്ചയം മുന്നോട്ടു നീങ്ങി. വലിയ കോട്ടകൾ അവർക്ക് തടസ്സമായിട്ടുണ്ടായിരുന്നു. യരീഹോക്കോട്ട അവരുടെ മുമ്പിൽ വലിയ തടസ്സമായി. ഈ കോട്ട പിടിക്കുവാൻ അവർ മുന്നോട്ടുനീങ്ങി.

ദൈവം അത്ഭുതകരമായി അവരെ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. തന്റെ ജനത്തെ നടത്തുന്ന ദൈവം, തന്റെ ജനത്തെ തന്റെ കൈക്കീഴ് നടത്തുന്ന ദൈവം, മരുഭൂമിയിൽ അവർക്ക് ആകാശത്തുനിന്ന് മന്ന പൊഴിച്ചുകൊടുത്ത ദൈവം, സ്വർഗ്ഗത്തിൽ നിന്ന് ആഹാരം കൊടുത്ത ദൈവം, എന്തെല്ലാം അത്ഭുതങ്ങളാണ് ചെയ്തത്. കൂടാതെ മരുഭൂമിയിലെ വലിയ പാറയിൽ നിന്നും വെള്ളം പുറപ്പെടുവിച്ചു, പാറയിൽ നിന്ന് വലിയ നീരൊഴുക്ക് മരുഭൂമിയിൽ ഉളവായി. അങ്ങനെ ജനത്തിന് വെള്ളവും ആഹാരവും കൊടുത്ത് നടത്തിക്കൊണ്ടിരുന്നു.

ജീവനുള്ള ദൈവം നടത്തുന്ന ജനത്തിന് ഒന്നിനും മുട്ടുണ്ടാകയില്ല. ജീവനുള്ള ദൈവം പരിപാലിക്കുന്ന ജനത്തിന് അത്ഭുതകരമായ അനുഭവങ്ങൾ നൽകും. ഒന്നിനും കുറവില്ലാതെ ഒന്നിനും പഞ്ഞമില്ലാതെ, അവരെ നടത്തുന്നത് നമുക്ക്

കാണുവാൻ സാധിക്കും

ദൈവം നടത്തുന്ന ഒരു ജനമായിരിക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ എന്ന് ഇത്തരുണത്തിൽ ചിന്തിക്കുന്നത് നല്ല തായിരിക്കും.

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കൈപിടിച്ച് ദൈവവഴിയിലൂടെ നടക്കുന്ന അനുഗ്രഹീതരും. ധന്യരുമായൊരു ജനമാകാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ?

എങ്കിൽ ഇപ്പോൾത്തന്നെ ദൈവത്തോടു പറയാം. കർത്താവേ എന്റെ ശരീരം പാപമുള്ളതാണ്. അവിടുത്തെ കൈകൾ പരിശുദ്ധമാണ്. എനിക്കുവേണ്ടി കുരിശിൽ തറഞ്ഞ കൈകൾ, എനിക്കുവേണ്ടി ആണിപ്പാടേറ്റ കൈകൾ, ഇപ്പോഴെന്റെ അഴുക്കുള്ള ഈ കൈകളിൽ ഒന്നു പിടിച്ചുകൊള്ളണമേ. ഇന്നുവരെ നാഥാ; ഞാൻ പാപം ചെയ്തവനാണ്, ഈ നിമിഷംവരെ തിന്മ ചെയ്തവനാണ്, എന്റെ കൈകൾ അരുതാത്ത പ്രവൃത്തി ചെയ്ത കൈകളാണ്. ഈ കൈകളിൽ ഒന്നു കടന്നുപിടിക്കണമേ. എന്നെ നീ നടത്തണമേ., നിന്റെ വഴിയിലൂടെ നടക്കാൻ എനിക്കൊരു മഹാഭാഗ്യം നൽകണമേ.

## രണ്ട്

"എന്നാൽ നിങ്ങൾ ശപഥം ചെയ്തിരിക്കെ ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ടു യിസ്രായേൽ പാളയത്തിനു ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന് ശപഥാർപ്പിതമായ വസ്തുവൊന്നും തൊടാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ."

യോശുവാ 6 : 18

യോശുവയുടെ നേതൃത്വത്തിൽ ജനം മുന്നോട്ട് നീങ്ങി. യരീഹോക്കോട്ട അവർ അത്ഭുതകരമായി നേടിയെടുത്തു. യരീഹോ സമതലം മുഴുവനും, വളരെ പരിഷ്ക്കാരമുണ്ടായിരുന്ന യെരീഹോ, അവർ പിടിച്ചടക്കി. കോട്ട തകർന്നു വീണതെല്ലാം ദൈവത്തിന്റെ അത്ഭുത കൃപ, മുന്നിലുള്ള തടസ്സങ്ങളെ ദൈവം മാറ്റിക്കൊടുത്തു.

ജീവിതത്തിൽ തടസ്സങ്ങൾ മുന്നിൽ വരും. വിഘ്നങ്ങൾ മുന്നിൽ വരും. മുന്നോട്ട് എങ്ങനെ പോകും എന്ന വാതിൽ അടഞ്ഞ് നിന്നുപോകും. നാളെ എങ്ങനെ ജീവിക്കുമെന്ന് അമ്പരന്നു നിന്നുപോകും.

ശരിയല്ലേ? നമ്മുടെ ജീവിതത്തിൽ അമ്പരപ്പു വരാറില്ലേ? മുന്നോട്ടുള്ള ഗതി മുട്ടിപ്പോകാറില്ലേ? പലതരത്തിൽ നമുക്ക് മുൻപോട്ടു പോകാൻ വയ്യാത്തവിധത്തിൽ പ്രതിസന്ധികൾ

ഉരുണ്ടു കൂടിയിട്ടില്ലേ? എങ്കിലും ഇതെല്ലാം മാറ്റി, കോട്ടകൾ തകർത്ത്, നമ്മെ മുന്നോട്ടു നടത്താൻ സ്വർഗ്ഗീയ രാജാധിരാജനായ, കർത്താവായ യേശു ക്രിസ്തുവിനു കഴിയും, എന്നുള്ളതാണ് ദൈവപൈതലിന്റെ വിശ്വാസത്തിന്റെ ദാർഢ്യം. സ്വർഗ്ഗത്തിലെ ദൈവം കൽപ്പിച്ചിരുന്നു, നിങ്ങൾ യരീഹോക്കോട്ട പിടിച്ചടക്കുമ്പോൾ അവിടെയുള്ള യാതൊന്നും ആരും എടുത്തുപോകരുത് എന്ന്.

കാരണം നാടു പിടിച്ചടക്കുകയാണ്, പല കൊള്ളവസ്തുക്കൾ നിങ്ങൾ കാണും. പക്ഷേ അതൊന്നും എടുക്കരുത്, അതെല്ലാം നിത്യനായ ദൈവത്തിന്റേതായി, ശപഥാർപ്പിതമായി, നിവേദ്യമായി നിങ്ങൾ മാറ്റി വെച്ചിരിക്കണം.

> "വെള്ളിയും പൊന്നും ഒക്കെയും, ചെമ്പും ഇരുമ്പുംകൊണ്ടുള്ള പാത്രങ്ങളും യഹോവക്ക് വിശുദ്ധം, അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരേണം."
> യോശുവാ 6 : 19

പക്ഷേ ആഖാൻ മനോഹരമായ ഒരു ബാബിലോണിയ മേലങ്കി, ഒരല്പം വെള്ളിക്കട്ടി, ഒരല്പം തങ്കക്കട്ടി ഇതൊക്കെ കണ്ട് മോഹിച്ച് എടുത്തു, മറവുചെയ്തു. ആരുമാരും അതറിഞ്ഞില്ല. പക്ഷേ ദൈവം തമ്പുരാൻ അത് കണ്ടു.

> "എന്നാൽ യിസ്രായേൽ മക്കൾ ശപഥാർപ്പിത വസ്തു സംബന്ധിച്ച് ഒരു അകൃത്യം ചെയ്തു; യെഹൂദാഗോത്രത്തിൽ സേരഹിന്റെ മകനായ സബ്ദിയുടെ മകനായ കർമ്മിയുടെ മകൻ ആഖാൻ ശപഥാർപ്പിത വസ്തുവിൽ ചിലത് എടുത്തു."
> യോശുവ 7:1

മോഷണം ആരേയും കാണിക്കാതേയും, അറിയിക്കാതേയും ഗോപ്യമായി ചെയ്യാൻ കഴിഞ്ഞു എന്നു വന്നേക്കാം. തല്ക്കാലം മനുഷ്യരാരും അറിയുകയില്ല. അഴിമതി നിരോധന വകുപ്പോ, പോലീസോ കണ്ടില്ല എന്നു വന്നേക്കാം. കുറ്റവാളിയെ

പിടികൂടിയില്ല എന്നു വന്നേക്കാം. പക്ഷേ ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല.

മകനെ, നിന്റെ ജീവിതത്തിലേക്ക് നീ ഒന്ന് തിരിഞ്ഞു നോക്കൂ. ദൈവത്തെ മറയ്ക്കാമെന്ന് കരുതരുത്. സ്വർഗ്ഗത്തിലെ നിത്യനായ ദൈവത്തെ ഒളിക്കാൻ സാധ്യമല്ല.

> ''യഹോവേ, നീ എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്ന് ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു. എന്റെ വഴികളൊക്കെയും നിനക്ക് മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടെച്ചു നിന്റെ കൈ എന്റെ മേൽ വെച്ചിരിക്കുന്നു. സങ്കീ. 139 : 1–5

> "അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു, അവനുമായിട്ടാകുന്നു, നമുക്ക് കാര്യം ഉള്ളത്." എബ്രാ. 4 : 13

> ''....നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളേയും ശോധന ചെയ്യുന്നവല്ലോ." സങ്കീ 7: 9

സ്നേഹിതാ, ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല. ദൈവം മനുഷ്യന്റെ ഹൃദയത്തെ തൂക്കി നോക്കുന്നു.

ആഖാൻ ചെയ്തത് ദൈവം കണ്ടു. യോശുവ അറിഞ്ഞില്ല; മനുഷ്യരാരും അറിഞ്ഞില്ല. യിസ്രായേൽ മൂപ്പന്മാരും അറിഞ്ഞിട്ടില്ല., യിസ്രായേൽ ജനത്തിലെ പ്രമാണിമാരാരും അറിഞ്ഞിട്ടില്ല.

അടുത്തുതന്നെ ചെറിയ ഒരു കോട്ടയുണ്ട്. ഹായിക്കോട്ട

എന്നാണ് അതിന്റെ പേര്. ആ കോട്ട പിടിക്കാൻ ദൈവജനം മുന്നോട്ടുപോയി. പക്ഷേ ആ കോട്ടയെ ജയിക്കാൻ കഴിഞ്ഞില്ല, എന്നു മാത്രമല്ല, അവരിൽ കുറെ പേരെ ശത്രുക്കൾ കൊന്നൊടുക്കി.

അവർ പിന്തിരിഞ്ഞ് ഓടേണ്ടി വന്നു. അപ്പോഴാണ് ചിന്തിച്ചത് പരാജയത്തിന് എന്താ കാര്യം? ദൈവം സഹായിച്ചപ്പോഴെല്ലാം വിജയം കിട്ടിയിരുന്നു. ഇപ്പോൾ ഈ പരാജയം വന്നതെന്തുകൊണ്ടാണ്? ചിന്തിക്കാൻ തുടങ്ങി.

യോശുവാ, അന്ന് ഉപവസിച്ചു, ഒന്നും കഴിക്കുന്നില്ല. ഭക്ഷണം വേണ്ട, പ്രാർത്ഥനതന്നെ വീണു കിടന്നു കരയുകയാണ്. യിസ്രായേൽ മൂപ്പൻമാരും, യിസ്രായേൽ ജനത്തിലെ പ്രമാണിമാരും ഉപവാസത്തോടെ പ്രാർത്ഥിക്കുകയാണ്. കർത്താവേ, നീ ഞങ്ങളെ കൈവിട്ടതെന്ത് എന്നു പറഞ്ഞു പ്രാർത്ഥിക്കുകയാണ്, വൈകുന്നേരം വരെ ദൈവസന്നിധിയിൽ ഇരുന്നു കരയുകയാണ്, വൈകുന്നേരമായപ്പോൾ ദൈവം തമ്പുരാൻ യോശുവയോട് അരുളിച്ചെയ്തു.

“എഴുന്നേല്ക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണുകിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു; ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു; അവർ ശപഥാർപ്പിതം എടുത്തിരിക്കുന്നു. അവർ മോഷ്ടിച്ച് മറവുചെയ്ത് തങ്ങളുടെ സാമാനങ്ങൾക്കിടയിൽ അത് വെച്ചിരിക്കുന്നു.”

ആഖാൻ ഒരാൾ പാപം ചെയ്തപ്പോൾ അതിന്റെ വിന എല്ലാവർക്കുമാണ് വന്നത്. ദൈവം തമ്പുരാൻ പറയുകയാണ്, “യിസ്രായേൽ പാപം ചെയ്തിരിക്കുന്നു.” ഒരാളെ ദൈവം . ചൂണ്ടിക്കാണിച്ചില്ല. ഒരു വീട്ടിൽ ഒരാൾക്ക് തെറ്റുപറ്റുമ്പോൾ അതിന്റെ ദോഷം ആ വീട്ടിൽ എല്ലാവർക്കുമാണ് വരുന്നത്.

ഒരു ഫെല്ലോഷിപ്പിൽ ഒരാൾക്ക് കേടു പറ്റുമ്പോൾ അതിന്റെ യാതനകളും, അതിന്റെ ഐശ്വര്യക്കുറവും ആ ഫെല്ലോഷിപ്പിലെ

എല്ലാവർക്കുമാണ് വരുന്നത്.

ഒരു സ്ഥാപനത്തിൽ ഒരാൾക്ക് കേടുപറ്റുമ്പോൾ, തെറ്റുപറ്റുമ്പോൾ, അതിന്റെ കെടുതിയും ദോഷവും, നഷ്ടവും കഷ്ടവും എല്ലാവർക്കുമാണ് വരുന്നത്.

യിസ്രായേൽ പാപം ചെയ്തിരിക്കുന്നു ഞാൻ അവരോട് കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശപഥാർപ്പിതം - എനിക്ക് നിവേദ്യമായിരിക്കേണ്ടത് - അവർ സ്വന്തമായി എടുത്തിരിക്കുന്നു. അവർ മോഷ്ടിച്ചു മറവു ചെയ്തു തങ്ങളുടെ വസ്തുവകകളുടെ ഇടയിൽ ഒളിച്ചു വെച്ചിരിക്കുന്നു.

യിസ്രായേൽ മക്കൾ ശാപഗ്രസ്തരായിത്തീർന്നതു കൊണ്ട് ശത്രുക്കളുടെ മുമ്പിൽ നിൽപ്പാൻ കഴിയാതെ ശത്രുക്കൾക്ക് പുറംകാട്ടി നില്ക്കേണ്ടി വന്നു. തിരിഞ്ഞോടേണ്ടി വന്നു.

ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കാതിരുന്നാൽ ഒരിക്കലും നിങ്ങൾക്ക് അനുഗ്രഹം ലഭിക്കുകയില്ല. ദൈവം നിങ്ങളോടുകൂടെ ഇരിക്കുകയില്ല. ദൈവം വ്യക്തമായി പറയുകയാണ് : നീ ജനത്തോട് പറയുക, നിങ്ങളുടെ തെറ്റെന്താണെന്നു കണ്ടു പിടിച്ച്, അനുതപിച്ച് തെറ്റ് തിരുത്തുവിൻ.

അനേകം കുടുംബങ്ങളിൽ ശാപ ദോഷമുണ്ട്. അനേകം വ്യക്തികളുടെ മേൽ ശാപം നിൽക്കുന്നുണ്ട്. വെറുതെയല്ല കെടുതികൾ വരുന്നത്, വെറുതെയല്ല ഒന്നിനുമീതെ ഒന്നായി ആപത്തുകൾ ജീവിതത്തിലേക്ക് ഇരച്ചു കയറി വരുന്നത്. വെറുതെയല്ല മകളെ, നിനക്ക് ചില കെടുതികൾ ഇന്നു വന്നു കൊണ്ടിരിക്കുന്നത്. മകനെ, നിന്റെ കുടുംബത്തിൽ അസ്വസ്ഥത നിറഞ്ഞു നിൽക്കുന്നത് യാദൃശ്ചികമല്ല, ശാപം നിന്റെ കുടുംബത്തിന്മേലുണ്ട്, പൂർവ്വീകന്മാരുടെ കാലത്ത് ഏതെങ്കിലും വേണ്ടാതീനം കാണിച്ചിട്ടുണ്ടാകും, സാധുവായ മനുഷ്യനെ അന്ന്, കൊല്ലുംകൊലയും ഉള്ളകാലങ്ങളിൽ, നശിപ്പിച്ചി

ട്ടുണ്ടാകും, അവന്റെ ഭാര്യയെ നശിപ്പിച്ചിട്ടുണ്ടാകും, കെടുതികൾ വരുത്തിയിട്ടുണ്ടാകും. അന്യന്റേത് അപഹരിച്ച് സമ്പാദിച്ചതായിരിക്കാം, ഇന്ന് ഈ തലമുറ അനുഭവിക്കുന്നത്.

ദൈവപൈതലേ, നീ മനസ്സിലാക്കൂ, അതിന്റെ ശാപം ഈ തലമുറകളുടെ മേൽ നിൽക്കുകയാണ് അപ്പൻ തെറ്റു ചെയ്തതിനു മക്കൾ ശിക്ഷ അനുഭവിക്കുമെന്ന്. എന്താണു അതിന് തെളിവ്? നമുക്ക് വായിക്കാം :

"...എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും, നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കുകയും ചെയ്യുന്നു." പുറപ്പാട് 20 : 5-6

"ആയിരം ആയിരത്തിന് ദയ പാലിക്കുന്നവൻ; അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ, കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെമേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ." പുറപ്പാട്. 34 : 7

"യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ; അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ; കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ." സംഖ്യാ 14 : 17

"....എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക്

> ആയിരം തലമുറവരെ ദയ കാണിക്കുകയും ചെയ്യുന്നു." ആവർത്തന 5 : 9

തിരുവചനത്തിൽ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നു. വള്ളിയും പുള്ളിയും മാറുകയില്ല. പിതാക്കന്മാർ ചെയ്ത അകൃത്യത്തിന് ഭാവി തലമുറയിൽ മക്കൾ ഫലം അനുഭവിക്കേണ്ടിവരുമെന്നാണ് നാം വേദപുസ്തകത്തിൽ വായിക്കുന്നത്. വീണ്ടും നമുക്ക് വായിക്കാം:

> "നീ ആയിരം തലമുറയോളം ദയ കാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിനു അവരുടെ ശേഷം, അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുകയും ചെയ്യുന്നു." യിരെമ്യാവ് 32 : 18

പിതാക്കന്മാരുടെ അകൃത്യത്തിന് അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുന്നു. നാം ഭയപ്പെടേണ്ടതല്ലയോ?

ആഖാൻ പിടിക്കപ്പെട്ടു. അതിനുമുൻപു തന്നെ ആഖാന് വേണമെങ്കിൽ ഒന്നു ചെയ്യാമായിരുന്നു. യിസ്രായേൽക്കാർ ഹായിക്കോട്ടയുടെ മുൻപിൽ തോറ്റപ്പോൾ, യോശുവായും, മൂപ്പന്മാരും ഉപവാസവും പ്രാർത്ഥനയുമായിട്ട് കമിഴ്ന്നു വീണു കരഞ്ഞപ്പോൾ, ആഖാന് ഓടിവരാമായിരുന്നു. ആഖാന് യോശുവായോട് പറയാമായിരുന്നു :

യജമാനനേ, എനിക്കൊരബദ്ധം പറ്റി, ഞാൻ കല്പന ലംഘിച്ചു, ഞാനൊരു ബാബിലോണിയ മേലങ്കിയും, ഒരു പൊൻ കട്ടിയും, കുറച്ചു വെള്ളിയും മോഷ്ടിച്ചു മറവുചെയ്തിട്ടുണ്ട്. എനിക്ക് അബദ്ധം പറ്റിപ്പോയി. ഞാൻ മൂലമാണ് ഇക്കണ്ട ജനമെല്ലാം കഷ്ടപ്പെടാനിടയായത്. ഞാനൊരാൾ മൂലമാണ് യിസ്രയേൽ ജനങ്ങൾക്ക് തോൽവി വന്നത്, അനർത്ഥം നേരിട്ടത്. എനിക്കതു മനസ്സിലായി, എന്നോട് ക്ഷമിക്കണം, എനിക്കു മാപ്പുതരണം, ഞാനിതാ അകൃത്യം ഏറ്റു പറയാൻ വന്നതാണ്. മോഷ്ടിച്ച വസ്തു കൊണ്ടുവന്നിട്ടുണ്ട്. അത് സ്വീകരിക്കുമോ?

അതു ഞാൻ തന്നോട്ടെ?

ആഖാന് അപ്രകാരം ചെയ്യാമായിരുന്നു. അനർത്ഥം വരുന്നതിനു മുൻപെ തെറ്റു തിരുത്താമായിരുന്നു. പക്ഷേ അങ്ങനെ ആഖാൻ ചെയ്തില്ല. യോശുവാ ആഖാനോട് പറയുകയാണ് :

> "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവെക്കു മഹത്വം കൊടുത്ത് അവനോട് ഏറ്റുപറക; നീ എന്തുചെയ്തു എന്നു പറക; എന്നോട് മറച്ചുവെക്കരുത്." യോശുവാ 7 : 19

ആഖാന് പിന്നെ വെറെ പോംവഴി ഇല്ല. ആഖാൻ പിടിക്കപ്പെട്ടു കഴിഞ്ഞു. അപ്പോൾ ആഖാൻ യോശുവയോടു പറയുകയാണ്:

> "ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോടു പിഴച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം." യോശുവാ 7 : 20

ആഖാൻ അവസാനം എല്ലാം ഏറ്റുപറഞ്ഞു. പക്ഷേ പറയേണ്ടപ്പോൾ പറഞ്ഞില്ല. ഈ ശരീരത്തിൽ ഇരിക്കു ബോൾത്തന്നെ നമ്മുടെ തെറ്റുകൾ നാം തിരുത്തിക്കൊൾക. നാളെ ഈ ശരീരത്തിൽ നിന്ന് നീ മാറിക്കഴിഞ്ഞതിനു ശേഷം നമുക്ക് മോചനമില്ല. അതിനെപ്പറ്റി ബൈബിൾ എന്തുപറയുന്നു എന്ന് നോക്കാം.

> " അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ വെളിപ്പെടേണ്ടതാകുന്നു." 2 കോരി 5 : 10

ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിന്റെ ശിക്ഷ നാം ഏൽക്കേണ്ടിവരും. ശരീരത്തിൽ ഇരിക്കുമ്പോൾത്തന്നെ പാപമോചനം പ്രാപിച്ചുകൊള്ളണം. ശരീരത്തിൽ ഇരിക്കുമ്പോൾ

ത്തന്നെ തെറ്റുകൾ തിരുത്തിക്കൊളളണം. അല്ലെങ്കിൽ തീരാ നഷ്ടമാണ്. നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പിൽ വെളിപ്പെടേണ്ടതാകുന്നു.

ഒരു ന്യായാസനമുണ്ട്. ക്രിസ്തു ന്യായാധിപതിയായി എഴുന്നളളിവരും. അന്ന് ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിനു തക്കവണ്ണം പ്രാപിക്കുവാൻ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. ഇതറിയാമെന്നുളളതുകൊണ്ട് പിതാക്കന്മാർ ഇങ്ങനെ പാടി :

"നീതിയിൽ വിധിചെയ്യും,
ന്യായാധിപതേ നീ-
ഏറ്റരുതേ വിധിയിൽ,
കടമോർത്തീടരുതേ.
ബലഹീനത നീക്കി,
തുണചെയ്യുക നാഥാ-
രാപ്പകലടിയങ്ങൾ,
ക്കാശ്രയമങ്ങല്ലോ."

ഒരു ന്യായവിധിയുണ്ട്. ന്യായാധിപതിയുടെ മുൻപാകെ പിടിക്കപ്പെടുന്നതിനു മുൻപ്, മരണത്തിന്റെ തണുത്ത കൈകൾ നിന്നെ പിടികൂടുന്നതിനു മുൻപ്, ശരീരത്തിൽ ഇരിക്കുമ്പോൾ ത്തന്നെ നീ അനുതപിച്ചുകൊൾക; ശരീരത്തിൽ ഇരിക്കുമ്പോൾ ത്തന്നെ നീ മാനസാന്തരപ്പെട്ടു കൊൾക, ശരീരത്തിൽ ഇരിക്കുമ്പോൾ ത്തന്നെ നിന്റെ തെറ്റുകൾ തിരുത്തിക്കൊൾക, പിന്നീട് തിരുത്താൻ അവസരം കിട്ടുകയില്ല.

അതറിഞ്ഞ പിതാക്കന്മാർ വീണ്ടും പാടി :

"ന്യായാധിപ ന്യായാധിപതേ അങ്ങേക്കരിശം,
ചേർത്ത കടത്താൽ എൻ തലതാഴ്ത്തരുതേ വിധിഗേഹേ-
മോചന യോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും-
നിൻ തിരുമെയ്യും രക്തവു മോർത്തെന്മേൽ കൃപ ചെയ്ക,

നിൻ സ്നേഹാൽ സ്ലീബാ ഞാൻ കൂപ്പി-
പിഴപോക്കീ നിൻ മെയ് രുധിരങ്ങൾ,
ഹിതമൊടുകരുണാമയനീശോ-
മമനൽകുക മുക്തി."

തക്കസമയത്ത് ആഖാന് അനുതപിക്കാൻ കഴിഞ്ഞില്ല, അവന് അങ്ങനെ തോന്നിയുമില്ല. കഷ്ടമായിപ്പോയി. അവനെ, അവനുള്ള സകലവുമായി, ആഖോർ താഴ്വരയിൽ കൊണ്ടുപോയി.

> "നീ ഞങ്ങളെ വലച്ചത് എന്തിന്? യഹോവ ഇന്നു നിന്നെ വലയ്ക്കും എന്നു യോശുവ പറഞ്ഞു. പിന്നെ യിസ്രായേലെല്ലാം അവനെ കല്ലെറിഞ്ഞു, അവരെ തീയിൽ ഇട്ടു ചുട്ടുകളകയും കല്ലെറികയും ചെയ്തു.
> യോശുവ 7 : 25

യിസ്രായേൽ എല്ലാവരും ചേർന്ന് ആഖാനെ കല്ലെറിഞ്ഞു. അവന്റെ മേൽ ഒരു വലിയ കല്ക്കുന്ന് കൂട്ടി.

ഒന്ന് : ആഖോർ താഴ്വരയിൽ ആഖാന്റെമേൽ ഉയർന്ന കഠോരശിക്ഷയുടെ കൽക്കൂമ്പാരം.
യോശുവാ 7: 29.

രണ്ട് : ഹായി രാജാവിന്റെ മേൽ വന്ന കൽക്കൂമ്പാരം.
യോശുവാ 8:29

ഹായിപ്പട്ടണം പിടിക്കാൻ പോയ ദൈവജനത്തിന്റെ മുന്നേറ്റത്തെ എതിർത്ത ഹായി രാജാവിനെ ശിക്ഷിച്ചു അവന്റെ മേൽ കൽക്കൂമ്പാരം കൂട്ടി.

മൂന്ന് : അബ്ശാലോം രാജകുമാരന്റെ മേൽ വന്ന കൽക്കൂമ്പാരം.

ദാവീദ് ചെരിപ്പുകൾ പോലും എടുക്കാൻ സാധിക്കാതെ അതിവേഗം കൊട്ടാരം വിട്ടിറങ്ങി ഓടുകയാണ്. അന്തഃപ്പുരങ്ങളെയെല്ലാം വിട്ട് ഓടുകയാണ്. സൈന്യത്തിൽ

കുറച്ചുപേർ കൂടെയുണ്ട്. അതിനേക്കാൾ വലിയ ഒരു സൈന്യത്തെ അബ്ശാലേം കുമാരൻ സംഘടിപ്പിച്ചിരിക്കുന്നു. അപ്പനെതിരായി യുദ്ധം ചെയ്വാൻ മകൻ ഒരു സൈന്യത്തെ ഒരുക്കിയിരിക്കുന്നു.

അപ്പനും അമ്മക്കും എതിരായി ഒന്നു മുഖം ചുളിക്കാൻ ഇടവരാതിരുന്നാൽ നല്ലതാണ്. നിന്റെ പ്രിയപ്പെട്ട മാതാപിതാക്കളെ വേദനിപ്പിക്കാതിരിക്കുന്നത് നല്ലതാണ്. നിന്റെ പ്രായമായ അമ്മയുടെ ഉള്ളുനോവാൻ ഇടവരുത്താതിരുന്നാൽ നല്ലതാണ്. നിന്റെ അപ്പൻ പ്രായമായി, നിന്നെപ്പോലെ വിദ്യാഭ്യാസമില്ല, എന്ന് കരുതി നിന്റെ അപ്പനെ നീ വേദനിപ്പിക്കാതിരുന്നാൽ നല്ലതാണ്. അപ്പനു ചിലപ്പോൾ പ്രായം കൊണ്ട് കുറച്ച് ഓർമ്മക്കുറവോ, വിവരക്കേടോ, കുറച്ചു ദേഷ്യമോ ഉണ്ടെന്നിരിക്കട്ടെ; കുറച്ചു അവിവേകമായി എന്തെങ്കിലും പറഞ്ഞു എന്നിരിക്കട്ടെ; കുടുംബത്തിന്റെ അന്തസ്സിനു ചേരാത്ത വിധത്തിൽ, ഓർമ്മ കുറഞ്ഞു, ചീത്തവാക്ക് വല്ലതും പറഞ്ഞു എന്നിരിക്കട്ടെ; മകനേ, സാരമില്ല.

കർത്താവായ യേശു ക്രിസ്തു സ്നേഹത്തോടെ കരം പിടിച്ച് നടത്തുന്ന കർത്താവിന്റെ മക്കളെ ഉപദ്രവിക്കാൻ ഇടവരാതിരിക്കുന്നതാണ് നല്ലത്. ദൈവജനത്തെ തടുത്ത് എന്തിന് നാം ശിക്ഷ ഏറ്റു വാങ്ങണം? ദൈവജനത്തെ എതിർത്ത് നാമെന്തിന് ശാപം ഏറ്റു വാങ്ങണം?

സ്വർഗ്ഗത്തിലെ ദൈവം ദൈവജനത്തിന്റെ മുന്നേറ്റത്തെ തടുത്ത ഹായി രാജാവിന്റെ മേൽ പിന്നീട് കനത്തശിക്ഷ വരുത്തി.

## മൂന്ന്

"ദാവീദ് തലമൂടിയും ചെരിപ്പിടാതെയും നടന്നു, കരഞ്ഞും കൊണ്ട് ഒലിവു മലയുടെ കയറ്റം കയറി; കൂടെയുള്ള ജനമൊക്കെയും തലമൂടികരഞ്ഞും കൊണ്ട് കയറിചെന്നു." 2 ശമൂവേൽ 15 : 30

പഴയനിയമത്തിലെ ധൂർത്ത പുത്രനാണ് അബ്ശാലേം കുമാരൻ. അപ്പനെ വലച്ച മകൻ, അപ്പനെ എതിർത്ത മകൻ, അപ്പനെ ചോദ്യം ചെയ്തമകൻ, അപ്പനെതിരായി കൂട്ടുകെട്ടുണ്ടാക്കിയ മകൻ, അപ്പനെതിരായി ഉപജാപങ്ങൾ സംഘടിപ്പിച്ച മകൻ, അപ്പനെതിരായി ഗൂഢാലോചനകൾ നടത്തിയ മകൻ. ഈ മകൻ മൂലം അപ്പൻ വീടുവിട്ടു ഓടേണ്ടി വന്നു. അയ്യോ കഷ്ടം! മോനെ പേടിച്ച് അപ്പനു വീടുവിട്ട് ഓടേണ്ടിവരിക!

അപ്പൻ കോപിച്ച് നിന്നെ വിഷമിപ്പിച്ചു എന്നിരിക്കട്ടെ., എന്നാലും മകനെ, നിന്റെ അപ്പന്റെ ഹൃദയം നീ നോവിപ്പിക്കരുത്.

അബ്ശാലോം കുമാരൻ എന്തുചെയ്തു? അപ്പനെ വീട്ടിൽ നിന്നും ഓടിച്ചു.

"അനന്തരം ഒരു ദൂതൻ ദാവീദിന്റെ അടുക്കൽ വന്നു: യിസ്രായേല്യരുടെ ഹൃദയം അബ്ശാലോമിനോട് യോജിച്ചു പോയി എന്നറിയിച്ചു. അപ്പോൾ ദാവീദ് യെരുശലേമിൽ തന്നോടു കൂടെയുള്ള സകല

> ഭൃത്യന്മാരോടും: നാം എഴുന്നേറ്റു ഓടിപ്പോക; അല്ലെങ്കിൽ നമ്മിൽ ആരും അബ്ശാലോമിന്റെ കയ്യിൽ നിന്ന് തെറ്റിപ്പോകയില്ല; അവൻ പെട്ടെന്നു വന്നു നമ്മെ പിടിച്ചു നമുക്ക് അനർത്ഥം വരുത്തുകയും, പട്ടണത്തെ വാളിന്റെ വായ്ത്തലയാൽ നശിപ്പിക്കയും ചെയ്യാതിരിക്കേണ്ടതിന്നു ക്ഷണത്തിൽ പുറപ്പെടുവിൻ എന്നു പറഞ്ഞു." 2 ശമു. 15 : 13-14

ദാവീദ് ക്ഷണത്തിൽ ഓടിയപ്പോൾ ചെരിപ്പിടാൻ പോലും മറന്നുപോയി. പാവം, ദാവീദ് കുന്നു കയറിപ്പോകുകയാണ്. സ്വന്തം മകനെ പേടിച്ച് ദാവീദ് തലമൂടിയും ചെരിപ്പിടാതെയും നടന്നു കരഞ്ഞും കൊണ്ട് ഒലിവു മലയുടെ കയറ്റം കയറിപ്പോകുകയാണ്.

ഇന്നലെ കൊട്ടാരത്തിൽ കിടന്നുറങ്ങിയവൻ, ഇന്ന് ഉറക്കമില്ലാതെ പേടിച്ച് അരണ്ട്, മകനോ മകന്റെ സൈന്യമോ വന്നു കൊല്ലുമോ എന്നു പേടിച്ച് കുന്നിന്റെ അപ്പുറത്തേക്ക് പോകുകയാണ്.

ദാവീദിനെ കൊല്ലുവാനായി അവനെ പിന്തുടർന്നു പിടിക്കേണ്ടുന്നതിന് അബ്ശാലോം പരിപാടി തയ്യാറാക്കുകയാണ്.

> "ക്ഷീണിച്ചും അധൈര്യപ്പെട്ടും ഇരിക്കുന്ന അവനെ ഞാൻ ആക്രമിച്ചു ഭ്രമിപ്പിക്കും; അപ്പോൾ അവനോടു കൂടെയുള്ള ജനമൊക്കെയും ഓടിപ്പോകും; ഞാൻ രാജാവിനെ മാത്രം വെട്ടിക്കളയും." 2 ശമു 17 : 2

പക്ഷേ ദാവീദിന്റെ ജനം യുദ്ധത്തിനു പുറപ്പെട്ടപ്പോൾ, തന്നെ കൊല്ലുവാൻ പുറപ്പെട്ട മകനോട്, അബ്ശാലോമിനോട്, അപ്പന്റെ സ്നേഹം അതിരുകവിഞ്ഞൊഴുകി, ദാവീദ് പറയുകയാണ് :

> "അബ്ശാലോം കുമാരനോട് എന്നെ ഓർത്തു കനിവോടെ പെരുമാറുവിൻ എന്നു രാജാവ്

യോവാബിനോടും അബീശായിയോടും. ഇത്ഥായി യോടും കല്പിച്ചു. രാജാവ് അധിപതിമാരോ ടൊക്കെയും അബ്ശാലോമിനെക്കുറിച്ച് കല്പിക്കു മ്പോൾ ജനമെല്ലാം കേട്ടു."

2 ശമു. 18 : 5

ദാവീദ് പ്രത്യേകം തന്റെ ഭൃത്യന്മാരോട് പറഞ്ഞു. എന്റെ മകനായ അബ്ശാലോമിന് കേട് വരുത്തരുത് കെട്ടോ, അവന് ഒരു ദോഷവും വരുത്തരുത്. ഒരു അപ്പന്റെ സ്നേഹം! മക്കൾ എത്രയേറെ ഉപദ്രവിച്ചാലും മക്കളെ സ്നേഹിക്കുന്ന അപ്പന്റെ സ്നേഹം! മക്കൾക്ക് അപ്പനെ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലും അപ്പന്റെയും അമ്മയുടെയും സ്നേഹം, അത് തളരാത്ത സ്നേഹമാണ്.

അപ്പൻ നിങ്ങളെ ഒന്നു ശകാരിച്ചു, അപ്പൻ നിങ്ങളെ ഒന്നു വഴക്കു പറഞ്ഞു, പഠിക്കുന്നില്ല, വായിക്കുന്നില്ല, അമ്മ നിങ്ങളെ ശകാരിച്ചു. നിങ്ങളോട് സ്വാതന്ത്ര്യം ഉള്ളതുകൊണ്ടല്ലേ ശകാരിക്കുന്നത്. നിങ്ങളെക്കുറിച്ച് ഒരു കരുതൽ ഉള്ളതു കൊണ്ടല്ലേ വഴക്കു പറയുന്നത്? നിങ്ങൾ നന്നായി വരണം എന്ന ആഗ്രഹമല്ലാതെ വേറെ എന്തെങ്കിലും നിന്റെ അപ്പനോ അമ്മയ്ക്കോ ഉണ്ടോ?

ദാവീദ്, തന്നെ കൊല്ലുവാൻ വരുന്ന മകൻ അബ്ശാലോമിന് കേട് വരുത്തരുത് എന്നാണ് തന്റെ സേനാ നായകനോട് പറഞ്ഞത്.

വളരെ വൈകൃതമാണ്ട ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഒട്ടും നടന്നതല്ല. പക്ഷേ അതിനകത്ത് ഒരു വലിയ തത്വമുണ്ട്.

ഒരു ചെറുപ്പക്കാരൻ ഒരു പെൺകുട്ടിയെ സ്നേഹിച്ചു. അവളെ അവനു ജീവനായി. അവളെ വിവാഹം കഴിക്കുന്നകാര്യത്തിൽ അവന്റെ അമ്മക്ക് ഇഷ്ടമല്ല. അവൾ വളരെ മോശമായ സ്വഭാവമുള്ള ഒരു പെൺകുട്ടിയാണ്, അവളെ വിവാഹം കഴിക്കരുത് എന്ന് അമ്മ മകനോടു പറഞ്ഞു.

മോന് അവളെ വിവാഹം കഴിക്കണം എന്ന് നിർബന്ധം. അവൾക്ക് ഈ ചെറുപ്പക്കാരനേയും വേണം. അപ്പോൾ അവൾക്ക് മനസ്സിലായി, ഈ അമ്മ ജീവിച്ചിരിക്കുന്നിടത്തോളം കാലം സന്തോഷമായും, സുഖമായും ഈ ചെറുപ്പക്കാരനോടൊപ്പം ജീവിക്കാൻ പറ്റുകയില്ല എന്ന്.

അവൾ ആ ചെറുപ്പക്കാരനോടു പറഞ്ഞു, ഞാൻ നിങ്ങളെ കല്ല്യാണം കഴിക്കുകയില്ല, നമുക്കീ ബന്ധം വേണ്ട, ഞാൻ മാറുകയാണ്.

ചെറുപ്പക്കാരൻ പ്രതിസന്ധിയിലായി, അവളോടു പറഞ്ഞു; അയ്യയ്യോ, ഇതെന്താണ് ഈ പറയുന്നത്? എനിക്ക് നിന്നെ വലിയ കാര്യമാണല്ലോ, നിന്നെ വലിയ സ്നേഹമാണല്ലോ.

ഉടനെ അവൾ പറഞ്ഞു, ഞാൻ വേണമെങ്കിൽ ഒരൊറ്റ വ്യവസ്ഥയിൽ നിങ്ങളെ വിവാഹം കഴിക്കാം.

ചെറുപ്പക്കാരന് വളരെ സന്തോഷമായി; എന്താണ് വ്യവസ്ഥ എന്ന് തിരക്കി.

അപ്പോൾ അവൾ പറയുകയാണ്, നിങ്ങളുടെ അമ്മയെ കൊന്ന് ആ ചങ്കു കൊണ്ടു വന്നു എന്നെ കാണിച്ചാൽ ഞാൻ വിവാഹത്തിനു സമ്മതിക്കാം.

വിശ്വസിക്കാൻ പ്രയാസംതോന്നുമല്ലേ, കഥയല്ലേ, ഏതായാലും ആ ചെറുപ്പക്കാരൻ ഈ പെൺകുട്ടിയോടുള്ള പ്രേമാധിക്യംകൊണ്ട് അമ്മയെ കൊന്നു. അമ്മയുടെ ചങ്കെടുത്ത് ധൃതിപിടിച്ച് അവളുടെ അടുക്കലേയ്ക്ക് പോകുകയാണ്. അവൻ ധൃതഗതിയിൽ പോയപ്പോൾ കാല് തട്ടിവിണു; ഒരു ചെറിയ വീഴ്ച. വീഴ്ചയിൽ അവന്റെ കയ്യിൽ നിന്ന് അമ്മയുടെ ചങ്ക് താഴെപോയി. ഉടനെ ഒരു ശബ്ദം.

"മോനേ, വീഴ്ചയിൽ വല്ലതും പറ്റിയോ?" ഈ ചങ്കാണ് ചോദിക്കുന്നത്. അമ്മയുടെ ഹൃദയമാണ് ചോദിക്കുന്നത്. ഇതൊരു കഥയാണെങ്കിലും വലിയ ഒരു സത്യമുണ്ട്. ഒരമ്മയ്ക്ക്,

ഒരപ്പന് മക്കളെ വെറുക്കാൻ സാധ്യമല്ല. നിങ്ങൾ ഒന്ന് ചിന്തിക്കൂ, നിങ്ങളുടെ ഹൃദയത്തിലെ ചിന്താഗതികൾ മാറ്റാൻ ഈ കഥ ഉതകുമെങ്കിൽ ഭാഗ്യം എന്നു ഞാൻ കരുതട്ടെ.

അബ്ശാലോം കുമാരൻ ഒരു കോവർകഴുത മേൽ കയറി ഓടിച്ചു പോകുകയായിരുന്നു. കഴുത വളരെ വേഗം ഓടുകയാണ്. സുന്ദരനായ, കോമളനായ അബ്ശാലേം കഴുതപ്പുറത്തിരിക്കുകയാണ്.

അവന്റെ നീണ്ട തലമുടി പാറിപ്പറക്കുകയാണ്. കാട്ടിലൂടെ കഴുത ഓടിയപ്പോൾ ഒരു കരുവേലകത്തിന്റെ കൊമ്പിൽ തലമുടി കുരുങ്ങിയതുകൊണ്ട് അബ്ശാലോം തൂങ്ങി നിന്നു. കഴുത ഓടിപ്പോയി, രക്ഷപ്പെടാൻ വയ്യ. ധാരാളം തലമുടിയുണ്ട്. തലമുടി കുരുങ്ങി, ആകാശത്തിനും ഭൂമിക്കും മദ്ധ്യത്തിൽ അബ്ശാലോം തൂങ്ങിക്കിടക്കുകയാണ്. അപ്പോൾ എന്താണ് സംഭവിച്ചത്?

> "യോവാബിന്റെ ആയുധവാഹകന്മാരായ പത്തു ബാല്യക്കാർ വളഞ്ഞുനിന്നു, അബ്ശാലോമിനെ അടിച്ചു കൊന്നു." 2 ശമു 18 : 15

എതിരാളികൾ വരുന്നത് അബ്ശാലോം കാണുന്നുണ്ട്. അബ്ശാലോമിന്റെ കയ്യിൽ ആയുധമുണ്ട്. പക്ഷെ എടുക്കാൻ കഴിയുന്നില്ല. തൂങ്ങിക്കിടക്കുകയാണ്. രക്ഷപ്പെടാൻ കഴിയുന്നില്ല.

> "അബ്ശാലോമിനെ അവർ എടുത്തു വനത്തിൽ ഒരു വലിയ കുഴിയിൽ ഇട്ടു; അവന്റെ മേൽ ഏറ്റവും വലിയോരു കൽക്കൂമ്പാരം കൂട്ടി." 2 ശമു 18.17

അബ്ശാലോം കുമാരന്റെ മേൽ വന്ന കൽക്കൂമ്പാരം!

## നാല്

"ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നേ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു.... നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ല് എറിയട്ടെ എന്ന് അവരോട് പറഞ്ഞു." യോഹ. 8 : 4-7

ഒന്ന് : ആഖാന്റെ മേൽ വന്ന കൽക്കൂമ്പാരം.

രണ്ട് : ഹായി രാജാവിന്റെ മേൽ വന്ന കൽക്കൂമ്പാരം.

മൂന്ന് : അബ്ശാലോം കുമാരന്റെ മേൽ വന്ന കൽക്കൂമ്പാരം.

നാല് : മഗ്ദലന മറിയയുടെ മേൽ വരാമായിരുന്ന കൽക്കൂമ്പാരം.

അവിടെ കൽക്കൂമ്പാരം കാണുന്നില്ല. കൽക്കൂമ്പാരം ഉണ്ടാകുമായിരുന്നു. ഒരു സ്ത്രീയെ വ്യഭിചാര കർമ്മത്തിൽ പിടിച്ചുകൊണ്ട് വരികയാണ്. യേശുവിന്റെ അരികിലേയ്ക്ക് അവളെ വലിച്ചിഴച്ചുകൊണ്ടു വന്നു. കുതറി ഓടാൻ ശ്രമിച്ചിട്ട് പറ്റുന്നില്ല. അവൾ യഹൂദന്മാരുടെ കയ്യിൽ പെട്ടുകഴിഞ്ഞു. ശിക്ഷിക്കാനും കല്ലെറിയാനും അധികാരമുള്ളവരുടെ കയ്യിൽ

കിട്ടിക്കഴിഞ്ഞു.

അവളെ കൊണ്ടു വന്നു യേശുവിന്റെ മുമ്പിൽ നിർത്തി. ഗുരോ, ഇവളെ വ്യഭിചാരകർമ്മത്തിൽ തന്നേ പിടിച്ചിരിക്കുന്നു. ഇവളെ കല്ലെറിഞ്ഞു കൊല്ലുവാൻ വ്യവസ്ഥയുണ്ട്? നിയമമുണ്ട്? ഇവളെ എന്തു ചെയ്യണമെന്നാണ് നീ പറയുന്നത്?

യേശു നിലത്തു കുനിഞ്ഞു, വിരൽ കൊണ്ട് എന്തോ പൂഴിമണ്ണിൽ എഴുതിക്കൊണ്ടിരിക്കുന്നു. ആ സ്ത്രീ ഭയപ്പാടോടെ നിൽക്കുകയാണ്, വിറച്ചു കൊണ്ട് നിൽക്കുകയാണ്.

കാരണം, ഏതാനും നിമിഷങ്ങൾക്കകം അവളുടെ ശരീരത്തിൽ വലിയ ഉരുളൻ കല്ലുകൾ വന്നു വീഴും. ശരീരം ആസകലം വിണ്ടുകീറും. അസ്ഥികൾ ഉടഞ്ഞ് തകരും, കണ്ണ് കുത്തിപ്പൊട്ടിച്ചതുപോലെ ചിതറിത്തെറിക്കും. അവൾ വലഞ്ഞു നിൽക്കുകയാണ്, ഭയചകിതയായി നിൽക്കുകയാണ്, സംഭ്രാന്തി പൂണ്ടു നിൽക്കുകയാണ്.

അപ്പോഴാണ് യഹൂദന്മാർ യേശുവിനോട് പറയുന്നത്, ഇവളെ വ്യഭിചാരകർമ്മത്തിൽത്തന്നേ പിടിച്ചിരിക്കുന്നു. ഇവളെ കല്ലെറിഞ്ഞു കൊല്ലുവാനാണല്ലോ നിയമം പറയുന്നത്. ഇവളെ എന്തു ചെയ്യണമെന്നാണ് അങ്ങയുടെ അഭിപ്രായം.?

> "അവർ അവനോടു ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിവർന്നു : നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ല് എറിയട്ടെ എന്നു അവരോടു പറഞ്ഞു."
> യോഹ 8 : 7

യേശു പിന്നേയും കുനിഞ്ഞ് വിരൽ കൊണ്ട് നിലത്തെഴുതിക്കൊണ്ടിരുന്നു. അവർ നോക്കി; എന്താണീ യേശു എഴുതിക്കൊണ്ടിരിക്കുന്നത്?

"അയ്യോ, അതെന്റെ പാപമാണല്ലോ എഴുതുന്നത്!"

ഓരോരുത്തരുടേയും പാപം യേശു മണ്ണിൽ എഴുതി വെയ്ക്കുന്നു. നിത്യനായ ദൈവത്തെ മറയ്ക്കാൻ ആർക്കും

സാദ്ധ്യമല്ല. സ്വർഗ്ഗത്തിലെ നിത്യനായ ദൈവപുത്രൻ മനുഷ്യന്റെ ഹൃദയം കാണുന്നു, അവന്റെ രഹസ്യ ജീവിതം കാണുന്നു, അവന്റെ പാപങ്ങൾ കാണുന്നു. ആ പാപങ്ങളെ പൂഴിമണ്ണിൽ യേശു എഴുതി വെക്കുകയാണ്. അവർക്ക് വേദപുസ്തകത്തിലെ ഒരു വാക്യം ഓർമ്മ വന്നു. യഹൂദ മതമേധാവികളല്ലേ? പളളിപ്രമാണിമാരല്ലേ! അവർക്ക് ആ വാക്യം കാണാതെ അറിയാം. എതു വാക്യമാണത്?

> "യിസ്രായേലിന്റെ പ്രത്യാശയായ യഹോവേ, നിന്നെ ഉപേക്ഷിക്കുന്ന ഏവരും ലജ്ജിച്ചുപോകും, എന്നെ വിട്ടുപോകുവരെ മണ്ണിൽ എഴുതി വെക്കും."
>
> യിരെ. 17 : 13

അവർക്കു മനസ്സിലായി, അയ്യോ, പാപം കാണുന്നവന്റെ മുമ്പിലാണ് വന്നിരിക്കുന്നത്.

അവരുടെ കയ്യിൽ നിന്ന് കല്ല് താഴെ ഊർന്നു പോയി. ഓരോരുത്തർ പിൻവാങ്ങിപ്പോയി.

ഈ സ്ത്രീ അമ്പരപ്പോടെ നിൽക്കുകയാണ്, അത്ഭുതത്തോടെ നിൽക്കുകയാണ്. കല്ലേറേറ്റ് ഇപ്പോൾ ചത്തുപോകുമെന്ന് വിചാരിച്ചവളുണ്ട് ഇതാ, ആയുസ്സോടെ നിൽക്കുന്നു. അവളുടെ മുഖത്ത് വലിയ അത്ഭുതം, അവൾ യേശുവിന്റെ മുഖത്തു നിന്ന് കണ്ണുവലിക്കുന്നില്ല. അവിടെ അപ്പോൾ യേശുവുണ്ട്, ആ സ്ത്രീയുമുണ്ട്, അവളങ്ങനെ നില്ക്കുകയാണ്. യേശു അവളുടെ മുഖത്തേക്കു നോക്കി, യേശുവിന്റെ തീക്ഷ്ണമായ നോട്ടത്തിൽ അവൾ ഒന്നു ഏങ്ങലടിച്ചതുപോലെ തോന്നി. അവൾ അത്ഭുത ത്തോടെ യേശുവിനെത്തന്നെ നോക്കി നിൽക്കുകയാണ്. തന്റെ സൃഷ്ടിയുടെ മുഖത്തേക്ക് സൃഷ്ടാവ് തറഞ്ഞ് നോക്കി. യേശുവിന്റെ കണ്ഠം ആർദ്രമായി, യേശുവിന്റെ സ്വരം അലിവുള്ളതായി, യേശു മന്ദമായി ഇങ്ങിനെ ചോദിച്ചു :

> "യേശു നിവർന്ന് അവളോട് : സ്ത്രീയേ, അവർ എവിടെ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ?"
>
> യോഹ: 8:10.

അവൾ എളിമയോടെ പറഞ്ഞു :

"ഇല്ല, കർത്താവേ!"

> യേശു അവളോട് പറഞ്ഞു : "ഞാനും നിനക്ക് ശിക്ഷവിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്."
> യോഹ : 8.11

യേശുവിനു വേണമെങ്കിൽ ശിക്ഷ വിധിക്കാം. യേശു കുറ്റമില്ലാത്തവനാണ്. അവളെ പിടികൂടിക്കൊണ്ടു വന്നവർ യഹൂദ മതത്തിന്റെ മേധാവികളും, പ്രമാണിമാരും, പരീശന്മാരും, ശാസ്ത്രികളും, കുറ്റവാളികളാണ്. അതവർക്കറിയാം. അവർക്ക് കെൽപ്പില്ല, പ്രാഗൽഭ്യമില്ല.

പക്ഷേ കല്ലെറിയാൻ അധികാരമുള്ളവൻ പറഞ്ഞു. "ഞാനും നിനക്ക് ശിക്ഷവിധിക്കുന്നില്ല, പോക, ഇനി പാപം ചെയ്യരുത്."

പ്രിയ സഹോദരങ്ങളെ, നിങ്ങളോട് ദൈവം ഇതാണ് പറയുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ? കഴിഞ്ഞകാലത്ത് തെറ്റുകൾ പറ്റി, കഴിഞ്ഞകാലത്ത് ഘോരമായ അപരാധങ്ങൾ സംഭവിച്ചുപോയി. ഇന്ന് ലജ്ജയോടെ ഓർക്കാവുന്നത് പലതും പലതും വന്നു പോയി.

പക്ഷേ ക്രിസ്തു നിന്നോടു പറയുന്നു, "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല, പോക ഇനി പാപം ചെയ്യരുത്."

യേശു നിന്നോട് പറയുന്നത്, ഇതുവരെയുള്ളത് എന്ത് എന്നതല്ല, ഇനി എന്ത് എന്നാണ്.

ഇനി നീ പാപമില്ലാതെ ജീവിക്കുമോ? ഈ നിമിഷം മുതൽ പുതിയ ജീവിതം നീ നയിക്കുമോ? ഇന്നുമുതൽ പുതിയ സൃഷ്ടിയായി നീ ജീവിക്കുമോ?

നിങ്ങളുടെ ശിക്ഷ ഒഴിവായിട്ട്, ദൈവത്തിന്റെ അത്ഭുതകൃപയാൽ അത്ഭുതരക്ഷ കരസ്ഥമാക്കുവാൻ ആർക്കെല്ലാം താത്പര്യമുണ്ട്? യേശു നിങ്ങളുടെ അരികത്തേക്ക്

വന്നിരിക്കുകയാണ്. നിന്റെ ഹൃദയത്തിൽ തൊട്ടുരുമ്മി നിന്നോട് ചേർന്നു നിന്ന് കെഞ്ചുമ്പോൾ നീ മറുതലിക്കല്ലേ, നീ മത്സരിക്കല്ലേ, നീ അഗണ്യമാക്കല്ലേ, നീ ഈ രക്ഷയെ കരഗതമാക്കുവിൻ, രക്ഷനേടുവിൻ, നിന്റെ ശിക്ഷയെ ഒഴിവാക്കുവിൻ.

യേശുവിന്റെ അരികത്ത് വരുന്നവർക്ക് ശിക്ഷ ഒഴിവായിക്കിട്ടും. യേശുവിന്റെ പാദപീഠത്തിൽ വരുന്നവർക്ക് ശിക്ഷ മാറിക്കിട്ടും.

## അഞ്ച്

"അവനെ നഗരത്തിൽ നിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു... കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നു സ്തേഫാനോസ് വിളിച്ചപേക്ഷിക്കയിൽ അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതുപറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു." അപ്പോ പ്ര. 7 : 58-60

സ്തേഫാനോസ് ശെമ്മാശ്ശൻ ആത്മാവും ജ്ഞാനവും നിറഞ്ഞവനായിരുന്നു. നല്ല പരിജ്ഞാനമുള്ളവനായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട അനുഗൃഹീതനായ, ധന്യനായ ശുശ്രൂഷകനായിരുന്നു.

കന്നി പ്രസംഗത്തിൽ സ്തേഫാനോസിനു കല്ലേറു കൊണ്ടു. ആ പ്രസംഗം തീർക്കാൻ അനുവദിച്ചില്ല. ദൈവപുരുഷൻ കല്ലേറുകൊണ്ട് താഴെ തകർന്നവനായി ഉടഞ്ഞു വീണു. സ്തേഫാനോസിന്റെ ദേഹത്തു നിന്ന് ചോര ചീറിത്തെറിച്ചു, ആ വേദനയുടെ മദ്ധ്യത്തിൽ പറഞ്ഞു :

"ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു." അപ്പോപ്ര 7 : 56

തന്റെ പ്രിയദാസൻ കല്ലേറുകൊണ്ട് വേദനിക്കുന്നതുകണ്ട് ഭൂമിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് സ്വർഗ്ഗത്തിലെ നിത്യനായ ദൈവം തന്റെ ഇരുകരവും താഴോട്ടുനീട്ടി നിൽക്കുകയാണ്. അത് സ്തേഫാനോസ് കണ്ടു. മരിക്കുമ്പോൾ തന്നെ സ്വീകരിപ്പാൻ, തന്റെ ആത്മാവിനെ കൈക്കൊളളുവാൻ രാജാധിരാജൻ ഇതാ, കരം നീട്ടിനിൽക്കുന്നു.

സ്തേഫാനോസിന്റെ മേൽ കല്ലുകൾ വന്നു വീഴുകയാണ്. അവൻ ഒടിഞ്ഞു തകർന്ന് താഴെ വീണു. കൊടുങ്കൈകുത്തി എഴുന്നേൽക്കാൻ നോക്കി. വീണ്ടും വീണുപോയി. അവൻ മുട്ടിന്മേൽ നിന്നുകൊണ്ട് വേച്ചു വേച്ചു നിന്നു, എന്നിട്ട് പറഞ്ഞു: ‘‘പിതാവേ ഇവർക്കീ പാപം നിർത്തരുതേ, ഇവരോട് ക്ഷമിക്കേണമേ.’’

അത്, അനുഗൃഹീതമായ, ശ്രേഷ്ഠമായ, സ്വർഗ്ഗീയ സ്നേഹത്തിന്റെ നിദർശനമായ, രാജാധിരാജനായ യേശു പ്രസാദിക്കുന്ന, ഒരു മരണമായിരുന്നു. കർത്താവായ യേശുക്രിസ്തു ക്രൂശിന്മേൽ കാണിച്ച സ്നേഹത്തിന്റെ പ്രകടമായ ദൃഷ്ടാന്തമായിരുന്നു സ്തേഫാനോസിന്റെ മരണം. തന്നെ കല്ലെറിഞ്ഞവർക്കുവേണ്ടി, തന്നെ ഉപദ്രവിച്ചവർക്കു വേണ്ടി കരഞ്ഞ് പ്രാർത്ഥിച്ചു കൊണ്ട് അവൻ പ്രാണനെവിട്ടു.

ഇതുകണ്ടുകൊണ്ട് ഒരു ചെറുപ്പക്കാരൻ അവിടെ ഇരിപ്പുണ്ടായിരുന്നു.

അവന്റെ പേരാണ് ശൌൽ. അവൻ ചിന്തിച്ചു: ഇങ്ങിനെയുണ്ടോ ഒരു സംസാരം? ഇങ്ങനെയുണ്ടോ ഒരു ക്ഷമ? ഇങ്ങനെയുണ്ടോ ഒരു സ്നേഹം? ഇതാർക്കു സാധിക്കും? അവനാണ് പിൽകാലത്ത് പൗലോസായി മാറിയത്.

അഞ്ച് കൽക്കൂമ്പാരങ്ങൾ, അഞ്ച് കൽക്കുന്നുകൾ, എല്ലാം ശിക്ഷയുടെ പ്രതീകങ്ങളാണ്. ആദ്യത്തേത് മൂന്നും മനുഷ്യൻ ചെയ്ത പാപത്തിന്റെ ശിക്ഷ.

ഒന്ന് : ആഖാന്റെ മേൽ വന്ന കൽക്കൂമ്പാരം.

രണ്ട് : ഹായി രാജാവിന്റെ മേൽ വന്ന കൽക്കുന്ന്

മൂന്ന് : അബ്ശാലേം കുമാരന്റെ മേൽ വന്ന കൽക്കുന്ന്.

നാല് : പാപിനിയായ സ്ത്രീയുടെ മേൽ കൽക്കുന്ന് കൂടുമായിരുന്നു. പക്ഷേ, യേശുവിന്റെ അരികത്തു വന്നതുകൊണ്ട് ശിക്ഷ ഒഴിവാക്കിക്കൊടുത്തു.

അഞ്ച് : ക്രൂശിലെ സ്നേഹം വെളിപ്പെടുത്തിക്കൊണ്ട് കല്ലേറുകൊണ്ട് മരിക്കുന്ന സ്തേഫാനോസിന്റെ മേൽ വന്ന കൽക്കുന്ന്.

"അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല."

റോമർ 8 : 1

സ്തേഫാനോസിനെപ്പോലെ യേശുവിനുവേണ്ടി നിന്ദയും പഴിയും ദുഷിയും ആക്ഷേപവും പരിഹാസവും ഏറ്റാലും, കല്ലേറുകൊണ്ടാലും, നാഥാ, ഞാൻ നിന്റെ സാക്ഷിയായി ജീവിക്കും, ഞാൻ നിന്റെ സാക്ഷിയായി മരിക്കും, എന്നൊരു തീരുമാനം നമുക്ക് എടുക്കാം. നമുക്ക് യേശുവിന്റെ കരങ്ങളിലേക്ക് നമ്മുടെ ഭാവി ഏല്പിച്ചുകൊടുക്കാം.

പ്രിയപ്പെട്ടവരെ, നമുക്ക് ഒരായുസ്സാണ് ഉള്ളത്. ഈ ആയുസ്സ് നഷ്ടപ്പെടുത്തരുത്. നമ്മുടെ ജീവിതം എത്രകാലം ഉണ്ടെന്നറിയുന്നില്ല. എത്രകാലം ഈ ഭൂമിയിൽ ആയുസ്സുണ്ടെന്നറിയുന്നില്ല. നാഥാ, ഇതാ എന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് തരുന്നു എന്ന് നമുക്ക് ദൈവത്തോടു പറയാം. നമ്മുടെ അരികത്തു നിൽക്കുന്ന കരുണയുള്ള കർത്താവിനോടു പറയാം. നമുക്കുവേണ്ടി കൂരിശിൽ വിരിച്ച കരങ്ങൾ, ആണിപ്പാടുള്ള കരങ്ങൾ നീട്ടിക്കൊണ്ട് യേശു ഇതാ വന്നിരിക്കുകയാണ്.

ക്രിസ്തു ചോദിക്കുന്നു : മകനേ, എന്റെ ചങ്ക് പിളർന്നിരിക്കുന്നത് നീ കാണുന്നുവോ? എന്റെ കാലുകൾ

തുളയ്ക്കപ്പെട്ടിരിക്കുന്നത് നീ കാണുന്നുവോ? മകളെ, നിന്റെ നേരെ നീട്ടിയിരിക്കുന്ന ഈ കരങ്ങൾ ആണിപ്പാടുള്ള കരങ്ങൾ, നിനക്കു വേണ്ടി ചോര ചിന്തിയ കരങ്ങളാണെന്ന് നീ കാണുന്നുവോ?

മകളേ, എന്റെ ശിരസ്സിലേക്ക് നീ സൂക്ഷിച്ചു നോക്കൂ! എന്റെ ശിരസ്സിൽ മുൾമുടിവെച്ചിരിക്കുന്നത് നീ കാണുന്നുവോ?

മകനേ, എന്റെ മുൾമുടിയിൽ കോൽ കൊണ്ട് അടിച്ചപ്പോൾ, ശിരസ്സ് നൊന്ത്, നെറ്റിത്തടം മുറിഞ്ഞ്, എന്റെ കണ്ണിൽ ആ മുള്ളിന്റെ അറ്റം വന്നു മുട്ടിയത് നീ കാണുന്നുവോ? ചോര തുള്ളി തുള്ളിയായി ഒഴുകുന്നത് നീ കാണുന്നുവോ?

പ്രിയപൈതലേ, എന്റെ കവിളത്ത് അവർ തുപ്പി, എന്റെ കന്നത്ത് അവർ അടിച്ചു, എന്റെ കവിളത്തു നിന്ന് രോമങ്ങൾ പിഴുതെടുത്തു. എന്റെ പുറം ചാട്ട വാറുകൊണ്ടുള്ള അടിയേറ്റ് പുളഞ്ഞ് ഉഴവുചാലുപോലെ വീണ്ടുകീറി. ഞാനിതെല്ലാം നിനക്കുവേണ്ടി സഹിച്ചു.

മകനെ, നീ എനിക്കുവേണ്ടി എന്തുചെയ്തു? കർത്താവെ, ഇത്രയും കാലം ഇതെല്ലാം നീ സഹിച്ചത് എന്റെ പാപം മൂലമാണ്. എന്റെ പാപത്തിന്റെ ശിക്ഷയാണ്. ഞാനത് മനസ്സിലാക്കുന്നു കർത്താവെ, എന്റെ ജീവിതത്തിൽ അറിഞ്ഞും അറിയാതെയും വന്ന പാപം മൂലം നിന്നെ കുരിശിക്കുകയായിരുന്നു എന്ന് എനിക്ക് മനസ്സിലായി. എന്റെ ദൈവമേ, ഇന്നുമുതൽ ഒരു പുതിയ ജീവിതം നയിപ്പാൻ ഞാനിതാ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. ഇന്നു മുതൽ നിന്റെ വകയായി ഞാൻ ജീവിക്കും.

നിങ്ങൾ പുതിയജീവിതത്തിനുവേണ്ടി ഇന്നു കൊതിക്കുന്നുവോ? നമ്മുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് ഹൃദയം തുറന്ന് ഒരു വാക്കുപറയുമോ? ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് ജീവിതത്തിലെ കനത്ത തീരുമാനം യേശുവിനെ അറിയിപ്പാൻ താല്പര്യമുണ്ടോ?

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു." 2 കോരി. 5 : 17

യേശു ആർദ്രതയോടെ, മനസ്സലിവോടെ നിങ്ങളുടെ മുമ്പിൽ കെഞ്ചി, മുട്ടിക്കൊണ്ട് നിൽക്കുകയാണ്. ക്രിസ്തുവിനുവേണ്ടി ജീവിതം വേർതിരിക്കുന്ന സൗഭാഗ്യത്തിന്റെ ഉടമയാകാൻ നീ പോകുകയാണ്. നിന്റെ ജീവിതം അനുഗൃഹീതമാകാൻ പോകുന്നു. നീ മൂലം കുടുംബം അനുഗ്രഹിക്കപ്പെടാൻ പോകുന്നു, നീ മൂലം തലമുറകൾ അനുഗ്രഹിക്കപ്പെടാൻ പോകുന്നു. നിന്റെ മേലുള്ള പാപങ്ങളും, ശാപങ്ങളും ദൂരെ തെറിച്ചു പോകാൻ കർത്താവ് നിന്റെ മേൽ തിരുരക്തം തളിക്കുന്നു. ആരു തീരുമാനിക്കുന്നു. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

## ആറ്

"യെഹൂദയുടെ പാപം ഇരിമ്പെഴുത്താണികൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും എഴുതിവെച്ചിരിക്കുന്നു; അത് അവരുടെ ഹൃദയത്തിന്റെ പലകയിലും നിങ്ങളുടെ ബലി പീഠത്തിന്റെ കൊമ്പുകളിലും കൊത്തിയിരിക്കുന്നു." യിരമ്യാവു 17 : 1

പാപം എഴുത്താണികൊണ്ട് എഴുതിയത് അവിടെ പോറൽ ഉളവാക്കുവാനാണ്. മാഞ്ഞുപോകാത്ത, സ്ഥിരമായി പതിയുന്ന അക്ഷരങ്ങളായി കൊത്തിത്തീർക്കുവാനാണ് എഴുത്താണി കൊണ്ട് എഴുതിവെച്ചിരിക്കുന്നത്. ഇതിനുപുറമെ വീണ്ടും എഴുതി വെച്ചിരിക്കുന്നത് വജ്രത്തിന്റെ മുനകൊണ്ടാണ്. ഏറ്റവും കടുപ്പമുള്ള വസ്തുവാണ് വജ്രം. ഗ്ലാസ്സ് കീറുന്നതിനു ഉപയോഗിക്കുന്നത് വജ്രമാണ്. അത് ഏത് കഠോരവസ്തു വിനേയും പിളർക്കുവാൻ പോന്നതാണ്. വജ്രത്തിന്റെ മുനകൊണ്ട് പാപം എഴുതിവെച്ചിരിക്കുന്നു.

എന്താണ് എഴുതിയത്? യഹൂദയുടെ പാപം, യിസ്രായേലിന്റെ പാപം, ദൈവജനത്തിന്റെ പാപം ഇരുമ്പെഴുത്താണികൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും മനുഷ്യന്റെ ഹൃദയത്തിൽ എഴുതിവെച്ചിരിക്കുന്നു. അത് മാഞ്ഞുപോകാത്ത വിധത്തിൽ, ഒരിക്കലും അവിടെനിന്ന് തൂത്തുകളയാൻ ആകാത്തവിധത്തിൽ

ഹൃദയത്തിൽ എഴുതിവെച്ചിരിക്കുന്നു.

പിന്നെ വേറെ ഒരിടത്തുകൂടി എഴുതിവെച്ചിട്ടുണ്ട്, അത് യാഗപീഠത്തിന്റെ കൊമ്പുകളിലാണ്. പാപം ഹൃദയത്തിന്റെ പലകയിൽ കൊത്തിവെച്ചിരിക്കുകയാണ്.

ദാവീദ് കഠോരമായ ഒരു വലിയ പാപം ചെയ്തിട്ട് ദൈവസന്നിധിയിലിരുന്ന് കരയുന്ന ചില വാക്കുകളുണ്ട്.

> "എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു."
>
> സങ്കീ. 51:3

ദാവീദ് പതിനാറാം സങ്കീർത്തനം എഴുതിയകാലത്ത്, ദൈവത്തോടുകൂടി ജീവിച്ചിരുന്ന കാലം, ഇങ്ങിനെ എഴുതി.

> "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്ത് ഉള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല."
>
> സങ്കീ. 16:8

ദൈവത്തെ എപ്പോഴും മുമ്പിൽ കണ്ടു കൊണ്ടിരുന്ന വിശുദ്ധപുരുഷനാണ് ദാവീദ്. ദൈവം വലത്തുഭാഗത്ത് ഉണ്ട് എന്ന് അനുഭവിച്ച ദൈവമനുഷ്യനാണ് ദാവീദ്. എന്നാൽ പാപം ചെയ്തതിനുശേഷം ഇപ്പോൾ കണ്ണടച്ചാലും കണ്ണുതുറന്നാലും മുമ്പിൽ വന്നു നിൽക്കുന്നത് പാപമാണ്. എപ്പോഴും പാപം ദാവീദിന്റെ മുമ്പിൽ നിൽക്കുന്നത് ദാവീദ് കാണുകയാണ്.

പാപം എപ്പോഴും ഹൃദയത്തെ മഥിക്കുകയും, ഹൃദയത്തെ മുറിപ്പെടുത്തുകയും ഹൃദയത്തെ കുത്തിനോവിക്കുകയും ചെയ്തുകൊണ്ട് ദാവീദിന്റെ മുമ്പിൽ നിൽക്കുന്നു. ദാവീദിന്റെ ഹൃദയത്തിൽ എപ്പോഴും ആ പാപം തെളിഞ്ഞു വരികയാണ്.

ഹൃദയത്തിൽ പാപം എഴുതി വെച്ചിരിക്കുന്നതു കൊണ്ടാണ് പാപം എപ്പോഴും ഓർമ്മയിൽ വരുന്നത്. പാപം

മനുഷ്യനെ വേട്ടയാടുകയാണ്, മനുഷ്യനെ ഉപദ്രവിക്കുകയാണ്, മനുഷ്യനെ കയറി പിടിക്കുകയാണ്, അവൻ രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ട്.

അയ്യോ, ഞാനത് ചെയ്യേണ്ടായിരുന്നു എന്നവൻ ചിന്തിക്കുന്നുണ്ട്. കഷ്ടം എനിക്കെന്താണ് അങ്ങിനെ തോന്നിയത്? ഞാൻ എന്തിന് ആ വലിയ ഘോരമായ അപകടത്തിൽപ്പെട്ടുപോയി എന്ന് മനുഷ്യൻ സ്വയം പരിതപിക്കുന്നുണ്ട്. സഹതപിക്കുന്നുണ്ട്. എന്നാൽ അവന് ഹൃദയത്തിൽ സമാധാനം കിട്ടുന്നില്ല. ഞാനൊരു കഥ ഓർത്തുപോകുകയാണ്.

കോളേജിൽ ഇംഗ്ലീഷ് ക്ലാസ്സിൽ പഠിക്കുന്ന പുസ്തകമാണ് മാക്ബെത്ത് - MACBETH - ഷേക്സ്പിയറിന്റെ പ്രസിദ്ധമായ ഒരു നാടകമാണ്. ലേഡി മാക്ബെത്തിന് ഒരാഗ്രഹം. എനിക്ക് രാജ്ഞിയാകണം. എനിക്ക് രാജാവിന്റെ ഭാര്യയായി, പട്ടമഹർഷിയായി തിളങ്ങണം, വിളങ്ങണം. അതിന് എന്റെ ഭർത്താവ് രാജാവാകണം. ഇപ്പോൾ ഡങ്കനല്ലേ രാജാവ്; മാക്ബെത്ത് രാജാവാകാതെ ലേഡി മാക്ബെത്തിനു രാജ്ഞിയാകാൻ പറ്റുമോ?

അതിനു എന്താണ് പോംവഴി? അവൾ ചിന്തിച്ച് കണ്ടുപിടിച്ചു. ഒരു ദിവസം അവരുടെ കൊട്ടാരത്തിലേക്ക് ഡങ്കനെ ക്ഷണിച്ചു. രാജാവിന് വലിയ ഒരു വിരുന്നൊരുക്കി, എല്ലാം തയ്യാറാക്കി. കെണികളും തന്ത്രങ്ങളും, കുതന്ത്രങ്ങളും സൂത്രങ്ങളും കൌശലങ്ങളുമെല്ലാമൊരുക്കി, അന്നുരാത്രി മാക്ബത്ത് ഡങ്കനെ കൊന്നു.

ലേഡി മാക്ബത്ത് ആണ് ഡങ്കനെ കൊല്ലുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തത്. അവളുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് മാക്ബെത്ത് രാജാവിനെ കൊന്നത്.

സ്വാഭാവികമായും അനന്തരാവകാശിയായി വരേണ്ടത്

മാക്ബെത്താണ്. മാക്ബെത്ത് രാജാവായി, ലേഡി മാക്ബെത്ത് രാജ്ഞിയുമായി. ഇംഗ്ലണ്ടിലെ സുപ്രസിദ്ധമായ കൊട്ടാരത്തിൽ രാജാവും രാജ്ഞിയും വാഴുകയാണ്.

പക്ഷേ ലേഡി മാക്ബെത്തിന് ഒരു സ്വസ്ഥതയുമില്ല. എപ്പോഴും ഒരു ചിന്ത; എന്റെ കയ്യിൽ ചോരയുടെ മണമുണ്ട്. അവൾ കൂടെക്കൂടെ കൈ മണത്തുനോക്കും. ഓ! ചോരയുടെ മണം. അവൾ വേഗം ഈ മണം മാറാൻ സുഗന്ധ വസ്തുക്കൾ പുരട്ടും; നല്ല വിലയേറിയ സുഗന്ധവസ്തുക്കൾ. രാജ്ഞിയല്ലേ, ഇഷ്ടംപോലെ പണമില്ലേ.

ലോകത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മികച്ച സുഗന്ധവസ്തുക്കളുണ്ടോ, അതെല്ലാം വലിയ വില കൊടുത്തു വാങ്ങി കയ്യിൽ പുരട്ടി. ഒരവസരത്തിൽ ലേഡി മാക്ബെത്ത് ഇരുന്നു കരയുകയാണ് "All the perfumes of Arabia will not sweeten my little hands." "ലോകത്തെമ്പാടുമുള്ള സകല സുഗന്ധവസ്തുക്കളും കൊണ്ടു വന്നിട്ടും, എന്റെ കൈകളെ സുരഭിലമാക്കാൻ, സുഗന്ധമുള്ളതാക്കാൻ കഴിയുന്നില്ലല്ലോ."

എന്റെ കൈകളെ, പാപത്തിന്റെ ചോരയുടെ, മണമുള്ള കൈകളെ, ചോരയുടെ മണം മാറ്റി സുഗന്ധമുള്ളതാക്കാൻ ലോകത്തിലെ സുഗന്ധവസ്തുക്കൾക്കൊന്നും കഴിഞ്ഞില്ല എന്നു പറഞ്ഞ് അവൾ കരയുകയാണ്. ക്രമേണ അവൾ ഒരു ഉന്മാദിനിയായി, ഭ്രാന്തിയായി മാറി. അവളുടെ ഭർത്താവ്, രാജാവായിത്തീർന്ന മാക്ബെത്ത് - ഇതിനേക്കാൾ കഷ്ടസ്ഥിതിയിലായി. മാക്ബെത്തിന്റെ ചിന്ത ചോരയുടെ മണമുണ്ടെന്നല്ല, ചോരയുടെ കറ തന്നെയുണ്ടെന്നാണ്.

മാക്ബെത്ത് ഡങ്കനെ കൊന്നതല്ലേ, ചോരക്കറ കയ്യിലുണ്ടെന്ന് ചിന്തിച്ച് കൂടെ കൂടെ കൈകഴുകും. വിലയേറിയ സോപ്പുപയോഗിച്ച് കൈകഴുകും. ധാരാളം ധാരാളം വെള്ളം കയ്യിൽ ഒഴുക്കിക്കൊണ്ടിരിക്കും.

പക്ഷേ അതൊക്കെ കഴിഞ്ഞാലും, കയ്യിൽ

ചോരയുണ്ടെന്നാണ്, ചോരയുടെ കറയുണ്ടെന്നാണ് തോന്നൽ. മാക്ബെത്ത് ഒരവസരത്തിൽ ഇരുന്ന് പറയുന്നത് ഷേക്സ്പിയർ എഴുതിയിട്ടുണ്ട്. "All the neptune's oceans can not cleanse the blood stains from my hands. ലോകത്തെമ്പാടുമുള്ള സമുദ്രങ്ങളിലെ ജലരാശി മുഴുവൻ കൊണ്ടു വന്ന് കൈ കഴുകിയാലും എന്റെ കൈകളിലെ ചോരക്കറ കഴുകിക്കളയാൻ കഴിയുന്നില്ല, എന്നു പറഞ്ഞാണ് രാജാവ് കരയുന്നത്.

പാപം രാജാവിനെയും രാജ്ഞിയേയും വേട്ടയാടുകയാണ്. പാപം പിന്നാലെ വരികയാണ്. ഇതുപോലെ അനേകം ജീവിതങ്ങൾ തകർന്നു കിടക്കുകയാണ്. ജീവിതം നിരാശാപൂരിതമായിക്കഴിയുകയാണ്.

ഏതോ ഒരു സമയത്ത് ജീവിതത്തിൽ വന്നു പോയ തിന്മയെക്കുറിച്ചുള്ള ഓർമ്മകൾ, അതിന്റെ പ്രതി പ്രവർത്തനങ്ങൾ, പാപത്തിന്റെ അനുരണനങ്ങൾ, ജീവിതത്തിൽ പ്രതിഫലിച്ച്, ജീവിതം തകർന്ന്, നിരാശമുറ്റി, ജീവിതം ആശയറ്റ്, സ്വസ്ഥത നഷ്ടപ്പെട്ട് വലയുന്ന എത്രയോ ആളുകളുണ്ട്.! എത്രയോ യൗവനക്കാരാണ് അവരുടെ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുന്നത്! പാപത്തിന്റെ നീരാളിപ്പിടുത്തത്തിൽ ജീവിതം നശിച്ചു, ഭാവി ഇരുളടഞ്ഞു, ഭാവിയിലേക്കു നോക്കി നെടുവീർപ്പിട്ടു കഴിയുന്ന, നിരാശയിൽ വലയുന്ന, എത്രയോ യുവജനങ്ങളുണ്ട്!

ഇതിനൊക്കെ എന്താണ് കാരണം? ഹൃദയത്തിൽ പാപം എഴുതിവെച്ചിരിക്കുന്നു. ഹൃദയത്തിൽ കൊത്തിവെച്ചിരിക്കുന്ന പാപം, നിത്യനായ ദൈവം അറിഞ്ഞിട്ടുണ്ട്. ദൈവം ഓർക്കുന്നുണ്ട്, ദൈവം കാണുന്നുണ്ട്.

പ്രിയമുള്ളവരെ, നിങ്ങൾക്ക് ജീവനുള്ള ദൈവത്തെ മറയ്ക്കാൻ, ഒളിക്കാൻ സാധ്യമല്ല. ഭർത്താവിനെ നിനക്കൊളിക്കാം; ഭാര്യയെ നിനക്കൊളിക്കാം, നിങ്ങളുടെ

കുഞ്ഞുങ്ങളെ നിങ്ങൾക്കൊളിക്കാം, നിങ്ങളുടെ മാതാപിതാക്കന്മാരെ നിങ്ങൾക്ക് മറയ്ക്കാം. സ്വർഗ്ഗത്തിലെ ദൈവത്തെ മാത്രം മറയ്ക്കാൻ സാധ്യമല്ല.

> "അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്." എബ്രായർ 4 :13

ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല. ഹൃദയത്തിൽ പാപം എഴുതിവെച്ചിരിക്കുന്നു. ഹൃദയത്തിൽ എഴുതിവെച്ചിരിക്കുന്ന പാപം ഹൃദയത്തിൽ നിന്ന് മായിച്ചു കളയാൻ ഒരു വഴിയുണ്ട്. വചനം ഇങ്ങനെ പറയുന്നു.

> "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."
> 1 യോഹ. 1 : 7

ഹൃദയത്തിൽ എഴുതിവെച്ചിരിക്കുന്ന പാപം തുടച്ചുമാറ്റുവാൻ കർത്താവായ യേശുവിന്റെ കുറ്റമില്ലാത്ത രക്തം മതിയായതാണ്. ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം.

കർത്താവായ യേശു ക്രൂശിക്കപ്പെടുന്നതിന് രണ്ടായിരം വർഷം മുമ്പ് ഒരു ദിവസം കർത്താവ് ക്രൂശും ചുമന്നു കൊണ്ടുപോയ അതേ വഴിയിൽ കൂടി ഒരു ദിവസം അബ്രാഹം പിതാവിന്റെ ഏകജാതനായ യിസ്ഹാക്ക് യാഗത്തിനുള്ള വിറകുകെട്ടും ചുമന്നുകൊണ്ട് മോറിയാദേശത്തുള്ള ആ കാൽവരി മലയിലേക്ക് കയറിപ്പോയി.

യിസ്ഹാക്ക് എന്ന ബാലൻ ഇടയ്ക്കു തിരിഞ്ഞു നിന്ന് അപ്പനായ അബ്രാഹാമിനോട് ചോദിച്ചു.

അപ്പാ, നമ്മൾ ഒരു കാര്യം മറന്നുപോയല്ലോ? എന്താ മോനേ?

അപ്പാ, വിറകുണ്ട്, കത്തിയുണ്ട്, തീയുണ്ട്, യാഗത്തിനുള്ള ആട്ടിൽകുട്ടി എവിടെ?

ആ സംഭവം കഴിഞ്ഞ് ഇരുപത് നൂറ്റാണ്ടുകൾക്കുശേഷം യോർദ്ദാൻ ആറ്റിന്റെ തീരത്ത് ഒരു ശബ്ദം മുഴങ്ങി.

യോഹന്നാൻ സ്നാപകൻ നിന്നുകൊണ്ട്, നടന്നുപോകുന്ന യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: "ഇതാ, ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്."

രണ്ടായിരം വർഷം മുമ്പ് കാൽവരിയുടെ മലമുകളിലേക്ക് നടന്നു പോകുന്ന വഴിയിൽ, യിസ്ഹാക്ക് തന്റെ അപ്പനോടു ചോദിച്ച ചോദ്യത്തിന്റെ മറുപടി രണ്ടായിരം വർഷം കഴിഞ്ഞ് യോർദ്ദാൻ ആറ്റിന്റെ തീരത്ത് മുഴങ്ങി: "ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്."

സ്നേഹിതാ, നിന്റെ ഹൃദയത്തിൽ എഴുതിവച്ചിരിക്കുന്ന പാപങ്ങളൊക്കെയും, കഴിഞ്ഞകാലത്ത് നിന്റെ ജീവിതത്തിൽ രേഖപ്പെടുത്തപ്പെട്ട പാപങ്ങൾ ഒക്കെയും മായിച്ചു കളയുവാൻ ഊനമില്ലാത്ത കുഞ്ഞാടിന്റെ തിരുരക്തം മതിയായതാണ്.

നിന്റെ ജീവിതത്തിലെ പാപം മറ്റാരും അറിയാതെ സ്വർഗ്ഗത്തിലെ ദൈവം മാത്രം അറിഞ്ഞു. പോരാ, ശത്രുവായ പിശാചും അറിഞ്ഞു. നിന്റെ പാപം ഹൃദയത്തിൽ നിന്നും മായിച്ചു കളയുവാൻ നിത്യനായ പിതാവിന്റെ ഏകജാതനായ, തിരുക്കുമാരനായ കർത്താവായ യേശുക്രിസ്തുവിന്റെ ഒരു തുള്ളി തങ്കച്ചോരയ്ക്ക് കഴിവുണ്ടെന്നും ശക്തിയുണ്ടെന്നും അറിയുക.

ദൈവത്തിന്റെ സന്നിധിയിൽ പല പുസ്തകങ്ങളുണ്ട്. ജീവന്റെ പുസ്തകം, ഓർമ്മയുടെ പുസ്തകം, അഥവാ സ്മരണയുടെ പുസ്തകം.

"പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം

> എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായ വിധിയുണ്ടായി........... ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും." വെളി. 20 : 12-15

ഹൃദയത്തിൽ എഴുതി വെച്ചിരിക്കുന്ന പാപം ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ മാഞ്ഞുപോയില്ലെങ്കിൽ, ന്യായ വിസ്താര ദിവസത്തിൽ നീ ലജ്ജിച്ച് തല താഴ്ത്തി നിൽക്കേണ്ടിവരും. അതുകൊണ്ടാണ് പിതാക്കന്മാർ പാടിയത്:

"നീതിയിൽ വിധിചെയ്യും-
ന്യായാധിപതേ നീ,
യേറ്ററുതേ വിധിയിൽ,
കടമോർത്തീടരുതേ!
ബലഹീനത നീക്കി-
ത്തുണചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾ,
ക്കാശ്രയമങ്ങല്ലോ."

ഒരു ന്യായ വിസ്താര ദിവസമുണ്ട്, ഒരു ന്യായാധിപതിയുണ്ട്; അവൻ ഇന്ന്, കൃപാസനത്തിൽ ഇരിക്കുന്നവൻ, ന്യായാസനത്തിലേക്കു മാറിയിരിക്കുന്ന ഒരു ദിവസമുണ്ട്. നമ്മുടെ പാപം മാഞ്ഞുകിട്ടുമ്പോൾ നമ്മുടെ പേര് ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് മാറ്റി ജീവന്റെ പുസ്തകത്തിൽ എഴുതും. "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും." അതുകൊണ്ട് പിതാക്കന്മാർ ഇങ്ങിനെ പാടി:

"ന്യായാധിപ ന്യായാധിപതേ യങ്ങേയ്ക്കരിശം-
ചേർത്ത കടത്താലെൻ തല താഴ്ത്തരുതേ വിധി ഗേഹേ,
മോചനയോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും-

നിൻ തിരുമെയ്യും രക്തവുമോർത്തെൻമേൽ കൃപചെയ്ക
നിൻ സ്നേഹാൽ സ്ലീബാ ഞാൻ കൂപ്പി
പിഴപോക്കി നിൻമെയ് രുധിരങ്ങൾ
ഹിതമൊടു കരുണാമയനീശോ
മമ നൽകുക മുക്തി"

കരുണാമയനായ യേശുവേ, നീ ന്യായാധിപതികളുടെ ന്യായാധിപതിയായി എഴുന്നെള്ളി വരുന്ന ദിവസത്തിൽ ഞാൻ ലജ്ജിച്ച് തല താഴ്ത്തി നിൽപ്പാൻ ഇടവരരുതേ, യേശുവേ നീ എനിക്ക് മോചനം തരണമേ, ഇവിടെ ശരീരത്തിൽ ഇരിക്കുമ്പോൾത്തന്നെ എന്റെ പാപക്കറകൾ കഴുകി എനിക്ക് മോചനം തരണമേ; എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതണമേ.

## ഏഴ്

"തൽക്ഷണം ഒരു മനുഷ്യന്റെ കൈവിരലുകൾ പുറപ്പെട്ടു വിളക്കിനുനേരെ രാജധാനിയുടെ ചുവരിന്റെ വെള്ളമേൽ എഴുതി; എഴുതിയ കൈപ്പത്തി രാജാവു കണ്ടു. ഉടനെ രാജാവിന്റെ മുഖഭാവം മാറി; അവൻ വിചാരങ്ങളാൽ പരവശനായി; അരയുടെ ഏപ്പു അഴിഞ്ഞു കാൽ മുട്ടുകൾ ആടിപ്പോയി.

ദാനിയേൽ 5 : 5-6

ബേൽശസ്സർ രാജാവാണ്; ബാബിലോണിയൻ ചക്രവർത്തിയാണ്. ഇന്നത്തെ ഇറാക്ക് ടർക്കി മുതലായവ ഉൾപ്പെട്ട ഭാഗമാണ് ബാബിലോണിയൻ സാമ്രാജ്യം, അല്ലെങ്കിൽ അസ്സീറിയൻ സാമ്രാജ്യം. അതിന് വേദപുസ്തകം പറയുന്ന പേര് അശ്ശൂർ എന്നാണ്, അല്ലെങ്കിൽ ബാബേൽ എന്നാണ്.

ഔഗസ്തോസ് കൈസറുടെ കാലം എന്ന് ലൂക്കോസിന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ ജനന കാലത്തെ ക്കുറിച്ച് പറയുന്നുണ്ട്. അതാണ് റോമിന്റെ സുവർണ്ണകാലം എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന അഗസ്റ്റസ് സീസ റിന്റെ ഭരണകാലം. എല്ലാ ശാസ്ത്രത്തോടും ചരിത്രത്തോടും ഒത്തു പോകുന്നതാണ് വേദപുസ്തകം.

ബേൽശസ്സർ രാജാവ് ഒരു വലിയ വിരുന്നു കഴിച്ചു. വളരെ വലിയ വിരുന്നായിരുന്നു. ആഡംബരപ്രൗഢിയുള്ള വിരുന്ന്, വലിയ ആഘോഷങ്ങളും വലിയ ആരവാരങ്ങളും ഉള്ള വിരുന്ന്. ധാരാളം വിഭവസമൃദ്ധിയുള്ള വിരുന്ന്.

ആരൊക്കെയാണ് ആ വിരുന്നിൽ?

രാജാവിന്റെ മഹത്തുക്കളുണ്ട്, രാജാവിന്റെ ഭാര്യമാരുണ്ട്, രാജാവിന്റെ വെപ്പാട്ടികളുണ്ട്. വിരുന്നു കഴിച്ച് കഴിഞ്ഞ് മദിച്ച് മേളിച്ച് കൂത്താടിയിരിക്കുമ്പോൾ, പെട്ടെന്നൊരു സംഭവം ഉണ്ടായി.

ചുവരിൽ ഒരു കൈപ്പത്തി കാണപ്പെട്ടു. ആളില്ല, കൈപ്പത്തി മാത്രം.

രാജാവും രാജാവിന്റെ അതിഥികളും, വിരുന്നുകാരും, പ്രഭുജനങ്ങളും, രാജാവിന്റെ ഭാര്യമാരും, വെപ്പാട്ടിമാരുമെല്ലാം ഈ കാഴ്ച അമ്പരപ്പോടെ നോക്കി. കൈപ്പത്തി ഉടനെ ഏതാനും വാക്കുകൾ എഴുതുന്നു. ആർക്കും വായിക്കാൻ അറിഞ്ഞുകൂടാ. ഏതു ഭാഷയാണോ? ആർക്കറിയാം. അതു നമ്മളാരും പഠിച്ച ഭാഷയല്ല.

രാജാവ് പറഞ്ഞു, ജ്ഞാനികളെ വിളിച്ചുവരുത്തട്ടെ. പണ്ഡിതന്മാർ വന്നു, അവർ പറഞ്ഞു: പൊന്നു തിരുമേനി, ഇത് ഞങ്ങൾക്ക് വായിക്കാൻ അറിഞ്ഞുകൂടാ.

ജ്ഞാനികൾ വന്നു. അവരും പറഞ്ഞു, അവർക്കറിഞ്ഞു കൂടാ എന്ന്. ഓരോരുത്തർ കൈമലർത്തി, ഈ ഭാഷ ആർക്കും അറിയാൻ പാടില്ല.

ഒരാൾ പറഞ്ഞു. നമ്മുടെ നാട്ടിൽ ദേവന്മാരുടെ ആത്മാവുള്ള ഒരാളുണ്ട്, ദൈവകൃപയുള്ള ഒരാളുണ്ട്, പരിജ്ഞാനമുള്ള ഒരാളുണ്ട്, ദൈവത്തിന്റെ അനുഗ്രഹത്തിന്റെ സിദ്ധിയുള്ള ഒരു യൗവ്വനക്കാരനുണ്ട്. അവന്റെ പേർ ദാനിയേൽ എന്നാണ്. അവനെ ഒന്നുവിളിച്ചു വരുത്തിയാൽ

അവൻ അത് വായിക്കും.

രാജാവ് ദാനിയേലിനെ ഉടനെ ആളയച്ചു വിളിപ്പിച്ച് ചോദിച്ചു, നിനക്കിത് വായിക്കാമോ?

എന്റെ പൊന്നു രാജാവെ, എനിക്ക് സാധാരണഗതിയിൽ അറിയാൻ പാടില്ല. ഞാൻ എല്ലാവരേക്കാളും ബുദ്ധി കുറഞ്ഞവനാണ്.

പിന്നെ, എനിക്കൊരു ദൈവമുണ്ട്. അവൻ സർവ്വ വല്ലഭനാണ്. ഞാൻ സേവിക്കുന്ന ദൈവം പരിജ്ഞാനം നിറഞ്ഞവനാണ്. അവൻ പ്രാർത്ഥന കേൾക്കുന്നവനാണ്. ഞാൻ പ്രാർത്ഥിക്കാം. ദൈവം വെളിപ്പെടുത്തി ത്തരികയാണെങ്കിൽ ഞാൻ വായിക്കാം.

ദാനിയേൽ പ്രാർത്ഥിച്ചു, ദാനിയേൽ പറഞ്ഞു: രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം ഈ ചുവരിൽ എഴുതിയിരിക്കുന്ന എഴുത്ത് എന്ത് എന്ന് വായിക്കാൻ എനിക്ക് ബുദ്ധിതന്നിരിക്കുന്നു.

> എഴുതിയിരിക്കുന്നത് “മെനേ, മെനേ, തെക്കേൽ, ഊഫർസീൻ.” ദാനി : 5:25

> “കാര്യത്തിന്റെ അർത്ഥമാവിത്:േ മെനേ എന്നുവെച്ചാൽ: ദൈവം നിന്റെ രാജത്വം എണ്ണി, അതിന് അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ: തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു.”
>
> ദാനി. 5 : 26–27

നിന്നെ ദൈവം തുലാസിൽ തൂക്കിനോക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു. രാജാവേ, സ്വർഗ്ഗത്തിലെ ദൈവം നിന്റെ രാജത്വം എണ്ണി അതിനവസാനം വരുത്തിയിരിക്കുന്നു.

രാജാവ് ഭയപരവശനായി, ദാനിയേലും, പ്രഭുക്കന്മാരും, തന്റെ മഹത്തുക്കളും, ഭാര്യമാരും, വെപ്പാട്ടിമാരും എല്ലാം പോയി. രാജാവ് സ്വന്തം കിടപ്പുമുറിയിൽ കടന്നു. നേരം മുന്നോട്ടു പോയി, അർദ്ധരാത്രി കഴിഞ്ഞു.

പെട്ടെന്ന് ഒരു ശബ്ദകോലാഹലം! എന്താണാവോ? വാളുകൾ കൂട്ടിയടിക്കുന്ന ശബ്ദം. വലിയ ആരവാരം, വലിയ ഒച്ചപ്പാട്, വലിയ ബഹളം. രാജാവ് കണ്ണുതുറന്ന് ഒന്നെഴുന്നേൽക്കാൻ തുടങ്ങിയപ്പോഴത്തേക്കും, രാജാവിന്റെ അരമനയുടെ വാതിൽ ചവുട്ടിപ്പൊളിച്ച് തകർത്ത് ഒരുപറ്റം സൈനികർ വരുന്നു. രാജാവിനെ അവിടെ വെച്ച് തന്നെ വെട്ടിക്കൊന്നു.

> “ആ രാത്രിയിൽത്തന്നെ കല്ദയ രാജാവായ ബേൽശസ്സർ കൊല്ലപ്പെട്ടു.” ദാനി. 5:30

ദൈവപൈതലേ, ദൈവം നിന്നെ തൂക്കിനോക്കിയിരിക്കുന്നു. ചുമരിന്മേൽ ദൈവം നിന്റെ പാപം എഴുതിയിരിക്കുന്നു. നിന്നെ ദൈവം തുലാസിൽ തൂക്കി നോക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. ദൈവം നിന്റെ ജീവിതത്തിന് അവസാനം വരുത്തിയിരിക്കുന്നു. ഇന്നു നീ ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമോ?

എന്റെ നാഥാ, രഹസ്യങ്ങളെ കാണുന്ന ദൈവമേ, എന്റെ ഹൃദയത്തിലേക്ക് നീ ഇപ്പോൾ നോക്കുമ്പോൾ എന്നെ കുറവുള്ളവനായിട്ടാണോ കാണുന്നത്? ഹൃദയങ്ങളെ ശോധനചെയ്യുന്ന ദൈവമേ, അന്തരീന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന ദൈവമേ, ഹൃദയത്തെ തൂക്കിനോക്കുന്ന ദൈവമേ, എന്റെ ചിന്തകളേയും മനോവിചാരങ്ങളേയും, മനോനിരൂപണങ്ങളേയും തിരിച്ചറിയുന്ന നിത്യനായ ദൈവമേ, അവിടുന്ന് എന്നെ നോക്കുമ്പോൾ എന്നിൽ തെറ്റുകൾ കാണുന്നുണ്ടോ ?

നമുക്ക് പ്രാർത്ഥിക്കാം :

നാഥാ എന്റെ പാപം പൊറുക്കണമേ, എന്റെ പാപം ക്ഷമിക്കണമേ, ന്യായ വിധിയുടെ വാൾ എന്റെ മേൽ വീഴുന്നതിനുമുൻപ്, ശിക്ഷകൾ എന്റെ മേൽ വരുന്നതിന് മുമ്പ്, നിത്യനരകയാതനയുടെ ഭീകരതയിലേക്ക് ഞാൻ നീങ്ങുന്നതിനുമുമ്പ്, എന്റെ മേലുള്ള പാപങ്ങൾ ക്ഷമിച്ച് എനിക്ക് നീ ഒരു പൊറുതി തരണമേ, എനിക്ക് പാപമോചനം തരേണമേ.

## എട്ട്

"ഇത് അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിനു അവനെ പരീക്ഷിച്ചു ചോദിച്ചതായിരുന്നു. യേശുവോ കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു."

യോഹ 8 : 6

നമ്മുടെ കർത്താവ് അവിടെ ഇരിക്കുകയായിരുന്നു. വലിയോരു ആരവാരം കേട്ടു. കർത്താവ് തല പൊക്കിനോക്കിയപ്പോൾ പള്ളിപ്രമാണിമാരായ ന്യായശാസ്ത്രിമാരും പരീശന്മാരും യഹൂദമതത്തിന്റെ മേധാവികളും ചേർന്ന് ഒരു സ്ത്രീയെ പിടിച്ച് വലിച്ച് ഇഴച്ചുകൊണ്ട് വരികയാണ്. ആ സ്ത്രീ കുതറി ഓടുവാനും, രക്ഷപ്പെടുവാനും ശ്രമിക്കുന്നുണ്ട്. പക്ഷേ അവർ അവളെ വിടുന്നില്ല. അവൾ ഭയചകിതയായി യേശുവിന്റെ അരികിലെത്തി. അവൾ ഭയാക്രാന്തയായി നിൽക്കുകയാണ്.

അവർ യേശുവിനോട് പറഞ്ഞു: "ഗുരോ, ഇവളെ വ്യഭിചാരകർമ്മത്തിൽ പിടിച്ചതാണ്, ഇവളെ കല്ലെറിഞ്ഞു കൊല്ലുവാനാണല്ലോ നിയമം അനുശാസിക്കുന്നത്. എന്നാൽ ഇവളെ എന്തുചെയ്യണമെന്നാണ് അവിടുത്തെ അഭിപ്രായം?"

യേശുനിലത്ത് കുനിഞ്ഞ് വിരൽകൊണ്ട് എഴുതി

ക്കൊണ്ടിരുന്നു. യേശു മറുപടിയൊന്നും പറയുന്നില്ല, യേശു ധൃതഗതിയിൽ എന്തോ എഴുതിക്കൊണ്ടിരിക്കുകയാണ്.

അവർ ചോദിച്ചു: ഇവളെ എന്തു ചെയ്യണമെന്നാണ് അങ്ങയുടെ അഭിപ്രായം?

യേശു പറഞ്ഞു: നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ഒന്നാമത് കല്ലെറിയട്ടെ. വീണ്ടും കുനിഞ്ഞ് നിലത്ത് വിരൽ കൊണ്ട് എഴുതിക്കൊണ്ടിരുന്നു. അവർ യേശുവിന്റെ അരികിൽ വന്നു നിൽക്കുമ്പോൾ ധാർമ്മികരോഷമുണ്ട്, പാപം അല്ലെങ്കിൽ വ്യഭിചാരകർമ്മം ചെയ്ത സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലണം, ശിക്ഷക്ക് വിധിക്കണം, എന്ന് അവർക്ക് നിർബന്ധമുണ്ട്. എന്നാൽ യേശുവിനെ പരീക്ഷിച്ചു ചോദിച്ച് യേശുവിൽ ഒരു കുറ്റം കണ്ടെത്തുക കൂടി ചെയ്യാം എന്നതാണ് അവരുടെ ഉദ്ദേശം.

ആ സ്ത്രിയോ മരണം മുഖാമുഖം കണ്ട് പരിഭ്രാന്തിയോടെ നിൽക്കുന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഉരുളൻ കല്ലുകൾ ശരീരത്തിൽ വന്ന് പതിയ്ക്കും, ശരീരമാസകലം വീണ്ടുകീറും, ചോര ചീറിത്തെറിക്കും. അസ്ഥികൾ ഉടയും. മാത്രമല്ല ശരീരം നുറുങ്ങിച്ചതഞ്ഞ്, ഒടിഞ്ഞ് താഴെ വീഴും. ഏതാനും സമയം പിടച്ച് , പിടച്ച് അവിടെ കിടന്നു മരിക്കും.

ജീവിതത്തിന്റെ നല്ല മദ്ധ്യാഹ്നത്തിൽ അവൾ മരണത്തെ മുഖാമുഖം നേരിടുകയാണ്. ഭാവിയെക്കുറിച്ചുളള പ്രതീക്ഷകളെല്ലാം തകർന്ന് അവളുടെ ആയുസ്സ് ഇവിടെ തീരുകയാണ്.

“നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ” എന്ന് യേശു പറഞ്ഞ വാക്ക് ഇവളും കേട്ടു. അവൾ യേശുവിന്റെ മുഖത്തേക്ക് നല്ലതുപോലെ കണ്ണുമിഴിച്ച് നോക്കി. യേശു കുനിഞ്ഞ് വീണ്ടും എഴുതുകയാണ്.

അവളെ വലിച്ചിഴച്ചുകൊണ്ടുവന്ന ന്യായശാസ്ത്രിമാർ

യേശു എഴുതുന്നതെന്ത് എന്ന് നോക്കി, അപ്പോഴാണ് അവർ ഞെട്ടിപ്പോയത്. കാരണം, അവരുടെ പാപങ്ങൾ യേശു എഴുതുന്നു.

വേദപുസ്തകത്തിലെ വാക്യങ്ങൾ അവർക്ക് കാണാതെ അറിയാം. അവർ വേദപുസ്തക പാണ്ഡിത്യം ഉള്ളവരാണ്, ന്യായശാസ്ത്രിമാരാണ്, സന്നിദ്രീം സംഘത്തിലെ അംഗങ്ങളാണ്. യഹൂദ മതത്തിലെ മുമ്പന്മാരാണ്. ദേവാലയത്തിലെ പ്രമാണിമാരാണ്. അവർക്ക് വചനം ഓർമ്മ വന്നു.

> "യിസ്രായേലിന്റെ പ്രത്യാശയായ യഹോവേ, നിന്നെ ഉപേക്ഷിക്കുന്ന ഏവരും ലജ്ജിച്ച്പോകും, എന്നെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവെക്കും." യിരമ്യാവു. 17 : 13

എന്നെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവെക്കും എന്ന് നൂറ്റാണ്ടുകൾക്കു മുൻപ് യിരെമ്യാ പ്രവാചകൻ എഴുതിയത് അവർക്ക് ഓർമ്മയുണ്ട്. യേശു മണ്ണിൽ എഴുതി വെക്കുന്നത് യേശുവിനെ വിട്ടുപോകുന്നവരെയാണ്, പാപത്തിൽ നശിച്ചു പോകുന്നവരെയാണ്. അവരുടെ പാപമാണ് എഴുതുന്നത്. അവരുടെ പാപം, ആരും അറിയാത്ത രഹസ്യപാപം ക്രിസ്തു അറിഞ്ഞിരിക്കുന്നു. ക്രിസ്തു അത് പൂഴി മണ്ണിൽ എഴുതിവെക്കുന്നു.

അവരുടെ ഉള്ളിൽ കുത്തുകൊണ്ടു. അവർ മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി അവരുടെ കയ്യിൽ കൊണ്ടുവന്ന കല്ല് ഊർന്ന് പോയി. അവർ ഓരോരുത്തർ പിൻവാങ്ങിപ്പോയി.

അല്പസമയം കഴിഞ്ഞു, ഈ സ്ത്രീ മാത്രം അവിടെ നിൽക്കുന്നു. യേശു തല ഉയർത്തി നോക്കി. ആ സ്ത്രീ ഇമവെട്ടാതെ യേശുവിനെ നോക്കി നിൽക്കുകയാണ്. അവളുടെ ഹൃദയത്തിൽ അത്ഭുതം മാത്രമല്ല, ആനന്ദവുമുണ്ട്.

മരിക്കുമെന്ന് തീർച്ചയായി വന്നവൾ, കൊല്ലുവാൻ വന്നവരെല്ലാം തിരികെപ്പോകുന്നതു കണ്ട് അതിശയിച്ചു നിൽക്കുന്നു. ഈ മഹാപുരുഷന്റെ, ഈ അത്ഭുതപുരുഷന്റെ അരികത്തെത്തിയതുകൊണ്ടാണല്ലോ ഞാൻ മരിക്കാതെ വന്നതെന്ന് ഓർത്ത്, അവൾ നിറഞ്ഞ നന്ദിയോടെ, അത്ഭുതം വിടർത്തിയ കണ്ണുകളോടെ യേശുവിന്റെ മുഖത്തു നിന്നു കണ്ണുപറിക്കാതെ നോക്കി നിൽക്കുകയാണ്.

യേശു അവളെ നോക്കി, യേശുവിന്റെ കണ്ണു നിറഞ്ഞു വന്നു. യേശുവിന്റെ കണ്ണിൽ ആർദ്രത.

> യേശു ചോദിച്ചു: "സ്ത്രീയേ, നിനക്കാരും ശിക്ഷ വിധിച്ചില്ലയോ?" യോഹ. 8 : 10

അവളുടെ തൊണ്ടവരണ്ട് വാക്കുകൾ പുറത്തേക്ക് വരുന്നില്ല, എങ്കിലും ഒരു വിധത്തിൽ അവൾ വിക്കി വിക്കി പറഞ്ഞു.

"ഇല്ല, കർത്താവേ" യോഹ. 8 : 11

പ്രശാന്തമോഹനമായ സ്വരത്തിൽ, മധുരോദാരമായ ശബ്ദത്തിൽ, സ്നേഹനിർഭരമായ ശബ്ദത്തിൽ യേശു പറഞ്ഞു.

> "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്." യോഹ. 8 : 11

യേശു ശിക്ഷിക്കുന്നവനല്ല, രക്ഷിക്കുന്ന വനാണ്, ദൈവം ശപിക്കുന്നവനല്ല, അനുഗ്രഹിക്കുന്നവനാണ്. സ്വർഗ്ഗത്തിലെ ദൈവം കോപിക്കുന്നവനല്ല, സ്നേഹിക്കുന്ന വനാണ്. നിത്യനായ ദൈവം നിങ്ങളെ ശപിച്ചകറ്റുന്നവനല്ല, നിങ്ങളെ അനുഗ്രഹിച്ചു ചേർക്കുന്നവനാണ്.

മകനെ, നിന്റെ ജീവിതത്തിൽ ഏതെല്ലാം പാപങ്ങൾ വന്നെങ്കിലും, എന്തെല്ലാം കേടുകളും കെടുതികളും നിനക്ക്

സംഭവിച്ചെങ്കിലും അതെല്ലാം മായിച്ച്, മറച്ചു തന്ന് നിന്നെ അനുഗ്രഹത്തിന്റെ പുതു പന്ഥാവിലൂടെ നയിപ്പാനത്രേ യേശു വചനം നിനക്ക് തരുന്നത്. ഒരു പുതിയ പാത നിന്റെ മുൻപിലേക്ക് തുറന്നു തരുവാനും അനുഗ്രഹത്തിന്റെ പുതിയവഴികൾ തുറന്നുതന്ന് ജീവിതത്തിൽ പുതിയ മേഖലകൾ നിനക്കു കാണിച്ചു തരുവാനും ഇപ്പോൾ യേശു നിന്നെ സമീപിക്കുകയാണ്.

ആശ്വാസം തരുന്ന ദൈവം, കാരുണ്യവാനായ ദൈവം നിന്നെ പേർ ചൊല്ലി വിളിക്കുകയാണ്. സ്വർഗ്ഗത്തിലെ ദൈവത്തിന് എക്കാലത്തും ഒന്നേ പറയുവാനുള്ളൂ.

“പോക, ഇനി പാപം ചെയ്യരുത്.”

ഇതുവരെ പലതും വന്നു. ഇതുവരെ പലപല അബദ്ധങ്ങൾ വന്നു. ദൈവം ജീവിക്കുന്നുണ്ട്. ക്രിസ്തു എന്റെ പാപം ഏറ്റെടുത്തു എന്ന് നീ വിശ്വസിക്കുമെങ്കിൽ, ഇനിയും നിനക്ക് കോപിക്കാൻ സാദ്ധ്യമല്ല. ഇനിയും നിനക്ക് വഴക്കടിക്കാൻ സാധ്യമല്ല. ഇനിയും നിന്റെ മാതാപിതാക്കളെ ധിക്കരിക്കാൻ സാദ്ധ്യമല്ല. ഇനിയും മദ്യപിച്ച് നിന്റെ ഭാര്യയെ ഉപദ്രവിക്കാൻ സാധ്യമല്ല. നിന്റെ ഭർത്താവിനോട് വിനയപ്പെടാതിരിക്കാൻ ഒക്കുകയില്ല. അഹങ്കരിക്കാൻ സാധ്യമല്ല., കൊള്ളരുതാത്ത ജീവിതബന്ധങ്ങളിൽ മുഴുകാൻ സാദ്ധ്യമല്ല.

ക്രിസ്തു നിന്റെ പാപത്തിനുവേണ്ടി മരിച്ചു എന്ന് നീ വിശ്വസിക്കുമെങ്കിൽ, ഇന്ന് ക്രിസ്തു നിന്നോട് പറയുകയാണ്, “പോക, ഇനി പാപം ചെയ്യരുത്.”

## ഒമ്പത്

''ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അതുമഷി കൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിൽ തന്നേ എഴുതിയിരിക്കുന്നത്.''

2 കൊരി. 3 : 3

ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ ആണ് ഈ പത്രം അച്ചടിച്ചിരിക്കുന്നത്. കല്ലിന്റെ പലകയിലോ, കടലാസുകഷണത്തിലോ അല്ല ഈ പത്രം അച്ചടിച്ചിരിക്കുന്നത്, ഹൃദയമെന്ന മാംസപ്പലകയിലാണ്.

ഏതാണ് ഈ പത്രം? ഞാനും നിങ്ങളും. എന്റെ ഹൃദയമാണ് ക്രിസ്തുവിന്റെ പത്രം. ക്രിസ്തുവിന്റെ ന്യൂസ് വായിക്കാൻ എന്റെ ഹൃദയം കാണണം. എന്റെ ജീവിതം കാണണം.

എന്റെ സ്വഭാവം കണ്ട് ക്രിസ്തു ആരാണെന്ന് അറിയാൻ കഴിയണം. ക്രിസ്തുവിന്റെ സ്വഭാവമറിയാൻ, ക്രിസ്തുവിന്റെ വിശേഷങ്ങളറിയാൻ, ക്രിസ്തുവിന്റെ സദ്വർത്തമാനങ്ങളറിയാൻ, ദൈവപൈതലിന്റെ ഹൃദയത്തെ വായിക്കണം.

അവിടെ ക്രിസ്തുവിനെ വരച്ചുവെച്ചിരിക്കുന്നു. ഇതുവരെ കോപം വരച്ചുവെച്ചിരുന്ന ഹൃദയം, ഇതുവരെ പാപം എഴുതിവെച്ചിരുന്ന ഹൃദയം, ഇതുവരെ തിന്മയും ദുഷ്ടതയും എഴുതിവെച്ചിരുന്ന ഹൃദയം, ഇതുവരെ വൈരാഗ്യവും പകയും മുഷിച്ചിലും ഇഷ്ടക്കുറവും വിദ്വേഷവും വരച്ചുവെച്ചിരുന്ന ഹൃദയം.

ഇതുവരെ അശുദ്ധചിന്തകളും മലിനമോഹങ്ങളും ജഡീകമായ ഉല്ലാസങ്ങളുടെ അമിതമായ ആവേശങ്ങളും നിറഞ്ഞ് എഴുതപ്പെട്ടിരുന്നതായ ഹൃദയം.

ആ ഹൃദയം ക്രിസ്തുവിന്റെ രക്തത്താൽ മായിച്ചിട്ട്, പാപങ്ങൾ തൂത്തു കളഞ്ഞിട്ട്, ഇപ്പോൾ അവിടെ ക്രിസ്തുവിന്റെ ഛായ വരച്ചുവെയ്ക്കുകയാണ്. ആ ഹൃദയത്തിൽ ഇപ്പോൾ എവിടെ വായിച്ചാലും ഒന്നേ കാണുകയുള്ളൂ. ക്രിസ്തുവിന്റെ പത്രമായിക്കഴിഞ്ഞു അത്. ക്രിസ്തുവിന്റെ മുഖപത്രമായി അത്. അത് ക്രിസ്തുവിന്റെ ന്യൂസ് പേപ്പറായി.

അവിടെ മഷികൊണ്ടല്ല, ക്രിസ്തുവിന്റെ ആത്മാവിനാലത്രെ എഴുതിയിരിക്കുന്നത്. അത് ഹൃദയമെന്ന മാംസപ്പലകയിൽത്തന്നെ എഴുതിയിരിക്കുന്നു.

പ്രിയമുള്ളവരേ, ഞാൻ വിനയപൂർവ്വം ഒന്നുചോദിച്ചു കൊള്ളട്ടെ, ഇതുവരെ കോപിച്ച മനുഷ്യൻ ശാന്തനായി മാറുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? വേണ്ടാത്ത ചില വികാരങ്ങളുടെ തിരത്തള്ളല്ലിലും വേലിയേറ്റത്തിലും വെറളി പൂണ്ടുപോയ മനുഷ്യൻ ശാന്തനായി, സൗമ്യനായി, ദൈവഭക്തിയുള്ളവനായി, ദൈവഭയമുള്ളവനായി, കുടുംബത്തെ സ്നേഹിക്കുന്നവനായി, ഭാര്യയെ സ്നേഹിക്കുന്നവനായി, മക്കളെ കരുതുന്നവനായി, കുടുംബത്തിലെ ചുമതലകൾ നിർവ്വഹിക്കുന്നവനായി, മാറുന്നത് നിങ്ങൾക്ക് അറിയുവാനും അനുഭവിക്കുവാനും താല്പര്യമുണ്ടോ? ഇതുവരേയും എപ്പോഴും വഴക്കും

പരിഭവവും പിണക്കവും പിറുപിറുപ്പും വാശിയും വൈരാഗ്യവും മുഷിച്ചിലും ഇഷ്ടക്കുറവുമായി അശുദ്ധചിന്തകൾക്ക് ഇടംകൊടുത്തുകൊണ്ട് ജീവിച്ച മാന്യസഹോദരീ, നിന്റെ ഹൃദയത്തിൽ യേശുവിനെ വരച്ചു കിട്ടുവാൻ നിനക്ക് ആഗ്രഹമുണ്ടോ?

യേശുവിനെ ഹൃദയത്തിൽ വരച്ചു കിട്ടുന്നു. പാപം എഴുതിവെച്ചിരുന്ന ഹൃദയത്തിൽ യേശുവിനെ വരയ്ക്കുന്നു. തിന്മ എഴുതിവെച്ചിരുന്ന ഹൃദയത്തിൽ യേശുവിനെ വരയ്ക്കുന്നു. കൊള്ളരുതാത്ത ജീവിതം നയിച്ചുകൊണ്ടിരുന്ന ജീവിതം യേശുവിന്റെ സ്നേഹം കൊണ്ടു പ്രഫുല്ലമായിത്തീരുന്നു. വികസ്വരമായി മാറുന്നു, അനുഗൃഹീതമായിത്തീരുന്നു. യേശു ജീവിതത്തിന്റെ ഉടമയായിത്തീരുന്നു. യേശു ജീവിതത്തിൽ എമ്പാടും ഭരിക്കുന്നവനായി മാറുന്നു. യേശു ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. ശരീരത്തിന്റെ അവയവത്തിന്റെ മേൽ യേശുവിന്റെ കരം വെയ്ക്കുന്നു. ഓരോ അവയവത്തിലും വ്യാപരിച്ചുകൊണ്ടിരുന്ന അശുദ്ധിയുടേയും ദുഷ്ടതയുടേയും പൈശാചിക ആത്മാവിനെ ഉച്ചാടനം ചെയ്തിട്ട് ക്രിസ്തു ആധിപത്യം ഏറ്റെടുക്കുന്നു. ഓരോ അവയവത്തിലും ക്രിസ്തുവിന്റെ വിശുദ്ധി വന്നു വാഴുന്നു.

ഒന്ന് : പാപം ഹൃദയത്തിൽ എഴുതി വെച്ചിരിക്കുന്നു. യിരെ. 17 :1

രണ്ട് : പാപം ബലിപീഠത്തിന്റെ കൊമ്പിൽ എഴുതി വെച്ചിരിക്കുന്നു. യിരെ 17:1

മൂന്ന് : പാപം ചുമരിൽ എഴുതി വെച്ചിരിക്കുന്നു ദാനിയേൽ. 5 : 5-24

നാല് : പാപം മണ്ണിൽ എഴുതി വെച്ചിരിക്കുന്നു. യോഹന്നാൻ. 8 : 6-8

അഞ്ച് : ക്രിസ്തുവിനെത്തന്നെ ഹൃദയമെന്ന മാംസപ്പലകയിൽ പരിശുദ്ധാത്മാവിനാൽ എഴുതി വെച്ചിരിക്കുന്നു. 2 കോരി 3:3

ഇന്ന് യേശു നിങ്ങളുടെ സമീപത്തു വന്നുനിന്നുകൊണ്ട് നിങ്ങളോട് പറയുകയാണ്. ഞാൻ നിനക്ക് ശാന്ത ജീവിതം തരാം. ഞാൻ നിനക്ക് സൗഭാഗ്യ ജീവിതം തരാം. നിനക്കൊരു ശോഭനഭാവി തരാം.

ഇതുവരെ തകർന്ന ജീവിതമാണ്, ഇതുവരെ ഉടഞ്ഞു പോയ ജീവിതമാണ്, ഇതുവരെ നശിച്ചുപോയ ജീവിതമാണ്. ഇതുവരെ പാപം വരട്ടിക്കളഞ്ഞ ജീവിതമാണ്. ഇതുവരെ പിശാചിട്ട് പന്താടിയ ജീവിതമാണ്. ഇതുവരെ ദുരാത്മാക്കൾ പന്തുകളിപ്പിച്ച ജീവിതമാണ്, ഇതുവരെ പൈശാചികസേന പാവകളിപ്പിച്ച ജീവിതമാണ്.

ഇന്നു നീ അത്യുന്നതന്റെ മുറിഞ്ഞ കരങ്ങളിലേക്ക് നിന്റെ ജീവിതം ഏല്പിക്കുമെങ്കിൽ, ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്റെ ഭാവി ഏൽപ്പിക്കുമെങ്കിൽ ക്രിസ്തു നിന്നെ തൊടും. ക്രിസ്തു നിന്നെ അനുഗ്രഹിക്കും. ക്രിസ്തു നിന്നെ അത്ഭുതകരമായ ആനന്ദാനുഭൂതികളിലൂടെ നയിക്കും. നിന്റെ ഭാവി ശോഭനമായിത്തീരും, ഈ ഭൂമിയിൽ മാത്രമല്ല, വരും കാല ഭാവിയിലും ശോഭനമായ നാളുകൾ നിനക്കുതരും.

പ്രിയമുള്ളവരെ, ഈ ജീവിതം വിശുദ്ധിക്കുവേണ്ടി നിങ്ങൾ വിട്ടുകൊടുപ്പിൻ. പാപമില്ലാത്ത ജീവിതം നയിക്കുവാൻ നിങ്ങൾ കൊതിക്കുവിൻ. ക്രിസ്തുവിനെ ഉയർത്തുകയും ക്രിസ്തുവിനെ സാക്ഷിക്കുകയും ക്രിസ്തുവിനെ ആരാധിക്കുകയും ക്രിസ്തുവിനെ സ്നേഹിക്കുകയും, ക്രിസ്തുവിനെ പിൻപറ്റുകയും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർക്കുകയും ചെയ്യുന്ന അനുഗൃഹീതമായ, അനുഭവങ്ങൾ കരഗതമാക്കുവാൻ നിങ്ങളുടെ ഉള്ളം തുറക്കുവിൻ. ക്രിസ്തുവിനോട് നിങ്ങൾ

വാക്കു പറയുവിൻ.

നമുക്ക് സമർപ്പിക്കാം. കർത്താവെ, നീ എന്റെ ഹൃദയത്തിലേക്കു വരേണമേ; ഇന്നുമുതൽ നാഥാ, ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും, നീ എന്റെ ചങ്കിനുള്ളിലേക്ക് എഴുന്നള്ളി വരേണമേ. എന്റെ കോപവും വാശിയും ശാപവും നിറഞ്ഞ ജീവിതത്തെ നീ മാറ്റി, യേശു വസിക്കുന്ന, യേശു പ്രസാദിക്കുന്ന, ഒരു ജീവിതം എനിക്ക് തരേണമേ; അവിടുത്തെ ആണിപ്പാടുള്ള കരം എന്റെ ശിരസ്സിൽ വെക്കേണമേ, ഭാവി അനുഗ്രഹപ്രദമാക്കി ത്തീർക്കേണമേ.

## പത്ത്

"അവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി. ഇവൻ ആർ എന്നു പറഞ്ഞു. ഇവൻ ഗലീലയിലെ നസറെത്തിൽ നിന്നുള്ള പ്രവാചകനായ യേശു എന്നു പുരുഷാരം പറഞ്ഞു."

മത്തായി 21 : 10-11

ഇവൻ ആർ? എന്ന് ജനം അത്ഭുതത്തോടെ ചോദിച്ചു. പലതരത്തിലുള്ള ആളുകൾ അന്ന് യെരുശലേമിന്റെ തെരുവിൽ ഉണ്ടായിരുന്നു. യെരുശലേം ദൈവാലയത്തിന്റെ പരിസരത്തിൽ തടിച്ചു കൂടിയിരുന്ന ജനം അമ്പരപ്പിലായി. വലിയ അത്ഭുതത്താൽ അവരുടെ ഹൃദയം നിറഞ്ഞു. ഇവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവൻ ഇളകി, അവർ ചോദിച്ചു. "ഇവൻ ആർ?"

നഗരം ഇളകുമാറ്, ജനഹൃദയങ്ങൾ ചലിക്കുമാറ്, നമ്മുടെ നഗരത്തിലേക്ക് എഴുന്നള്ളി വരുന്ന ഇവനാര് ? എന്ന് അവർ ചോദിച്ചു.

യേശു നഗരത്തിൽ കടന്നപ്പോൾ നഗരം ഇളകി. യേശു കുടുംബത്തിൽ കടന്നാൽ കുടുംബം ഇളകും. യേശു ഹൃദയത്തിൽ കടന്നാൽ ഹൃദയം ഇളകും. മരിച്ചുകിടക്കുന്ന മനുഷ്യാത്മാക്കൾ ചലിക്കുമാറ് യേശു ജീവിതത്തിൽ കടന്ന്

നമുക്ക് അനൽപ്പമായ സൗഭാഗ്യസമ്പത്ത് നല്കും. ക്രിസ്തു ഹൃദയത്തിൽ വന്നാൽ നമ്മുടെ ജീവിതം ആകമാനം ഇളകും. ക്രിസ്തു ജീവിതത്തിൽ വന്നാൽ ഇരുൾ പകലായി മാറും, ദുഃഖം സന്തോഷമായി മാറും, നിരാശ പ്രത്യാശയായി മാറും. അത്ഭുതകരമായ അനുഭവം നമ്മുടെ ജീവിതത്തിൽ ലഭിക്കും.

ഇവൻ ആർ? എന്നതിന് പുരുഷാരം മറുപടി പറഞ്ഞു:

"ഇവൻ ഗലീലയിലെ നസ്രേത്തിൽ നിന്നുള്ള പ്രവാചകനായ യേശു" എന്ന്. യേശുവിനെ ഒരു പ്രവാചകനായി ജനം കണ്ടു. എന്നാൽ ആ ജനം തന്നെ എതാനും നാളുകൾക്കുമുൻപ് ഈ യേശുവിനെക്കുറിച്ച് പറഞ്ഞത്, ഇവൻ നസ്രേത്തിലെ തച്ചന്റെ മകൻ എന്നാണ്. ഇവനെ കുറിച്ച് വളരെ നിന്ദിച്ചും ഹീനമായി അധിക്ഷേപിച്ചും അവർ പലതും പറഞ്ഞു. ചിലർ പറഞ്ഞു ഇവൻ ബെയെത്സബൂബാണ്, ഇവൻ പിശാചുക്കളുടെ തലവനെക്കൊണ്ടാണ് ഇവൻ ഭൂതങ്ങളെ പുറത്താക്കുന്നത്. അവന്റെ ചാർച്ചക്കാരായ ആളുകൾ, സ്വന്തം കുടുംബത്തിൽ പ്പെട്ടവർ പറഞ്ഞു, ഇവന് ഭ്രാന്തുണ്ട് ഇവനെ പിടിച്ചുകെട്ടേണ്ടിയിരിക്കുന്നു എന്ന്. അന്നത്തെ രാഷ്ട്രീയ നേതാക്കന്മാർ പറഞ്ഞു, ഇവൻ നീചനാണ്, ഇവനെ വളരെ കരുതലോടെ സൂക്ഷിക്കേണ്ടിയിരിക്കുന്നു എന്ന്. യേശുവിനെക്കുറിച്ച് പലരും ആകാലങ്ങളിൽ പല അഭിപ്രായങ്ങളും പറയുകയുണ്ടായി.

പക്ഷെ ഇപ്പോൾ അവർ പറയുന്നത് വളരെ അത്ഭുതത്തോടെയാണ്, "പ്രവാചകനായ യേശു" എന്നാണ്.

പക്ഷെ അവൻ മുഖാന്തരം നഗരം ഇളകി. അനേകം കുഞ്ഞുങ്ങൾ സൈത്തിൻ കൊമ്പുകൾ വെട്ടി ഉയർത്തി നൃത്തം ചെയ്തുകൊണ്ട് യേശുവിന്റെ മുന്നിൽ, വഴിയിൽ വസ്ത്രം വിരിച്ച്, പുഷ്പവൃഷ്ടികൊണ്ട് യേശുവിനെ അത്യന്തം ആദരവോടെ എതിരേറ്റു.

യെരുശലേം ദൈവാലയത്തിലേക്ക് യേശു നടന്നുചെന്നു.

യേശുവിനെ എതിരേൽക്കുന്ന ആ പുരുഷാരം യേശുവിന് ഹോശന്നാ പാടി. ആ ജനമത്രയും യേശുവിനെ സ്തുതിച്ചു മഹത്വപ്പെടുത്തി.

അവരുടെ ഹൃദയം ചലിക്കുകയായിരുന്നു. അവരുടെ ഹൃദയം ഉണരുകയായിരുന്നു. ഇന്ന് ഈ വാക്കുകൾ വായിക്കുമ്പോൾ ത്തന്നെ ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരുവാൻ നമുക്ക് ശാന്തമായി ദൈവത്തോട് യാചിക്കാം.

നാഥാ, ജീവിതം ഉലഞ്ഞിരിക്കുന്ന ഹൃദയം തകർന്നിരിക്കുന്ന എന്റെ ജീവിതത്തിലേക്ക് നീ ഒന്നു കടന്നു വരണമേ, എന്റെ ഹൃദയത്തെ ഒന്നു ചലിപ്പിക്കേണമേ, എന്റെ ജീവിതത്തിൽ ഒരു ശാന്തി പകരണമേ. ചലനമില്ലാത്ത എന്റെ ജീവിതം, ജീവിതത്തിന്റെ ഭാവിയേക്കുറിച്ചുള്ള ആശകളൊക്കെയും അസ്തമിച്ചു മടുത്തുപോയ എന്റെ ജീവിതം, നൈരാശ്യവും ഭാരവും ആകുലവുമായി വരണ്ടു പോയ എന്റെ ജീവിതം ഇന്നു നീ ഒന്നു ചലിപ്പിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. അവൻ നഗരത്തിൽ കടന്നപ്പോൾ നഗരം അവൻ മൂലം ഇളകി, ഇവൻ ആർ? എന്നു അവർ പറഞ്ഞു, അത്ഭുതപ്പെട്ടു.

ഞാൻ ഒരു സംഭവകഥ ഓർക്കുകയാണ്. ഒരു ട്രെയിനിൽ ഒരു യുവാവ് യാത്ര ചെയ്യുകയായിരുന്നു. നല്ല വിദ്യാഭ്യാസമുള്ള യുവാവാണ്.

ട്രെയിൻ അടുത്ത സ്റ്റേഷനിൽ വന്നപ്പോൾ പ്ലാറ്റ്ഫോമിൽ നിന്ന് വയോവൃദ്ധനായ ഒരു മനുഷ്യൻ ആ കംപാർട്ടുമെന്റിലേക്ക് കയറി. അദ്ദേഹത്തിന്റെ കയ്യിൽ ഒരു വേദപുസ്തകം ഉണ്ട്. ആ കറുത്തപുസ്തകം മാറോടടക്കി പിടിച്ചുകൊണ്ട് അദ്ദേഹം ആ ട്രെയിനിൽ കയറി. ആ യുവാവ് ഇരിക്കുന്നതിന്റെ നേരെ എതിരെ ഇരുന്നു. വേദപുസ്തകം മറിച്ചു, വളരെ ശാന്തമായി വളരെ മൗനമായി വായിക്കുവാൻ തുടങ്ങി.

കുറെ നേരമായി ഈ യുവാവ് അല്പം പരിഹാസത്തോടും പുച്ഛത്തോടും കൂടി ഈ മനുഷ്യനെ നോക്കിക്കൊണ്ടിരുന്നു.

വളരെ താല്പര്യത്തോടെ, വേദപുസ്തകത്തിൽ നിന്നും കണ്ണുപറിക്കാതെ, മുമ്പിൽ ഇരിക്കുന്നത് ആര് എന്നൊന്നും നോക്കാതെ പരിസരം മറന്നിരുന്ന് വായിക്കുന്നതുകണ്ട് ആ യുവാവ് ചോദിച്ചു.

നിങ്ങൾ എന്താണ് ഈ വായിക്കുന്നത്?

ഇത് ദൈവത്തിന്റെ വചനമാണ്, അദ്ദേഹം മറുപടി പറഞ്ഞു.

നിങ്ങൾ ഈ ആധുനിക കാലത്തും ഈ പുസ്തകം വായിക്കുകയാണോ?

അദ്ദേഹം ആ യുവാവിനെ വളരെ ശാന്തമായി ഒന്നു നോക്കി, പക്ഷേ ഒന്നും പറഞ്ഞില്ല.

ഈ യുവാവ് പിന്നേയും ചോദിച്ചു. നിങ്ങൾ എന്തു വിഡ്ഢിത്തമാണ് ഈ കാണിക്കുന്നത്? ഇതൊരു പഴഞ്ചൻ പുസ്തകമല്ലേ? മുഴുവൻ അസംബന്ധമല്ലേ ഇതിൽ എഴുതിയിരിക്കുന്നത്? വല്ലതും നടന്ന കാര്യങ്ങളാണോ? ഇതൊക്കെ നിങ്ങൾ വിശ്വസിക്കുകയാണോ? ഇത്രയും ശാസ്ത്രമെല്ലാം വളർന്നു കഴിഞ്ഞിരിക്കുന്ന ഈ കാലയളവിൽ നിങ്ങൾ ഈ പുസ്തകം വായിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്, എന്തൊരു ഭോഷത്വമാണ്!

അദ്ദേഹം പിന്നേയും തലയുയർത്തി ഈ യുവാവിനെ ശാന്തമായും വളരെ വിനയപൂർവ്വവും ഒന്നു നോക്കി. പിന്നേയും അദ്ദേഹം വായിക്കുകയാണ്. ഒന്നും മിണ്ടിയില്ല.

ആ യുവാവ് ട്രെയിനിൽ നിന്നും ഇറങ്ങിപ്പോകേണ്ട സമയമായപ്പോൾ ഇങ്ങനെ ചോദിച്ചു. ഞാൻ പലതും പറഞ്ഞു. നിങ്ങൾ ഒരക്ഷരം മിണ്ടിയില്ലല്ലോ, വിരോധമില്ലെങ്കിൽ നിങ്ങളുടെ പേരെങ്കിലും ഒന്നു പറയാമോ?

ഉടനെ ആ വൃദ്ധനായ മനുഷ്യൻ പറഞ്ഞു : "എന്റെ പേര് ലൂയി പാസ്റ്റർ എന്നാണ്."

ഈ യുവാവ് ഞെട്ടിപ്പോയി. ആരോഗ്യശാസ്ത്രരംഗത്ത് പ്രശസ്തനായ, മഹാനായ, ഏറ്റവും പ്രസിദ്ധനായ, വിദഗ്ദ്ധനായ ഒരു ഡോക്ടറാണ്, വലിയൊരു ശാസ്ത്രജ്ഞനാണ്, ശ്രേഷ്ഠനായ ഒരു ബുദ്ധി ജീവിയാണ്, ഒരക്ഷരം പോലും പറയാതെ വേദപുസ്തകം ശ്രദ്ധയോടെ വായിക്കുന്നത്, എന്നോർത്തപ്പോൾ ആ യുവാവ് ലജ്ജിച്ചു പോയി. ആ യുവാവ് അല്പം ജാള്യതയോടെ ലൂയിപാസ്റ്ററെ നോക്കി വിനയപൂർവ്വം, പറഞ്ഞു: സാർ, ക്ഷമിക്കണം, ഞാൻ ഇറങ്ങുകയാണ്.

എത്ര ബുദ്ധിജീവികൾ, വളരെ യോഗ്യമായ ജീവിതത്തോത് പുലർത്തുന്നവർ, സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ ശോഭിക്കുന്നവർ, ക്രിസ്തുവിന്റെ അത്ഭുതവ്യക്തിത്വത്തിൽ ആകൃഷ്ടരായിത്തീരുന്നു. ക്രിസ്തുവിന്റെ അതിശയകരമായ അത്ഭുതകരമായ വ്യക്തിത്വത്തിന്റെ പ്രഭാവത്താൽ ആകർഷിക്കപ്പെട്ടവരായി എത്രപേർ ജീവിതം ക്രിസ്തുവിന്റെ ചലനാത്മകമായ സ്വാധീനശക്തിയാൽ ഇളകുന്നവരായി ആത്മീയസന്തോഷവും സമൃദ്ധിയായ ആനന്ദവും അനുഭവിക്കുന്നവരായിത്തിരുന്നു. ക്രിസ്തു ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നു, ക്രിസ്തു ഹൃദയത്തെ ഇളക്കുന്നു.

“അവൻ നഗരത്തിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി. ഇവൻ ആർ? എന്നു പറഞ്ഞു.”

വളരെ മനോഹരമായ ഒരു പുസ്തകമുണ്ട്, ഫ്രാങ്കെൻ സ്റ്റീൻ എന്നാണതിന്റെ പേര്. വളരെ വിശ്രുതമായ ഒരു പുസ്തകമാണ്. അതിൽ പറയുന്നത് ഒരു ശാസ്ത്രജ്ഞന്റെ കഥയാണ്. ശാസ്ത്രജ്ഞൻ തന്റെ ലാബോറട്ടറിയിൽ വളരെയേറെക്കാലം ഗവേഷണങ്ങളും, നിരീക്ഷണങ്ങളും, പരീക്ഷണങ്ങളും എല്ലാം നടത്തി, മനുഷ്യനേക്കാൾ ശക്തിയുള്ള, മനുഷ്യനേക്കാൾ കരുത്തുള്ള, മനുഷ്യനെ ഒരു നൊടിനേരം കൊണ്ട് ഹിംസിക്കാൻ പോന്ന കരുത്തുള്ള ഒരു വ്യക്തിയെ, ഒരു രാക്ഷസനെ നിർമ്മിച്ചു. ഇതൊരു നോവലാണ്. Mrs.Shelbi എന്നു പറയുന്ന സുപ്രസിദ്ധ ഗ്രന്ഥകർത്രി എഴുതിയതാണ് ഫ്രാങ്കെൻ സ്റ്റീൻ.

ആ രാക്ഷസന് ശാസ്ത്രജ്ഞൻ കൊടുത്ത പേരാണ് "ഫ്രാങ്കെൻ സ്റ്റീൻ." വളരെ കരുത്താർന്ന കൈകൾ, നല്ല ബലമുള്ളതായ കാലുകൾ, നല്ല ദൃഢമായ മാംസപേശികൾ, വളരെ ആരോഗ്യസമൃദ്ധമായ ശരീരം, വളരെ ബലവത്തായ ശരീരത്തിന്റെ പ്രൗഢിയും ശക്തിയുമുള്ള മനുഷ്യൻ.

ഇവനെ നിർമ്മിച്ച ശാസ്ത്രജ്ഞൻ അടുക്കൽ നോക്കി നിൽക്കുമ്പോൾത്തന്നെ, ഈ രാക്ഷസൻ കരം നീട്ടി ശാസ്ത്രജ്ഞനെ പിടിക്കാൻ ചെല്ലുകയാണ്!

ശാസ്ത്രജ്ഞൻ അവനെ ഉണ്ടാക്കി, ജീവൻ കൊടുക്കുന്നതിനു മുൻപ് ഇതിനെപ്പറ്റി ചിന്തിച്ചില്ല. ഞാൻ അനേകനാളത്തെ നിസ്തന്ദ്രമായ പരിശ്രമത്തിനുശേഷം ഉണ്ടാക്കിയ ഈ എന്റെ സൃഷ്ടിയായ രാക്ഷസൻ എന്നെ പിടികൂടും എന്ന് മനസ്സിലാക്കിയപ്പോൾ അവൻ മുറി വിട്ടോടി.

ഈ രാക്ഷസൻ ശാസ്ത്രജ്ഞന്റെ പിന്നാലെ ഇറങ്ങി ഓടി മുറ്റത്തു നിന്നു മാറിയില്ല, അതിനകം നീണ്ട ഇരുമ്പുലക്കപോലത്തെ കരങ്ങൾ നീട്ടി ആ ശാസ്ത്രജ്ഞനെ രാക്ഷസൻ പിടികൂടി കയ്യിലിട്ട് ഞെരിച്ചു, നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം മരിച്ചു. എന്നാണ് ആ നോവലിൽ പറയുന്നത്.

മനുഷ്യൻ വളർന്നു. മനുഷ്യൻ ശാസ്ത്രീയമായി ഉയർന്നു, പലതും പലതും നേടി, പലതും സമ്പാദിച്ചു. പല പല ആധുനികമായ ശാസ്ത്രീയ നേട്ടങ്ങൾ കൈവരിച്ചു. പക്ഷെ ഈ മനുഷ്യൻ അവന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന, ജീവിതത്തിനാശ്വാസം തരുന്ന ദൈവത്തെ മാത്രം നേടിയില്ല. ജീവിതത്തിൽ ധനം സമ്പാദിച്ചു, വിദ്യാഭ്യാസം സമ്പാദിച്ചു, ആധുനികമായ കണ്ടുപിടിത്തങ്ങൾ സമ്പാദിച്ചു. പക്ഷെ നേടേണ്ടതുമാത്രം മനുഷ്യൻ നേടിയില്ല.

ജീവിതത്തെ ഇളക്കിമറിക്കുന്ന, സ്വഭാവത്തെ ഇളക്കിമറിക്കുന്ന, മനുഷ്യഹൃദയത്തിനു ശാന്തിതരുന്ന കർത്താവായ യേശുവിനെ മനുഷ്യൻ നേടിയില്ല.

പക്ഷേ അനേകരുടെ ഹൃദയം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. അനേകരുടെ സ്വഭാവം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. അനേകരുടെ കിരാത തുല്യമായ ഹൃദയത്തിൽ, ദിവ്യസ്നേഹത്തിന്റെ അത്ഭുതരശ്മികൾ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അനേകജീവിതങ്ങൾ തളിർത്തുല്ലസിച്ചുകൊണ്ടിരിക്കുന്നു. അനേകം ജീവിതങ്ങൾ ശാന്തി സമ്പൂർണ്ണത അനുഭവിച്ചു കൊണ്ടിരിക്കുന്നു. കാട്ടാള പ്രകൃതിയോടുകൂടെ ഭാര്യയെ കഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്നവർ, കുഞ്ഞാടിനെപ്പോലെ ശാന്തരായിത്തീരുന്നു.

യേശു ഹൃദയത്തിൽ വന്നാൽ ജീവിതമാകെ ഇളകി മറിയും. വിപ്ലവാത്മകമായ, ചലനാത്മകമായ അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടാകും. അത്ഭുതകരമായ ശാന്തിയുടെ സമ്മോഹനമായ അനുഭവം ജീവിതത്തിൽ പ്രതിഫലിക്കും.

ഈ അനുഗ്രഹീതമായ അനുഭവം ലഭിക്കുന്നതിന് എന്താണ് വേണ്ടത്? ക്രിസ്തു നഗരത്തിലേക്ക് കടന്നു വരണം, ക്രിസ്തു കുടുംബത്തിലേക്ക് കടന്നു വരണം, ക്രിസ്തു ജീവിതത്തിലേക്ക് കടന്നു വരണം. അവൻ നഗരത്തിൽ കടന്നപ്പോൾ നഗരം മുഴുവൻ ഇളകി.

യേശുവിനെ ഒരു മതസ്ഥാപകനായി കാണുന്ന ആളുകളുണ്ട്. വലിയ തത്വചിന്താമേദുരമായ ആശയങ്ങൾ പുലർത്തുന്ന ഉന്നത വ്യക്തിയായി കാണുന്ന ആളുകളുണ്ട്. നല്ല ഉപദേഷ്ടാവായി കാണുന്ന ആളുകളുണ്ട്. പക്ഷേ യേശു അതിനെല്ലാമപ്പുറം മറ്റൊന്നാണ്.

സി.എസ്സ്. ലൂയീസ് എന്ന പേരിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആയിരുന്ന മഹാനായ ഒരു ദാർശികനുണ്ടായിരുന്നു. അദ്ദേഹത്തിനു ദൈവവിശ്വാസം ഉണ്ടായിരുന്നില്ല. ദൈവം ഇല്ല എന്നായിരുന്നു ചിന്ത. അദ്ദേഹം തന്റെ ജീവിതത്തിൽ ദൈവവിശ്വാസത്തിന് എതിരായ ചിന്താഗതി പുലർത്തിക്കൊണ്ടിരുന്നപ്പോൾ, ഒരു നിരീശ്വരനായി ജീവിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിനു തോന്നി; എന്റെ

നിരീശ്വരത്വത്തിന്, എതിരാളി ഈ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ഉപദേശം മനുഷ്യ ഹൃദയങ്ങളിൽ കടക്കുമ്പോൾ മനുഷ്യൻ ദൈവം ഉണ്ട് എന്ന് വിശ്വസിച്ചു പോകുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ വില ഇടിച്ചുകൊണ്ടും ക്രിസ്തുവിന്റെ ഉപദേശങ്ങൾ അസംബന്ധമാണ് എന്ന് സ്ഥാപിച്ചുകൊണ്ടും ഒരു പുസ്തകം എഴുതണം എന്ന് അദ്ദേഹം തീരുമാനിച്ചു. അങ്ങനെ സി.എസ്സ്. ലൂയിസ് എന്നു പറയുന്ന നിരീശ്വരൻ വളരെ വിദഗ്ദ്ധമായ പഠനം നടത്തി, പഠനത്തിന്റെ അവസാനം ഈ മഹാനായ തത്വചിന്തകൻ ഇപ്രകാരം പറഞ്ഞു.

ഞാൻ ക്രിസ്തുവിനെക്കുറിച്ച് ഏറെ പഠിച്ചു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ വിലകെട്ടതെന്നും ക്രിസ്തുവിന്റെ ജീവിതം തരംതാണതെന്നും സ്ഥാപിക്കാനായിട്ട് ഞാൻ പഠിച്ചു.

പക്ഷേ എനിക്കൊന്നു മനസ്സിലായി, ഒന്നുകിൽ ക്രിസ്തു ഒരു കളളനാണ്. അല്ലെങ്കിൽ ക്രിസ്തു ഒരു ഭ്രാന്തനാണ്, അതുമല്ലെങ്കിൽ ക്രിസ്തു ദൈവമാണ്.

അദ്ദേഹം മനസ്സിലാക്കി ക്രിസ്തു ഒരു കളളനല്ല, കാരണം അതിന് തെളിവൊന്നുമില്ല. ഭ്രാന്തനല്ല, അതിനും തെളിവുകളൊന്നുമില്ല. അങ്ങനെ ക്രിസ്തു ദൈവമാണെന്ന് അദ്ദേഹം അംഗീകരിച്ചു. തൽഫലമായി നിരീശ്വരനായിരുന്ന സി.എസ്സ്. ലൂയിസ് പിൽക്കാലത്ത് വലിയ ദൈവഭക്തനായിത്തീർന്നു. മാത്രമല്ല അദ്ദേഹം എഴുതിയ പുസ്തകങ്ങൾ ഇന്ന് ലോകമെങ്ങും പ്രസിദ്ധമായ ആത്മീകസത്ത നിറഞ്ഞുനിൽക്കുന്ന ഗ്രന്ഥങ്ങളാണ്.

അതുപോലെതന്നെ മറ്റൊരു വിശ്രുത ഗ്രന്ഥകാരനായിരുന്നു ല്യൂവാലസ് – LEW WALLACE – എന്നു പറയുന്ന പ്രസിദ്ധനായ സാഹിത്യകാരൻ. ഇദ്ദേഹം ഒരു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. അവിടെ അദ്ദേഹത്തിനെതിരെ മറ്റൊരു പ്രൗഢനായ മനുഷ്യൻ വന്നിരുന്നു.

അവർക്ക് പരസ്പരം അറിഞ്ഞുകൂടാ ; പരസ്പരം പരിചയമില്ല.

അദ്ദേഹം “റോബർട്ട് ഇംഗർസോൾ” എന്ന നിരീശ്വരനായിരുന്നു.

അല്പം മൗനമായിരുന്നതിനുശേഷം ല്യൂ വാലസ് ചോദിച്ചു: നിങ്ങൾ എവിടെ നിന്നാണ് വരുന്നത്? എന്താണ് നിങ്ങളുടെ പേര്? വെറുതെയൊന്ന് പരിചയപ്പെടാൻ വേണ്ടിയാണ് സംസാരിച്ചത്.

ല്യൂ വാലസിന്റെ വാക്കുകേട്ടപ്പോൾ ഇംഗർസോൾ പറഞ്ഞു. എന്റെ പേര് റോബർട്ട് ഇംഗർസോൾ എന്നാണ്.

അയ്യോ, ഞാൻ കേട്ടിട്ടുണ്ടല്ലോ. അങ്ങ് വളരെ പ്രസിദ്ധനാണല്ലോ. അങ്ങ് വലിയ താത്വികചിന്താഗതി പുലർത്തുന്ന വ്യക്തിയാണല്ലോ? വലിയ ഒരു ബുദ്ധിജീവിയാണെന്ന് ഞാൻ കേട്ടിട്ടുണ്ട് എന്നു പറഞ്ഞു.

നിങ്ങളുടെ പേരെന്താണ്? എന്റെ പേര് ല്യൂ വാലസ് എന്നാണ്. “ഓ, ഞാൻ കേട്ടിട്ടുണ്ട്, നിങ്ങളുടെ പുസ്തകങ്ങൾ ചിലത് ഞാൻ വായിച്ചിട്ടുണ്ട്.”

അവർ പിന്നെ വലിയ സൗഹൃദത്തിലായി. കുറെനേരം സംഭാഷണം നീണ്ടു, സംഭാഷണത്തിന്റെ ഇടയിൽ ഇംഗർസോൾ പറഞ്ഞു.

നിങ്ങൾ വിശ്രുതനായ ഒരു സാഹിത്യകാരനാണല്ലോ. നിങ്ങൾക്ക് സാഹിത്യഗ്രന്ഥങ്ങൾ രചിക്കുവാനുള്ള ഒരത്ഭുതസിദ്ധിയുണ്ടല്ലോ. നിങ്ങൾ ഒരു കാര്യം ചെയ്യൂ. ഈ ക്രിസ്തു മതം വെറും അസംബന്ധമാണെന്നും, ക്രിസ്തുവിന്റെ ഉപദേശങ്ങൾ വെറും മിത്ഥ്യയാണെന്നും തെളിയിച്ച് നിങ്ങൾ ഒരു പുസ്തകം എഴുതൂ. ഈ കാലത്തിനു ചേരാത്ത ഒരു വ്യക്തിയാണ് ക്രിസ്തു എന്നു തെളിയിച്ചുകൊണ്ട് നിങ്ങൾ ഒരു പുസ്തകം എഴുതൂ.

ല്യൂ വാലസിന് അത് നല്ലത് എന്നു തോന്നി, അദ്ദേഹം വീട്ടിലെത്തി. അനേകം ഗ്രന്ഥങ്ങൾ എടുത്ത് പഠിക്കുവാൻ തുടങ്ങി. നാലുവർഷത്തെ പരിശ്രമം, നാലുവർഷത്തെ പഠനത്തിനു ശേഷം അദ്ദേഹം ഒരു ഗ്രന്ഥം രചിക്കാൻ തുടങ്ങി.

അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ മേശപ്പുറത്ത് കടലാസ്സുകൾ കൂട്ടി വെച്ചു. അദ്ദേഹം പഠിച്ചതായ, കുറിച്ചെടുത്തതായ അനേകം കാര്യങ്ങൾ, അവിടെ സംഭരിച്ചു വെച്ചിരിക്കുന്നതെല്ലാം ചേർത്ത്, എഴുതാനായിട്ട് തുടങ്ങി. ക്രിസ്തുവിന്റെ അസ്തിത്വം - Existence - നിഷേധിച്ചുകൊണ്ടും, ക്രിസ്തുമതം ഭോഷ്ക്കാണെന്നു സ്ഥാപിച്ചുകൊണ്ടും, ക്രിസ്തുവിന്റെ ഉപദേശം അസംബന്ധമാണെന്ന് തെളിയിച്ചുകൊണ്ടും എഴുതാനായിട്ടാണ് തുടങ്ങിയത്.

പെട്ടെന്ന് അദ്ദേഹം കസേരയിൽ നിന്ന് എഴുന്നേറ്റു, അദ്ദേഹം താഴെ മുട്ടുമടക്കി, അദ്ദേഹം വിതുമ്പിക്കരയാൻ തുടങ്ങി. ഏങ്ങലടിച്ചുകൊണ്ട് ല്യൂ വാലസ് പറഞ്ഞു.

നാഥാ, കർത്താവായ യേശുവേ, നിന്നെ ഞാൻ നിഷേധിക്കാൻ തുടങ്ങുമ്പോഴെല്ലാം നീ എനിക്ക് കൂടുതൽ യാഥാർത്ഥ്യമായിത്തീരുന്നു. നാഥാ, നിന്നെ ഞാൻ എതിർക്കുവാനും നിന്നെ അല്പനാക്കി ചിത്രീകരിക്കുവാനും തുടങ്ങുമ്പോഴെല്ലാം നീ എന്റെ മേൽ അത്യധികമായ സ്വാധീനം ചെലുത്തുന്നു.

എന്റെ ഹൃദയത്തിൽ, നിന്റെ വ്യക്തിത്വത്തിന്റെ അത്ഭുതകരമായ സ്വാധീനശക്തികൊണ്ട് എന്നെ നീ ആകർഷിക്കുന്നു. എന്നെത്തന്നെ നിനക്കായി ഞാൻ താഴ്ത്തുന്നു. എന്റെ ജീവിതം നിനക്കായി തരുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും എന്റെ ഭാവിയും എന്റെ ആയുസ്സും മുഴുവനായി നിന്റെ കരത്തിലേക്ക് തരുന്നു, എന്നു പറഞ്ഞു കൊണ്ട് അദ്ദേഹം തന്നെത്തന്നെ ക്രിസ്തുവിനായി സമർപ്പിച്ചു.

അതിനുശേഷം അദ്ദേഹം എഴുതിയ പുസ്തകമാണ് ''ബെൻഹർ.'' ആ പുസ്കത്തിന്റെ വശ്യശക്തി നാം ഉൾക്കൊള്ളുമ്പോൾ ഞെട്ടി പോകും, അമ്പരന്നുപോകും. ക്രിസ്തുവിന്റെ അത്ഭുതകരമായ സ്വാധീനം മനുഷ്യനിൽ വരുത്തുന്ന വ്യതിയാനങ്ങൾ എന്തെല്ലാമെന്ന് ചിത്രീകരിക്കുന്ന

അതിമനോഹരമായ ബെൻഹർ എന്ന ഈ പുസ്തകം ഇന്ന് ലോകസാഹിത്യത്തിലെ വളരെ പ്രസിദ്ധമായ ഒരു ഗ്രന്ഥമാണ്.

ഇന്ന് ഒരു വെല്ലുവിളി നിങ്ങളുടെ മുമ്പിൽ ഞാൻ വെക്കുകയാണ്. ക്രിസ്തു നിങ്ങളുടെ ജീവിതത്തിന്റെ അടിത്തറ പാകിത്തരുവാൻ, നിങ്ങളുടെ ഹൃദയത്തിലേക്ക് വരുവാൻ കൊതിച്ച് നിങ്ങളുടെ അരികത്ത് വന്നു നിൽക്കുകയാണ്. മകനെ, നിന്റെ ജീവിതത്തിന്റെ നിരാശമുറ്റിയ ജീവിതത്തിൽ ശാന്തി പകരാൻ, പ്രത്യാശതരുവാൻ ഭാവിയുടെ മോഹനമായ അനുഭവങ്ങൾ നിനക്ക് നേടിത്തരുവാൻ അവൻ നിന്റെ ഹൃദയവാതിൽക്കൽ വന്നു മുട്ടിക്കൊണ്ടിരിക്കുകയാണ്.

നിന്റെ ഹൃദയത്തെ ഇളക്കുവാനും, നിന്റെ ജീവിതത്തിന്റെ വിരസതയും മടുപ്പും മാറ്റുവാനും നിന്റെ ജീവിതത്തിൽ ശാന്തിയരുളുവാനും യേശു നിന്റെ മുൻപിൽ വന്നു നിൽക്കുകയാണ്. യെരൂശലേം നഗരത്തിലേക്ക് വാഹനമേറി ഘോഷയാത്രയായി വന്നവൻ, നിന്നെ അവന്റെ വാഹനമാക്കുവാൻ ആഗ്രഹത്തോടെ വന്നിരിക്കുകയാണ്.

മകനെ, ക്രിസ്തുവിനെ നീ കൈക്കൊള്ളുമോ? ക്രിസ്തുവിനായി നിന്റെ ഹൃദയം തുറന്നുകൊടുക്കുമോ? ഇളകി മറിയുന്ന നിന്റെ ജീവിതം പ്രകാശപൂരിതമായിത്തീരും, സന്തോഷഭരിതമായിത്തീരും. നിന്റെ ഭാവി ഉല്ലസിതമായിത്തീരും, അനുഗൃഹീതമായ ഭാവി നിനക്ക് നേടിയെടുക്കാം. അനുഗ്രഹത്തിന്റെ നല്ല നാളുകളിലേക്ക്, സമാധാനത്തിന്റെ സമൃദ്ധിയിലേക്ക്, നിനക്കു വരാം.

## പതിനൊന്ന്

"ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു നിന്നോടു പറയുന്നു; അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചു കിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോട് : നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. അവനോടുകൂടെ പന്തിയിൽ ഇരുന്നവർ: പാപമോചനവും കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞുതുടങ്ങി."

ലൂക്കോസ് 7 : 47-49

പാപമോചനം കൊടുക്കുന്ന ഇവൻ ആർ? ചോദ്യത്തിൽത്തന്നെ മറുപടിയുണ്ട്, ഉത്തരമുണ്ട്. ഇവൻ പാപമോചനം നൽകുന്നവനാണ്. ജനങ്ങൾ അമ്പരപ്പോടെ ചോദിക്കുകയാണ്, അത്ഭുതത്തോടെ ചോദിക്കുകയാണ്; കൂടിവന്ന പുരുഷാരം ചോദിക്കുകയാണ്, എന്താണ് നാം കേൾക്കുന്നത്? ഇവൻ പാപമോചനം നൽകുന്നവല്ലോ, ഇവനാര്?

ശീമോന്റെ പൂമേടയിൽ വലിയൊരു കൂട്ടം വിരുന്നുകാർ ഇരിക്കുകയാണ്. ഒരു ഭാഗത്ത് ശിഷ്യന്മാരോടൊത്ത് യേശുവും പന്തിയിൽ ഇരിപ്പുണ്ട്. പെട്ടെന്ന് ആ ശാലയുടെ വാതിൽക്കൽ ഒരു വലിയ ആരവാരം, വലിയ ഒരു ജനത്തിരക്ക് - എന്താണാവോ?

എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടായി. ഒരു സ്ത്രീ ബദ്ധപ്പെട്ടു അകത്തേക്ക് വരുന്നു. ഇതുകണ്ട് പലരുടേയും നെറ്റി ചുളിയുന്നുണ്ട്. വീട്ടുടയവനായ ശീമോനും ഒട്ടും രസിക്കുന്നില്ല. ശീമോൻ ഒരു പരീശപ്രമാണിയാണ്. ശീമോൻ മതഭക്തിയുള്ള, വളരെ യോഗ്യമായ ജീവിതം നയിക്കുന്നു എന്നഭിമാനിക്കുന്ന, സമൂഹത്തിലെ ശ്രേഷ്ഠനായ ഒരു വ്യക്തിയാണ്. ആ സ്ത്രീ പരസ്യമായി വേണ്ടാതനത്തിൽ ജീവിക്കുന്നവളാണ്, വളരെ ഹീനമായ ജീവിതം നയിക്കുന്നവളാണ്. പട്ടണമെമ്പാടും അവൾ കുപ്രസിദ്ധയാണ്, പട്ടണത്തിലേക്കും വേശ്യയായ സ്ത്രീ, പട്ടണത്തിലേക്കും പാപിനിയായ സ്ത്രീ എന്നാണ് അവളെക്കുറിച്ച് പറയുന്നത്. ഇവളെ കണ്ടിട്ട് വീട്ടുടയവനായ ശീമോന് ഒട്ടും രസിക്കുന്നില്ല.

അത്രക്ക് ഹീനമായ ജീവിതം നയിച്ച സ്ത്രീ ഈ മഹാന്മാർ കൂടിയിരിക്കുന്ന സദസ്സിലേക്ക് വന്നത് അവിടെ കൂടിയിരിക്കുന്ന ആർക്കും തന്നെ രസിച്ചില്ല, രുചിച്ചില്ല. പക്ഷെ അവളോട് ആരും ഒന്നും പറയാൻ തയ്യാറായില്ല. അവൾ ആരേയും നോക്കിയില്ല, അവൾ ആരോടും മിണ്ടാൻ കൂട്ടാക്കിയുമില്ല.

അവൾക്ക് ഒരാളെ മാത്രം കണ്ടാൽ മതി, ഒരാളുടെ അടുത്ത് ചെന്നാൽ മതി. ഒരാളോട് ചിലത് പറഞ്ഞാൽ മതി. ആ ഒരേ ഒരാൾ കർത്താവായ യേശുവാണ്. യേശുവിന്റെ അരികിലേക്ക് അവൾ ഓടിച്ചെന്ന്, യേശുവിന്റെ പിന്നിൽ അവൾ നിന്നു.

അവൾ വിതുമ്പി വിതുമ്പി ഏങ്ങലടിച്ച് കരയാൻ തുടങ്ങി. അവളുടെ ചുണ്ട്, വിറയ്ക്കുന്നുണ്ട്, അവളുടെ ശബ്ദം ഇടറുന്നുണ്ട്, അവളുടെ തൊണ്ട അടഞ്ഞിരിക്കുന്നു. വേണ്ടതുപോലെ വ്യക്തമായും തെളിമയായും വാക്കുകൾ ഉച്ചരിക്കുവാൻ പറ്റുന്നില്ല. ഏങ്ങലടിക്കുന്നതിനിടക്ക് അവൾ അവളുടെ പാപങ്ങൾ ഏറ്റു പറയുവാൻ തുടങ്ങുകയാണ്. അവൾ പരസ്യമായി വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ടതും, അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ യഹൂദന്മാർ പിടിച്ചു കൊണ്ടുപോയതും, ഭാഗ്യവശാൽ യേശുവിന്റെ മുമ്പിൽ വന്നു

പെട്ടതും, മരണത്തിൽ നിന്നും രക്ഷപ്പെട്ടതും, എല്ലാം ഓർത്ത് ഏങ്ങലടിക്കുകയാണ്. യേശു പറഞ്ഞ ആ ഒരു വാക്ക്, "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല, പോക, ഇനി പാപം ചെയ്യരുത്," എന്ന വാക്ക് ജീവൻ രക്ഷിച്ചു.

എന്റെ ഈ ആയുസ്സിന്റെ ഉടമസ്ഥൻ നീയാണ്, ഞാനിപ്പോൾ ജീവിക്കുന്നത് നിന്റെ കരുണകൊണ്ടാണ്, ''നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ഒന്നാമത് കല്ലു എറിയട്ടെ" എന്നു പറഞ്ഞ വാക്ക് ആണ് എനിക്ക് ജീവൻ തരാൻ കാരണമായിത്തീർന്നത്.

ഞാനിനി പാപം ചെയ്യുകയില്ല , അവൾക്ക് പറയണമെന്നുണ്ട്, വാക്കുകൾ തൊണ്ടയിൽ കുടുങ്ങി, ഒന്നും പറയാൻ പറ്റിയില്ല, പാപങ്ങൾ ഏറ്റുപറയണമെന്നുണ്ട്, പക്ഷെ സാധിച്ചില്ല. അവൾ മന്ദം മന്ദം നടന്ന് വീട്ടിലെത്തി. രാത്രി ഉറങ്ങാൻ പറ്റുന്നില്ല, മനസ്സിൽ ആ ചിത്രം മുഴുവൻ വന്നു നിൽക്കുകയാണ്.

ആ തേജോമയമായ രൂപം, ആനന്ദവായ്പ്പോടെ തന്റെ മുഖത്തേക്ക് നോക്കിയരൂപം, തന്നെ ശപിക്കാതെ, തന്നെ തള്ളിക്കളയാതെ, തന്നെ അല്പം പോലും നീരസത്തോടെ നോക്കാതെ, വാത്സല്യവായ്പ്പോടെ, ആർദ്രതയോടെ, തന്നെ നോക്കിക്കൊണ്ട് പറഞ്ഞ ആ അത്ഭുതസ്വരം, തന്റെ ഹൃദയത്തിൻ ആഴത്തിൽ കടന്നു വന്നത് അവൾക്ക് ഇപ്പോഴും ഓർമ്മയുണ്ട്. രാത്രി ഉറങ്ങാൻ പറ്റുന്നില്ല.

അവൾ ഓർത്തു: കഷ്ടം! ഞാനൊന്ന് മിണ്ടിയിട്ട് പോരേണ്ട തായിരുന്നു. ഒരു വാക്ക് പറഞ്ഞിട്ട് പോരേണ്ടതായിരുന്നു. മണ്ടത്തരമായിപ്പോയല്ലോ, കഷ്ടമായിപ്പോയല്ലോ. അവൾ ഓർക്കും, ഇടക്ക് അവൾ ഞെട്ടി എഴുന്നേൽക്കും. ഇപ്പോൾ ഒന്നു യേശുവിന്റെ അടുക്കലേക്ക് പോയാലോ. അയ്യോ ഇത് രാത്രിയല്ലേ. പിന്നെ അവൾ കിടക്കും, ഉറക്കമില്ലാത്ത രാത്രി.

പുലരുന്നതിനുമുൻപു തന്നെ അവൾ എഴുന്നേറ്റു. അവൾ അതിവേഗം യെരുശലേം ദേവാലയത്തിന്റെ പരിസരത്തേക്ക്

ഓടിച്ചെന്നു. അവിടെ ഈ നേരം വെളുക്കുന്നതിനുമുൻപേ വന്നിരിക്കുന്ന ഈ സ്ത്രീയെ കണ്ടവർ വഴിമാറിപ്പോയി. അവളോ ആളുകളുടെ ഇടയിൽ കൂടെ യേശുവിനെ നോക്കി നടക്കുകയാണ്, പക്ഷേ യേശുവിനെ കണ്ടില്ല.

അവൾ ചിലരോട് ചോദിച്ചു. ഇന്നലെ ഇവിടെ ഉണ്ടായിരുന്ന യേശു എവിടെയാണ്?

ആർക്കറിയാം, ഞങ്ങൾക്കറിഞ്ഞുകൂടാ. അവൾ പിന്നേയും അവിടവിടെ അന്വേഷിച്ചു. പലരും പലരും എനിക്കറിഞ്ഞുകൂടാ എന്നു പറഞ്ഞു. ഒരാൾ പറഞ്ഞു, ഇന്നലെത്തന്നെ യേശു ഇവിടെ നിന്നും പോയല്ലോ, യേശു യെരുശലേമിൽ ഉറങ്ങാറില്ല. ഇവിടെ വന്ന് പ്രസംഗിക്കാറുണ്ട്. പക്ഷേ ഇവിടെ താമസിക്കാറില്ല. യേശു ഇന്നലെ ഇവിടെ നിന്ന് പോയതാണ്.

എങ്ങോട്ടാണ് പോയതെന്ന് അറിയാമോ? അവൾ ചോദിച്ചു "യേശു ഗലീല ജില്ലയിലെ നയീനിലേക്കാണ് പോയത്."

എത്രദൂരം പോകണം അങ്ങോട്ടെത്താൻ? ഏതു വഴിയാണ് പോകേണ്ടത്? അവർ വഴി പറഞ്ഞു കൊടുത്തു.

അവൾ വളരെ വേഗം അങ്ങോട്ടുപോയി. അവൾ ഓടി അവിടെയെത്തി അന്വേഷിച്ചു. യേശു എവിടെയാണ്?

ശീമോന്റെ ഭവനത്തിലുണ്ട്. പരീശപ്രമാണിയായ ശീമോന്റെ ഭവനത്തിൽ യേശു വിരുന്നിനിരിക്കുകയാണെന്ന് അവൾ അറിഞ്ഞു. ആ യേശുവിന്റെ അരികിൽ അവൾ ഓടി എത്തി, പിറകിൽ വിതുമ്പിക്കൊണ്ട് നിൽക്കുകയാണ്.

അവളുടെ ഹൃദയത്തിൽ നന്ദിയുണ്ട്. ഇന്ന് ഞാൻ ആയുസ്സോടെ ഇരിക്കുവാൻ കാരണം യേശുവാണ്. ഇന്നു ഞാൻ ഇവിടെ എത്തുവാൻ കാരണം യേശുവാണ്.

നാഥാ എന്റെ ജീവിതത്തിനർത്ഥം കുറിച്ച നിന്നോട് ഞാനൊരു വാക്കു നന്ദി പറയാതെ പോയല്ലോ. നീ എന്നോട്

ക്ഷമിക്കണമേ എന്നു പറയാൻ അവളുടെ ഹൃദയം വെമ്പുന്നുണ്ട്.

അവൾ എന്തെല്ലാമോ പറയുന്നുണ്ട്. അവളുടെ പാപങ്ങളെല്ലാം വാതോരാതെ പറയുവാൻ തുടങ്ങി. അവൾ ഏങ്ങലടിച്ചു കരഞ്ഞു. കണ്ണുനീര് അവളുടെ കണ്ണിൽ നിന്ന് പ്രവഹിച്ചിട്ട് യേശുവിന്റെ കാൽക്കൽ തുരുതുരാ വീണ്, യേശുവിന്റെ കാലുകൾ കഴുകി. അവൾ ഹൃദയം നിറഞ്ഞ നന്ദിയോടെ യേശുവിന്റെ പാദത്തിലേയ്ക്ക് വീണു. യേശുവിന്റെ കാൽക്കൽ അവൾ കുമ്പിട്ട് ഏങ്ങലടിച്ചു കരഞ്ഞു.

യേശു പറഞ്ഞു: ''സ്ത്രീയേ നിന്റെ അനേകങ്ങളായ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു. സമാധാനത്തോടെ പോക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.''

പാപത്തിന്റെ ഭാരവും പേറി, പാപത്തിന്റെ ഭയാനകമായ കെടുതിയും പേറി, കടന്നു വന്ന സാധു സ്ത്രീയോട് ''പാപം മോചിച്ചു'' എന്ന് രക്ഷകൻ കല്പിക്കുകയാണ്.

ഉടനെ അവിടെയുണ്ടായിരുന്ന ആളുകൾ പറഞ്ഞു: ''പാപമോചനവും കൊടുക്കുന്ന ഇവൻ ആർ?''

ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ സൗഭാഗ്യം എന്താണ്?

പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടു എന്ന ഉറപ്പ്, പാപങ്ങളെല്ലാം കഴുകപ്പെട്ടു എന്നുള്ള ഉറപ്പ്, കഴിഞ്ഞകാല ജീവിതം ഉടയവൻ ഏറ്റെടുത്തു, അതു മുഴുവൻ തന്റെ തിരുരക്തത്താൽ കഴുകി വെടിപ്പാക്കിത്തന്നു എന്നുള്ള ഉറപ്പ്.

കർത്താവായ യേശു ക്രിസ്തു മനുഷ്യനു തരുന്ന എറ്റവും വലിയ ദാനം അവന്റെ കഴിഞ്ഞകാല ജീവിതം മായിച്ചു തരുന്നു എന്നുള്ളതാണ്, അവന്റെ കഴിഞ്ഞകാല ജീവിതം ക്ഷമിച്ചുതരുന്നു എന്നുള്ളതാണ്.

കഴിഞ്ഞകാല ജീവിതത്തിൽ പാപങ്ങൾ ഉണ്ട്. അനേകമനേകം

തെറ്റുകൾ പറ്റിയിട്ടുണ്ട്, പല പല പാപങ്ങൾ നമ്മുടെ ജീവിതത്തിൽ വന്നു പോയിട്ടുണ്ട്. ജീവിതത്തിൽ വന്നുപോയ പാപങ്ങൾ, കെടുതികൾ അതെല്ലാം മാഞ്ഞുകിട്ടുക, അതെല്ലാം മോചിച്ചുകിട്ടുക, അതെത്രയോ ഭാഗ്യകരമായ അനുഭവമാണ്. പാപമോചനം - അതാണ് നമുക്ക് ലോകത്തിൽ വച്ച് ലഭിക്കേണ്ട സൗഭാഗ്യം.

അനേകർ പാപം വേട്ടയാടുന്ന ഭീതിയിലാണ്, വലിയ സങ്കടത്തിലാണ്. ഒരു സമയത്ത് നിനച്ചിരിക്കാതെ വന്നുപോയ പാപങ്ങളുടെ പ്രത്യാഘാതങ്ങൾ ഏറ്റ് വാടിത്തളർന്നവരായി ജീവിതം തളർന്നവരും തകർന്നവരുമായി വലയുന്ന അനേകമനേകം ആളുകളുണ്ട്.

വേണ്ടായിരുന്നു. അയ്യോ, കഷ്ടം! അങ്ങനെ പറയേണ്ടായിരുന്നു, എനിക്ക് അപ്പോൾ അങ്ങനെ തോന്നിപ്പോയല്ലോ, അങ്ങനെ പെരുമാറേണ്ടായിരുന്നു, കഷ്ടമായിപ്പോയല്ലോ. അങ്ങനെ സംസാരിക്കേണ്ടായിരുന്നു, അങ്ങിനെ ഇടപെടേണ്ടായിരുന്നു. അയ്യോ, ഞാനങ്ങനെ ചെയ്തുപോയല്ലോ എന്ന സങ്കടത്തോടെ കരയുന്നവർ അനേകരുണ്ട്. അവരുടെ ഹൃദയത്തിനു സ്വസ്ഥതയില്ല. അവരുടെ മനസ്സിന് സമാധാനമില്ല.

മകനെ നിന്റെ പാപത്തെക്കുറിച്ചുള്ള ഭാരങ്ങൾ മുഴുവനും മായിച്ചുകളയുവാനും നിന്റെ ഹൃദയത്തിന്റെ നൊമ്പരം മുഴുവനും മാറ്റി നിന്റെ ഹൃദയത്തെ സംശുദ്ധമാക്കുവാനും കർത്താവായ യേശുക്രിസ്തു ഇന്ന് ജീവിക്കുന്നുണ്ട്. യേശുവിന്റെ തിരുരക്തം നിനക്ക് മതിയായതാണ്.

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല, അവയെ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും."
>
> സദൃശ: 28:13

ജീവിതത്തിൽ എന്നെങ്കിലും സംഭവിച്ചു പോയ പാതകത്തിന്റെ ഭയാനകമായ ഓർമ്മകൾ നിന്നെ വേട്ടയാടുന്നു

എങ്കിൽ, നിനക്ക് സമാധാനം തരുവാനും പാപത്തിന്റെ കറ മായിച്ചുകളഞ്ഞ് നിനക്ക് ശാന്തസുന്ദരമായ ഒരു ജീവിതം തരുവാനും യേശു മതിയായവനാണ്.

> "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.
>
> 1 യോഹ. 1 : 9

മകനെ, ഇനിയും നീ പാപത്തിന്റെ ഭാണ്ഡക്കെട്ടും പേറി അലയേണ്ടാ, പാപത്തിന്റെ ചുമടും പേറി നീ വലയേണ്ടാ, നിന്റെ ചുമടേറ്റെടുക്കാൻ യേശു ഉണ്ട്. അവൻ കുരിശ് ചുമന്നവനാണ്. അവൻ യാതന ഏറ്റവനാണ്, അവൻ പീഡയും നിന്ദയും ആക്ഷേപവും ഏറ്റുവാങ്ങിയവനാണ്. നിന്റെ പാപത്തിന്റെ ഭീകരദുരിതം നിന്റെ മേൽ ആഞ്ഞുപതിക്കാതിരിക്കാൻ, ആ ദുരിതത്തിൽ നിന്ന് നിനക്ക് മോചനം തരുവാൻ അവൻ കുരിശിൽ മരിച്ചിട്ടുണ്ട്. "അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

## പന്ത്രണ്ട്

"നിങ്ങളുടെ വിശ്വാസം എവിടെ എന്നു പറഞ്ഞു; അവരോ ഭയപ്പെട്ടു. ഇവൻ ആർ? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കയും അവ അനുസരിക്കയും ചെയ്യുന്നു എന്നു തമ്മിൽ പറഞ്ഞു ആശ്ചര്യപ്പെട്ടു.

ലൂക്കോസ് 8 : 25

ഗലീലക്കടലിന് മൂന്ന് ഭാഗങ്ങൾ ഉണ്ട്. ഒരു ഭാഗം ഗലീലക്കടൽ, മറ്റൊരുഭാഗം ഗെന്നേസരത്ത് തടാകം, വേറൊരുഭാഗം തിബെര്യാസ് കടൽ. ഈ ഗലീലക്കടലിൽ ഏതെങ്കിലും സമയത്ത് അപ്രതീക്ഷിതമായി വലിയ കൊടുങ്കാറ്റ് അടിക്കാറുണ്ട്. ഭയങ്കരമായി തിരമാലകൾ ആഞ്ഞിളകും. അത് ഗലീലാക്കടലിന്റെ പ്രത്യേകതയാണ്.

അന്ന് ഒരു ദിവസം യേശു പടകിലുണ്ടായിരുന്നു. അമരത്ത് കിടന്നുറങ്ങുകയായിരുന്നു. ശിഷ്യന്മാർ തണ്ടുവലിച്ച് നീങ്ങി. പെട്ടെന്നാണ് അവിചാരിതമായി കൊടുങ്കാറ്റ് ഊതിയത്. കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ പടക് ഇളകി, ആടി, ആടിയുലഞ്ഞ് പടക് മുങ്ങാൻ തുടങ്ങി, വെള്ളം തിരമാലകളായി തെറുത്തുകയറി. ശിഷ്യന്മാർ അവിടെ പടകിൽ ഇരുന്ന് കൈക്കുമ്പിളിൽ വെള്ളം തേകിക്കളഞ്ഞു. മറ്റുള്ളവർ തുഴഞ്ഞു തുഴഞ്ഞു വലഞ്ഞു.

ഗലീലാക്കടലിലെ ഓളം വരുത്തുവാൻ പോകുന്ന ഭയങ്കരമായ വിപത്ത് അവർ മുൻ കണ്ടു. പടക് ആടിയുലയുകയാണ്. തിരമാലകളിതാ ആ പടകിലേക്ക് വെള്ളത്തെ ഇരച്ചുകയറ്റുകയാണ്. അവർ അമ്പരപ്പിലായി.

അവർ നിലവിളിച്ചു. “നാഥാ ഞങ്ങൾ നശിച്ചുപോകുന്നു” എന്നു പറഞ്ഞു. ഇത് വായിക്കുമ്പോൾ ഇതെന്റെ അനുഭവമാണല്ലോ എന്ന് നിങ്ങൾ ഓർത്തേക്കാം.

കർത്താവെ, ഗലീലക്കടലിൽ പടക് ഇളകി ആടിയതുപോലെ, അലഞ്ഞുലഞ്ഞതുപോലെ എന്റെ ജീവിതം കൊടുങ്കാറ്റേറ്റു വലയുന്നല്ലോ. അവിചാരിതമായ ആപത്ത്, ആകസ്മികമായ ചില വിയോഗങ്ങൾ, ഏറ്റവും പ്രിയപ്പെട്ടവർ നിനച്ചിരിയാതെ കടന്നു പോയത്, ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ വലിയ കഷ്ടവും വലിയ നഷ്ടവും വന്നത്, വലിയ കടം വന്നു കയറിയത്, വലിയ വിനകൾ ജീവിതത്തിലേക്ക് ഇരച്ചുകയറിയത്, പെട്ടെന്ന് മാരകമായ രോഗം പിടിപ്പെട്ടത്, ഓരോതരത്തിലുള്ള കഷ്ടങ്ങളും, നഷ്ടങ്ങളും, ആപത്തുകളും, കേടുകളും, കെടുതികളുമായി നമ്മുടെ ജീവിതത്തിൽ ആഞ്ഞു വീശിയടിച്ച കൊടുങ്കാറ്റുകൾ പലതും പക്ഷെ നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു വരുന്നുണ്ടായിരിക്കും. അന്ന് കർത്താവ് പടകിൽ ഉണ്ടായിരുന്നു. ഭാഗ്യമായിപ്പോയി, അവർ യേശുവിനെ ഉണർത്തി.

സ്നേഹിതാ നിന്റെ ജീവിതപ്പടക് ഉലയുമ്പോൾ, ഇളകി ആടുമ്പോൾ ഈ പടകിൽ യേശു ഉണ്ടെങ്കിൽ നീ ഭയപ്പെടേണ്ടി വരികയില്ല. നീ യേശുവിനെ വിളിക്കൂ, യേശുവിനെ നീ സ്വീകരിക്കൂ, നിന്റെ വിളികേട്ട് യേശു എഴുന്നേറ്റു നിൽക്കും. യേശു കാറ്റിനേയും ഓളത്തേയും ശാസിക്കും.

“അവ അമർന്നു ശാന്തത ഉണ്ടായി.” ജീവിതത്തിൽ കൊടുങ്കാറ്റ് ഏറ്റ് വലയുന്നവരുണ്ട്. ദശാന്ത്യ ദോഷമാണ് എനിക്ക്, ഇത് കേതുർദശയുടെ അപഹാര കാലമാണ്, എനിക്ക് ശനി ദശയുടെ കാലമാണ്, എന്റെ രാഹൂർ ദശയാണിപ്പോൾ, അയ്യോ ഞാനെന്തുവേണ്ടൂ, ആദിത്യദശയാണ്. അങ്ങിനെ

പലതരത്തിലുളള ദോഷമാണ് എന്ന് പറഞ്ഞ് വിലപിച്ചും കരഞ്ഞും ഭാരപ്പെട്ടും മ്ലാനവദനരായിരിക്കുന്ന ആളുകളുണ്ട്.

ആരോ എനിക്കെതിരായി, എന്റെ കുടുംബത്തിനെതിരായി എന്തോ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് എനിക്കീ ആപത്തെല്ലാം വരുന്നത്. ഈ കുടുംബത്തിൽ നിന്ന് മാറിതാമസിച്ചാൽ പക്ഷെ എനിക്ക് ഗുണമാകുമായിരിക്കുമെന്ന് ചിന്തിക്കുന്നവരുണ്ട്. ആരോ കൈവിഷം തന്നതുകൊണ്ടാണ് എനിക്ക് പഠിക്കാൻ പറ്റാത്തത്, അതുകൊണ്ടാണ് എനിക്കൊരു കരേറ്റം കിട്ടാത്തത്, അങ്ങിനെ കൈ വിഷത്തെ പേടിക്കുന്ന ആളുകളുണ്ട്.

പ്രിയമുളളവരേ, കാറ്റിനേയും ഓളത്തേയും ശാന്തത വരുത്താൻ കഴിവുളളവൻ, പ്രകൃതി ശക്തിയെ അമർച്ച വരുത്തുന്നവനാണ്. പ്രകൃതിയിലെ രാഹുവിനേയും സൂര്യനേയും ആദിത്യദശയേയും ശനിയേയും കേതുവിനേയും നീ ഭയപ്പെടേണ്ട. പ്രപഞ്ചശക്തിയെ അമർച്ച വരുത്താൻ കഴിവുളളവൻ സകലപ്രതികൂല ശക്തികളേയും ശാന്തതവരുത്താൻ കഴിവുളളവൻ. അവനാണ് കർത്താവായ യേശുകിസ്തു.

അവനെ നിന്റെ ഹൃദയത്തിലേക്ക് നീ എതിരേൽക്കൂ. നാഥാ, നീ പുറത്തു നിൽക്കല്ലെ, നീ എന്റെ ഹൃദയത്തിനുളളിലേക്കു വരൂ. എന്റെ പടകിലേക്ക് കയറൂ. എന്റെ ജീവിതത്തിന്റെ ചുക്കാൻ നീ ഏറ്റെടുക്കൂ, എന്റെ ജീവിതത്തിന്റെ നിയന്ത്രണവും കർതൃത്വവും നീ ഏറ്റെടുക്കു. നാഥാ, ഇത്രയും കാലം ഞാൻ ചുറ്റുപാടുകളിലേക്ക് നോക്കി ഭയചകിതനായി നിന്നുപോയി, എന്റെ മേൽ ആഞ്ഞടിക്കുന്ന ഭീഷണികളേയും, എന്നെ വിഷമിപ്പിക്കുകയും വലയം ചെയ്യുകയും ചെയ്യുന്ന ആപത്തുകളേയും കണ്ട് ഞാൻ ഭയചകിതനായിപ്പോയി. ഉടയവനേ നീ എന്റെ ജീവിതത്തിലേക്ക് വരണമേ. എന്റെ ജീവിതത്തെ നീ ഒന്ന് ഉറപ്പിച്ചു നിർത്തണമേ, എനിക്ക് സ്ഥിരത തരണമേ. എന്റെ മനസ്സിന്റെ ചാഞ്ചല്യം മാറ്റണമേ. എന്റെ

ഹൃദയത്തിലെ വിഷാദഭാവം നീക്കണമേ. എന്റെ ജീവിതത്തിലെ നൈരാശ്യബോധം മാറ്റേണമേ. നാഥാ, നീ എന്റെ ഹൃദയത്തിന്റെ പടക് ഏറ്റെടുത്ത്, പടകിന്റെ അമരത്തിൽ ഇരിക്കണമേ.

## പതിമൂന്ന്

"ഏദോമിൽ നിന്നു, രക്താംബരം ധരിച്ചുകൊണ്ട്
ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആര്?"
യെശയ്യാവു 63 : 1

രക്തം പുരണ്ട വസ്ത്രം ധരിച്ചുകൊണ്ട്, രക്തത്തിൽ മുക്കിയെടുത്തതുപോലുള്ള വസ്ത്രം ധരിച്ചുകൊണ്ട്, ആരാണ് ഈ കയറി വരുന്നത്? എന്നു പ്രവാചകൻ ചോദിക്കുകയാണ്.

യേശു ക്രിസ്തു ജനിക്കുന്നതിനു എഴുന്നൂറ്റി അൻപതു വർഷം മുമ്പാണ് യെശയ്യാ പ്രവാചകന് ഈ ദർശനം കിട്ടുന്നത്. രക്താംബരം ധരിച്ചുകൊണ്ട് ആരാണ് ഈ താഴ്വരയിൽ നിന്നും കയറി വരുന്നത്?

യഹൂദയെ അനുഗ്രഹിച്ചുകൊണ്ട് നിത്യനായ ദൈവം കല്പിക്കുന്ന ചില അനുഗ്രഹവാക്യങ്ങൾ ഉല്പത്തി പുസ്കതത്തിൽ നാം ഇങ്ങിനെ വായിക്കുന്നു:

"അവൻ മുന്തിരിവള്ളിയോടു ചെറുകഴുതയേയും വിശിഷ്ട മുന്തിരി വള്ളിയോട് കഴുതക്കുട്ടിയേയും കെട്ടുന്നു, അവൻ വീഞ്ഞിൽ തന്റെ ഉടുപ്പും ദ്രാക്ഷാരസത്തിൽ തന്റെ വസ്ത്രവും അലക്കുന്നു."
ഉല്പത്തി. 49 : 11

വീഞ്ഞിൽ ഉടുപ്പലക്കുന്നു. ദ്രാക്ഷാരസത്തിൽ തന്റെ വസ്ത്രം അലക്കുന്നു. യഹൂദയുടെ സിംഹമായി യഹൂദാ ഗോത്രത്തിൽ പിറന്ന കർത്താവായ യേശുവിനെക്കുറിച്ച് മുൻകൂട്ടി പറഞ്ഞിരിക്കുകയാണ്.

ഒടുവിലത്തെ പുസ്തകമായ വെളിപ്പാട് പത്തൊൻപതാം അദ്ധ്യായത്തിൽ നാം ഇങ്ങിനെ കാണുന്നു, പതിമൂന്നാം വാക്യം:

> "അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ പറയുന്നു."

പ്രവാചകൻ വിളിച്ചു ചോദിക്കുകയാണ്. ഈ രക്തത്തിൽ മുക്കിപിഴിഞ്ഞ വസ്ത്രം ധരിച്ചുകൊണ്ട്, ചോര പുരണ്ട വസ്ത്രം ധരിച്ചുകൊണ്ട്, ആണിപ്പാടുകളേറ്റ് വലഞ്ഞു വരുന്ന ഇവനാര്? പ്രവാചകൻ വീണ്ടും ചോദിക്കുകയാണ്:

> "നിന്റെ ഉടുപ്പു ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്?" യെശയ്യാവ് 63 : 2

നിനക്കെന്താണ് പറ്റിയത്? നിന്റെ ഉടുപ്പു ചുവന്നിരിക്കാൻ കാരണമെന്താണ്? മുന്തിരിച്ചാറിൽ നിന്റെ വസ്ത്രം മുക്കിയെടുത്തതുപോലെ ഇരിക്കുന്നതെന്താണ്? നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്താണ്?

യേശുക്രിസ്തു പറയുകയാണ്: ഞാൻ വിസ്മയത്തോടെ നോക്കി, ആരോരുമില്ലാത്തവനായി ഞാൻ തീർന്നിരിക്കുന്നു. ഞാൻ വിസ്മയിച്ചു നോക്കി, സഹായിപ്പാൻ ആരേയും കണ്ടില്ല.

യേശുക്രിസ്തു ജനിക്കുന്നതിന് ഏഴുന്നൂറ്റമ്പതുവർഷം മുൻപു തന്നെ യേശുവിന്റെ പീഡാനുഭവം പ്രവാചകൻ കണ്ടു.

ഏകനായി മുന്തിരിച്ചക്ക് ചവിട്ടുന്നതും, ഏകനായി പീഡയേറ്റു വലയുന്നതും, ശിഷ്യന്മാരൊക്കെ യേശുവിനെ വിട്ട് ഓടിപ്പോകുന്നതും, ആരോരും തുണയില്ലാത്തവനായി,

എല്ലാവരാലും പരിത്യജിക്കപ്പെട്ടവനായി യാതനയേൽക്കുന്നതും, ഇവിടെ മുൻകൂട്ടി പറയുകയാണ്. ഒരു ശിഷ്യൻ ഒറ്റിക്കൊടുക്കുമെന്നും, മറ്റൊരു ശിഷ്യൻ തള്ളിപ്പറയുമെന്നും മറ്റും പ്രവാചകൻ കാണുകയാണ്. തന്റെ പ്രിയശിഷ്യനായ യോഹന്നൻ മാത്രം തന്റെ പ്രിയപ്പെട്ട മാതാവിനോട് ചേർന്ന് അവിടെ കുരിശിന്റെ ചുവട്ടിൽ താഴ്വരയിൽ നിൽക്കുന്നുണ്ട്. എല്ലാവരും വിട്ടുപോയി. എല്ലാം യെശയ്യാവ് എഴുന്നൂറ്റമ്പത് വർഷം മുമ്പ് പ്രവചിക്കുകയാണ്.

യേശുവിന്റെ ഒന്നാമത്തെ വരവും അതോടൊപ്പം യേശുവിന്റെ ക്രൂശാരോഹണവുമാണ് പ്രവാചകൻ കാണുന്നത്.

ഇവൻ ആരാണ് ? ക്രൂശിൽ മരിച്ച ക്രിസ്തു, ഇവൻ ആരാണ്? ഏകനായി യാതനയേറ്റവൻ, എല്ലാവരാലും പരിത്യജിക്കപ്പെട്ടവൻ, അവന്റെ ഭാഗം പറയാൻ ആരുമുണ്ടായില്ല. അവനെ മാറിമാറി വിസ്തരിച്ചു. ഹന്നാവിന്റെ കോടതിയിൽ, കയ്യാഫാവിന്റെ കോടതിയിൽ, ഹേരോദാവിന്റെ കോടതിയിൽ, പീലാത്തോസിന്റെ കോടതിയിൽ മൂന്നുപ്രാവശ്യം മാറി മാറി വിസ്തരിച്ചു അവനോടു കൂടെ നിൽക്കാൻ ആരുമുണ്ടായിരുന്നില്ല.

പടയാളികൾ അവന്റെ പുറത്തേക്ക് മാറിമാറി ചാട്ടവാറുകൊണ്ടടിച്ചു.

ചാട്ടവാറിൽ കൊരുത്ത ചൂണ്ടൽ പോലുള്ള ആണികൾ അവന്റെ ശരീരത്തിലുള്ള മാംസത്തിൽ തറഞ്ഞു കയറി. ആ ചാട്ടവാറു വലിച്ചെടുക്കുമ്പോൾ ശരീരത്തിലെ മാംസം കൂടി കീറിക്കൊണ്ടാണ് പോരുന്നത്. ഉഴവുചാൽ പോലെ പുറം കീറി, വയറിലേക്ക് ചാട്ടവാർ വളഞ്ഞു വന്ന് വയറും കീറി, അവന്റെ കന്നത്തേക്ക് അവർ അടിച്ചു. അവന്റെ കവിളത്തുനിന്ന് അവർ രോമങ്ങൾ പിഴുതെടുത്തു. കവിളത്ത് രോമകൂപങ്ങളിൽ രക്തം തുളിച്ചു നിന്നു. അവന്റെ മുഖത്തേക്ക് അവർ തുപ്പി. താങ്ങുവാനോ സഹായിക്കുവാനോ ആരും ഉണ്ടായിരുന്നില്ല.

മുപ്പത്തെട്ടുവർഷം തളർവാതം ബാധിച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവനൊന്ന് ഓടി വന്നിരുന്നെങ്കിൽ അവന്റെ തളർവാതം മാറ്റിയത് യേശുവാണെന്ന് ഒന്നു പറഞ്ഞിരുന്നെങ്കിൽ! പതിനെട്ടുകൊല്ലമായി കൂനിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. അവളൊന്ന് ഓടി വന്ന് ഈ യേശുവാണ് എന്റെ കൂനു മാറ്റിയത്, യേശു എന്നെ തൊട്ടതുകൊണ്ടാണ് ഈ കൂന് മാറിയത് എന്നൊന്നു പറഞ്ഞിരുന്നെങ്കിൽ!

പന്ത്രണ്ടുകൊല്ലം രക്തവാർച്ചകൊണ്ട് വലഞ്ഞ സ്ത്രീ വന്ന്, അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടതേയുള്ളൂ, എനിക്കു സൗഖ്യം വന്നു, അവനെ ക്രൂശിക്കല്ലെ എന്നൊന്നു പറഞ്ഞിരുന്നെങ്കിൽ!

കുഷ്ഠരോഗിക്ക് സൗഖ്യമായി, കണ്ണുകുരുടനു കാഴ്ചകിട്ടി, അയ്യായിരക്കണക്കിനാളുകൾ ബേത്ത്സയിദയിലെ ആ മലഞ്ചെരുവിൽ തടിച്ചു കൂടി, അവർക്ക് വയറു നിറയെ ആഹാരം കിട്ടി. വേറെ എന്തെല്ലാം അത്ഭുതങ്ങൾ നടന്നു.

പക്ഷേ അതിൽ ഒരാൾ പോലും "ഇവനെ ക്രൂശിക്കല്ലെ" എന്നു പറയാൻ ഉണ്ടായിരുന്നില്ല. ഞാൻ ഏകനായി മുന്തിരിച്ചക്ക് ചവുട്ടി, ജാതികളിൽ ആരും എന്നോടു കൂടെ ഉണ്ടായിരുന്നില്ല.

സ്നേഹിതാ, എന്തിനവൻ ഏകനായി യാതനയേറ്റു? നിന്റെ ഏകാകിത്വം Lonliness - മാറ്റുവാൻ. മകനെ, എനിക്ക് ആരോരുമില്ലെന്നു നീ പറയുമ്പോൾ "നിനക്ക് ഞാനുണ്ട്" എന്നു പറയുവാൻ. മകളെ, എന്നെ സ്നേഹിപ്പാൻ ആരുമില്ല, എന്നെ കരുതാൻ ആരുമില്ല, എനിക്ക് സഹായം തരാൻ ആരുമില്ല, എന്ന് നീ വിലപിക്കുമ്പോൾ, നിനക്ക് ഞാനുണ്ട് എന്നു പറഞ്ഞുകൊണ്ട്, യേശു നിന്റെ അരികിലേക്ക് വരാൻ. അവനിതാ നിന്റെ ഏകാകിത്വം ഏറ്റെടുത്ത് കുരിശിന്മേൽ മരിച്ചിരിക്കുന്നു.

ഇത് വായിക്കുമ്പോൾ ഹൃദയത്തിൽ ഏകാന്തതയോടെ എനിക്കാരുമില്ല എന്നു സങ്കടപ്പെട്ട് വിഷാദിച്ച് മ്ലാനവദനരായി ഇരിക്കുന്നവർ ആരെല്ലാമുണ്ട്?

യേശു ഇതാ, ഏകനായി ദുരിതം ഏറ്റവൻ, ഏകനായി വേദനയേറ്റവൻ, നിന്നെ താങ്ങാൻ ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നുണ്ട്. അവനെ നിന്റെ ഹൃദയത്തിലേക്ക് സ്വീകരിക്കൂ.

## പതിനാല്

"ഏദോമിൽ നിന്ന്, രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്നുവരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ?"

യെശയ്യാവ് 63 : 1

യേശു ക്രിസ്തുവിനെ പ്രവാചകൻ ആദ്യം കാണുന്നത് രക്തവസ്ത്രം ധരിച്ചവനായിട്ടാണ്. പെട്ടെന്നിതാ വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ, ആഡംബര വിഭൂഷിതനായി, നല്ല അലങ്കാരവസ്ത്രത്തോടെ, തേജോമയനായി ഒരാളിതാ കയറി വരുന്നു.

ആരാണത്? രണ്ടും ഒരാൾ തന്നെ. രക്തവസ്ത്രം ധരിച്ചുകൊണ്ട് കടന്നു പോയവനെ പ്രവാചകൻ പിന്നെ കണ്ടത് വസ്ത്രാലംകൃതനായി വരുന്നവനായിട്ടാണ്. മുൾമുടിയേറ്റ് കടന്നുപോയവനെ പ്രവാചകൻ പിന്നെ കാണുന്നത് രാജ കീരിടം ചൂടി എഴുന്നള്ളി വരുന്നവനായിട്ടാണ്.

അടിയേറ്റ്, നിന്ദയേറ്റ്, ആക്ഷേപമേറ്റ് , പഴിയേറ്റ് , ദുഷിയേറ്റ്, അങ്ങിനെ സകല വിധമായ അപമാനവുമേറ്റു കടന്നു പോയവനെ ദൂതന്മാരുടെവൃന്ദം ആഘോഷത്തോടെ അനുഗമിക്കുന്നവനായി, പരിവാരസമേതനായി,

രാജാധിരാജനായി, ഭൂലോകരുടേയും സ്വർല്ലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും തന്റെ തിരുമുമ്പാകെ മടങ്ങുന്നവനായി പ്രവാചകൻ കാണുകയാണ്.

ഞാനൊരു ഉദാഹരണത്തിൽക്കൂടി ഇതു മനസ്സിലാക്കാൻ ശ്രമിക്കാം. ഒരാൾ ഒരു ഉയർന്ന തലത്ത് നിൽക്കുകയാണ്. കൂറെ അങ്ങോട്ടു നോക്കുമ്പോൾ അവിടെ ഒരു കൊടുമുടിയുണ്ട്. അതിനപ്പുറം മറ്റൊരു കൊടുമുടിയും ഉണ്ട്. ഈ രണ്ടു കൊടുമുടികൾക്ക് ഇടയിൽ ഒരു വലിയ താഴ്‌വര ഉണ്ട്. ദൂരെ നിന്നു നോക്കുമ്പോൾ ആ താഴ്‌വര കാണുകയില്ല.

പ്രവാചകൻ താഴ്‌വര കണ്ടില്ല. എന്നു പറഞ്ഞാൽ കർത്താവിന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയ്ക്കുള്ളതായ കൃപായുഗം പ്രവാചകൻ അപ്പോൾ കണ്ടില്ല. പ്രവാചകൻ ക്രിസ്തുവിന്റെ ഒന്നാമത്തെവരവും, അതോടുകൂടെത്തന്നെ രണ്ടാമത്തെ വരവും കണ്ടു. രക്താംബരം ധരിച്ച യേശുവിനെ കണ്ടു, വീണ്ടും വരുന്ന മഹത്വപൂർണ്ണനായ യേശുവിനേയും കണ്ടു.

ഭാഗ്യവശാൽ ഇതിനു രണ്ടിനുമിടയിലുള്ള കൃപായുഗത്തിൽ ഇന്ന് ജീവിക്കുവാൻ കരുണയുള്ള കർത്താവ് നമ്മെ ഈ ഭൂമിയിൽ ശേഷിപ്പിച്ചു.

പ്രിയമുള്ളവരേ, ഇന്ന് ആ കൃപയുടെ കാലയളവാണ്, ഇന്ന് കൃപയുടെ പെട്ടകം തുറന്നിരിക്കുകയാണ്. ആർക്കും അകത്തുവരാം, ആർക്കും രക്ഷപ്പെടാം, ആരും പാപത്തിൽ മരിക്കേണ്ട, ആരും നശിക്കേണ്ട, ആരും നിത്യ അന്ധകാരത്തിലേക്ക് പോകേണ്ട, ആരും നിത്യയാതനയിലേക്ക് പോകേണ്ട , ആരും നിത്യനാശത്തിലേക്ക് പോകേണ്ട.

നിത്യ സ്വസ്ഥതയുടെ ശാന്തി ദുർഗ്ഗത്തിലെത്തിച്ചേരാൻ സ്വർഗ്ഗീയരാജാധിരാജൻ നമുക്കിതാ ഒരു സാദ്ധ്യത തന്നിരിക്കുന്നു.

അവന്റെ ശരീരമെന്ന തിരശ്ശീല കീറിക്കളഞ്ഞ് നമുക്ക് സ്വർഗ്ഗീയോന്നതങ്ങളിലേക്ക് കടന്നു ചെല്ലുവാൻ ഒരു പുതുവഴി, ജീവനുള്ള പുതുവഴി അവനിതാ സൃഷ്ടിച്ചിരിക്കുകയാണ്.

നിങ്ങൾ ഈ കൃപായുഗം പ്രയോജനപ്പെടുത്തിയോ? ഇന്നവൻ സമാധാനത്തിന്റെ സന്ദേശം തരികയാണ്. ഇന്നവൻ രക്ഷയുടെ സന്ദേശം തരികയാണ്.

"വാറൻ കാഡ്ലർ" എന്നു പറയുന്ന ഒരു ജഡ്ജി ഉണ്ടായിരുന്നു. അദ്ദേഹം വളരെ പ്രശസ്തനും സമർത്ഥനുമായിരുന്നു. അദ്ദേഹം ഒരു യുവ അഭിഭാഷകനായിരുന്ന കാലത്ത് കേസ് വാദിക്കുന്നതിനുവേണ്ടി ഒരാൾ വന്നു, ഒരു കൊലപാതകത്തിന്റെ കാര്യമാണ്. അയാൾ കൊലപാതകം ചെയ്തതാണ്. അയാൾ വക്കീലിനോടു അപേക്ഷിച്ചു, എങ്ങിനെയെങ്കിലും ഈ കേസ് ഏറ്റെടുത്ത് എന്നെ കുറ്റത്തിന്റെ ശിക്ഷയിൽ നിന്ന് മോചിപ്പിക്കണം എന്ന്. അവൻ പറഞ്ഞതെല്ലാം വക്കീൽ കേട്ടു. വക്കീലിന് അവനോട് ഒരു ദയതോന്നി.

വക്കീൽ അവന്റെ കേസ് ഏറ്റെടുത്തു. അവനുവേണ്ടി വക്കീൽ കോടതിയിൽ വാദിച്ചു. വക്കീൽ പറഞ്ഞു: ഇവന്റെ മാതാപിതാക്കൾ വളരെ വാർദ്ധക്യത്തിലാണ്, ഇവന്ന് പെട്ടെന്ന് ഉണ്ടായ ഏതോ ഏരു വികാരവിക്ഷോഭംമൂലം അങ്ങിനെ എന്തെല്ലാമോ ചെയ്തുപോയി. അവൻ സ്ഥിര ബുദ്ധിയില്ലാത്തവനാണ്. അവൻ മരിച്ചാൽ അവന്റെ കുടുംബം മുടിയും. അവനെ തൂക്കിക്കൊന്നാൽ അവന്റെ മാതാപിതാക്കൾ അനാഥരാകും. അവന്റെ ജീവിതം നിലനിന്നാൽ മാത്രമേ അവന്റെ മാതാപിതാക്കൾക്ക് ജീവിക്കാൻ സാധ്യതയുള്ളു.

വക്കീൽ ഈ കൊലപുള്ളിക്കുവേണ്ടി വളരെ ശക്തമായി കോടതിയിൽ വാദിച്ചു. എന്തു സംഭവിച്ചു?

ഭാഗ്യമെന്നു പറയട്ടെ, ഇവനെ കുറ്റമില്ലാത്തവനെന്ന് ജഡ്ജി വിധിച്ചു. "ഇവനെ വെറുതെ വിട്ടിരിക്കുന്നു" എന്ന് ജഡ്ജി വിധിച്ചു.

അയാൾക്ക് വളരെ സന്തോഷമായി ഈ വക്കീലിനെ പിന്നീട് അവൻ ചെന്നു കണ്ടു. അപ്പോൾ വക്കീൽ പറഞ്ഞു, ഇപ്പോൾ നീ രക്ഷപ്പെട്ടു എന്നുള്ളതുകൊണ്ട് നീ അഹങ്കരിക്കരുത്. നീ അഭിമാനിക്കേണ്ട. ഒരു കാര്യം ഓർത്തു കൊള്ളണം. ഇനി തെറ്റുപറ്റാതെ നോക്കണം. ഇനി ഇതുപോലത്തെ അപകടം വരാതെ നോക്കിക്കൊള്ളണം, ഇതുപോലെ ഇനിയെന്തെങ്കിലും സംഭവിച്ചാൽ ഇനിയും രക്ഷപ്പെടുമെന്ന് പ്രതീക്ഷിക്കരുത്.

കാലങ്ങൾ മുന്നോട്ടു പോയി. ഈ വക്കീൽ പിന്നീട് ജഡ്ജിയായിത്തീർന്നു. ആ കാലത്ത് ഈ കുറ്റവാളിതന്നെ ഇതേ തെറ്റിൽ പിടിക്കപ്പെട്ടു, പിന്നേയും ഒരു കൊലപാതകം ചെയ്തു. അവനെ കോടതിയിൽ കൊണ്ടുവന്നു, അവൻ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. അവൻ ജഡ്ജിയെ സൂക്ഷിച്ചു നോക്കി. പരിചയമുളള മുഖമാണ്. എനിക്ക് കുഴപ്പമൊന്നും സംഭവിക്കാനിടയില്ല. ജഡ്ജിക്ക് എന്നെ അറിയാമല്ലോ. അവൻ ചിന്തിച്ചു.

ജഡ്ജി വാദമെല്ലാം കേട്ടു കഴിഞ്ഞു. അതിനുശേഷം ജഡ്ജി വിധിച്ചു. “ഈ കുറ്റവാളിയെ മരണം വരെ തൂക്കിക്കൊല്ലുക.”

അവൻ അമ്പരപ്പോടെ നോക്കി, പഴയ സംഭവം അവൻ ഓർത്തു; ജഡ്ജിയെ പരിചയമുണ്ട്. പണ്ട് വക്കീലായിരുന്നപ്പോൾ ഇദ്ദേഹത്തിന്റെ അടുക്കൽ ചെന്നു; അദ്ദേഹം ശക്തമായി തനിക്കുവേണ്ടി വാദിച്ചു എന്നെ കുറ്റവിമുക്തനാക്കിയതാണ്. ഇപ്പോൾ അദ്ദേഹം ജഡ്ജി ആയി ഇരിക്കുമ്പോൾ നേരെ തിരിച്ച് എന്നെ തൂക്കിക്കൊല്ലാൻ വിധിച്ചിരിക്കുകയാണ്.

അവൻ വിറയലോടെ നോക്കി നിൽക്കുമ്പോൾ ജഡ്ജി പറഞ്ഞു. അന്ന് നിങ്ങൾ എന്റെ അടുക്കൽ വന്നപ്പോൾ ഞാനന്ന് ജഡ്ജിയല്ല, ഞാനന്ന് വക്കീലാണ്. എന്നാൽ ഇന്ന് ഞാൻ ജഡ്ജിയാണ്. ഇന്നെനിക്ക് നീതിയോടെ വിധിക്കാനേ പറ്റുകയുള്ളൂ. അന്നു ഞാൻ നിനക്കുവേണ്ടി വാദിച്ചു. എന്നാൽ ഇന്ന് എനിക്ക് വാദിക്കാൻ പറ്റുകയില്ല.

ഇന്ന് കരുണയുള്ള കർത്താവ്, ഈ കൃപായുഗത്തിൽ വക്കീലായി നില്ക്കുകയാണ്. നമ്മുടെ പാപങ്ങൾ മുഴുവനും നമ്മിൽ നിന്ന് മാറ്റുവാൻ നമുക്ക് വേണ്ടി വാദിച്ചുകൊണ്ട് കർത്താവായ യേശു നിൽക്കുകയാണ്.

പക്ഷേ അവൻ ന്യായാധിപതിയായി എഴുന്നള്ളിവരുന്ന ഒരു ദിവസമുണ്ട്. അവൻ ന്യായാധിപതികളുടെ ന്യായാധിപതിയായി എഴുന്നള്ളിവരുന്ന ഒരു ദിവസമുണ്ട്.

“ഞങ്ങളുടെ കർത്താവെ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുകയും, നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കി പ്പാർക്കുകയും ചെയ്യുന്നു,” എന്നു നാളുകളായി ദൈവജനം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് നിറവേറുന്ന ഒരു സമയം വരാൻ പോകുന്നു.

യേശു ക്രിസ്തു വീണ്ടും വരും, അവൻ വീണ്ടും വരുമ്പോൾ അന്ന് നമുക്ക് അനുതപിക്കാൻ സമയമില്ല, അന്ന് നമുക്ക് മനം തിരിയാൻ അവസരമില്ല. ഇന്ന് കൃപയുടെ വാതിൽ തുറന്നിരിക്കുന്നു. അവൻ വസ്ത്രാലംകൃതനായി വരുന്നതിനുമുമ്പ്, ഇന്നവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്ന ഈ കാലം, അവന്റെ കൃപയുടെ വാതിൽ തുറന്നിരിക്കുമ്പോൾ, അവൻ നമുക്കുവേണ്ടി തുറന്നിരിക്കുന്ന ആ തിരുവിലാവിൽക്കൂടി അവന്റെ സ്നേഹം നിറഞ്ഞ ചങ്കിനുള്ളിൽ നമുക്ക് കയറിപ്പറ്റാം, നമുക്കുവേണ്ടി തുറന്നിരിക്കുന്ന ഹൃദയത്തിൽ നമുക്ക് പ്രവേശനം പ്രാപിക്കാം. ഇപ്പോഴിതാ സുപ്രസാദകാലം വന്നിരിക്കുന്നു, ഇന്നിതാ രക്ഷാദിവസം വന്നിരിക്കുന്നു.

യേശു ക്രിസ്തു തന്റെ മുറിഞ്ഞ കരം നീട്ടിക്കൊണ്ട് നമ്മുടെ അടുക്കൽ വന്നിരിക്കുകയാണ്. സ്നേഹിതരെ, നിങ്ങൾ എന്തു തീരുമാനിക്കുന്നു.

ഒന്ന് : അവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവൻ

ഇളകി. "ഇവൻ ആര്" എന്നു പറഞ്ഞു.
മത്തായി : 21-10

രണ്ട് : പാപമോചനവും കൊടുക്കുന്ന "ഇവൻ ആര്" എന്നു തമ്മിൽ പറഞ്ഞു. ലൂക്കോസ് : 7: 49

മൂന്ന് : അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നു. "ഇവൻ ആര്"?
ലൂക്കോസ് 8:25

നാല് : ഏദോമിൽ നിന്ന് രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആര്?
യെശയ്യാവ് 63:1

അഞ്ച് : വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആര്?
യെശയ്യാവ് 63:1

അവൻ നഗരത്തിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി. എന്റെ ദൈവമേ ഇന്ന് എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എനിക്കുവേണ്ടി രക്താംബരം ധരിച്ചുകൊണ്ട് കുരിശിൽ മരിച്ച യേശുവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു, കർത്താവേ, വസ്ത്രാലംകൃതനായി നീ രണ്ടാമത് എഴുന്നള്ളി വരുന്ന ദിവസത്തെ ഞാൻ ഓർക്കുന്നു, ഞാനന്ന് ലജ്ജിതനായി നിൽക്കാതിരിപ്പാൻ ഇന്നു ഞാനിതാ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു. കർത്താവേ, നീ എന്നോട് മനസ്സലിയണമേ. എന്റെ നാഥാ, എന്റെ പാപങ്ങൾക്ക് ഒരു മോചനം തരണമേ. എന്റെ കൊടുങ്കാറ്റുകളെ ശാന്തമാക്കണമേ, എന്റെ ചുഴലിക്കാറ്റുകളെ അമർച്ച വരുത്തണമേ, എന്റെ തിരമാലകളെ ശാന്തമാക്കണമേ.

നമ്മുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നമുക്ക് കൊടുക്കാം. ദൈവം നമ്മുടെ ജീവിതത്തിൽ കടന്നുവരട്ടെ. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കട്ടെ. ക്രിസ്തുവിനു

നമ്മുടെ ഹൃദയത്തിൽ ഇടം കിട്ടട്ടെ, ക്രിസ്തു നമ്മെ ആശീർവദിക്കട്ടെ. ക്രിസ്തു നമ്മുടെ രോഗങ്ങൾക്ക് സൗഖ്യം തരട്ടെ. ക്രിസ്തു നമ്മുടെ പാപബന്ധനങ്ങൾ അകറ്റട്ടെ, ക്രിസ്തു നമ്മിൽ നിന്ന് ഭൂതാത്മാക്കളെ പുറത്താക്കട്ടെ, ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ കൊടുങ്കാറ്റുകളെ ശാന്തമാക്കട്ടെ. ക്രിസ്തു നമ്മുടെ ജീവിതപ്പടകിനെ സ്ഥിരമായി നിറുത്തുമാറാകട്ടെ.

നിന്റെ ഹൃദയത്തിൽ ഒരു തീരുമാനം എടുക്കാമോ? എന്റെ കർത്താവെ ഇന്നുവരേയും നിന്നെ അറിയാത്തവനായി ഞാൻ ജീവിച്ചു. നിനക്ക് എന്റെ ഹൃദയത്തിൽ ഇടം തന്നില്ല. എന്റെ ജീവിതം നിനക്കുവേണ്ടി വിട്ടുതന്നില്ല. ഞാൻ പിശാചിന്റെ അടിമയായി ജീവിച്ചുപോയി. ഞാൻ അനേകം പാപങ്ങൾക്ക് അടിമയായി എന്റെ കാലം കഴിച്ചുപോയി. ഒരു പുതിയ ജീവിതം ഞാൻ ആഗ്രഹിക്കുകയാണ്.

ക്രിസ്തുവിനെ ഉൾക്കൊള്ളുവാൻ, ജീവിതത്തിന് വില തരുന്ന ക്രിസ്തുവിനെ സ്വീകരിപ്പാൻ, ജീവിതത്തെ മൂല്ല്യവത്താക്കുന്ന ക്രിസ്തുവിനെ കൈക്കൊള്ളുവാൻ, ജീവിതത്തിന് അർത്ഥം തരുന്ന ക്രിസ്തുവിനെ സ്വീകരിപ്പാൻ ഈ നിസ്സാര ആയുസ്സ്, ഉടയവനേ, നിന്റെ കരങ്ങളിലേക്ക് തരുന്നു.

എന്റെ നീറിപ്പുകയുന്ന ജീവിതത്തിനു ആശ്വാസം തരാൻ, എന്റെ ജീവിതപ്പടകിലേക്ക് നീ എഴുന്നള്ളി വരണമേ. നമുക്ക് ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ഒരു വാക്ക് കർത്താവിനോട് പറയാം. “യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.”

നമുക്ക് പ്രാർത്ഥിക്കാം. ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അൻപുള്ള, കരുണയുള്ള കർത്താവേ, ജീവന്റെ ഉടയവനായ യേശുവേ, യേശു പാപമോചനം നൽകുന്നവനാണെന്നറിയാൻ കാറ്റിനേയും വെള്ളത്തേയും ശാസിച്ച് അമർച്ച വരുത്തുന്നവനാണെന്നറിയാൻ, പ്രകൃതിശക്തിയെ അമർച്ച വരുത്തുന്നവനാണെന്നറിയാൻ, ഞങ്ങൾക്കുവേണ്ടി കുരിശിൽ

മരിച്ചനാണെന്നറിയാൻ, ഇനിയും ഞങ്ങളെ സ്വീകരിപ്പാൻ വീണ്ടും വരുന്നവനാണെന്നറിയാൻ, യേശു ആർ? എന്നറിഞ്ഞ് ഞങ്ങളുടെ ജീവിതം ചലിക്കാൻ സംഗതിയാക്കണമേ.

## പതിനഞ്ച്

"ഏദോമിൽനിന്നു, രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്നു വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ? നീതിയെ അരുളിച്ചെയ്യുന്നവനും രക്ഷിപ്പാൻ വല്ലഭനുമായ ഞാൻ തന്നേ." യെശയ്യാവു 63 : 1

"ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതുകണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും." വെളിപ്പാടു 1 : 7

"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്." വെളിപ്പാട് 22 : 12

ഈ മൂന്നുവാക്യങ്ങളിലും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് വളരെ സംക്ഷിപ്തമായി പറഞ്ഞിരിക്കുന്നു.

ഏദോമിൽനിന്ന് രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്ന് വരുന്നോരിവൻ ആർ? അതു ഒന്നാമത്തെ വരവിനെ കാണിക്കുന്നതാണ്. യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂ

റ്റമ്പത് വർഷം മുൻപ് യെശയ്യാ പ്രവാചകൻ മുൻകൂട്ടിക്കണ്ട ഒരു ദർശനം.

ആരാണ് രക്തം പുരണ്ട വസ്ത്രം ധരിച്ചുകൊണ്ട് കയറിവരുന്നത്. ബൊസ്രയിൽ നിന്നും ഒരാൾ കയറിവരുന്നു. ഒരു താഴ്വരയിൽ നിന്ന് ഒരാൾ എഴുന്നേറ്റ് കയറിവരുന്നു. ആരാണിത്.?

ശരീരത്തിൽ ധരിച്ചിരിക്കുന്ന മുഴുവൻ വസ്ത്രവും രക്തമയമാണ്. ചോരയിൽ മുക്കി എടുത്തതുപോലെയുള്ള വസ്ത്രം ധരിച്ചുകൊണ്ട് ഒരാൾ കയറി വരുന്നു. ഉടനെ പ്രവാചകൻ ചോദിക്കുകയാണ്.

> "നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്ക് ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്?" യെശയ്യാവു 63 : 2

പ്രവാചകന് മനസ്സിലായില്ല. എന്താണ് അങ്ങനെ രക്തംപുരണ്ട വസ്ത്രം ധരിച്ച് ഒരാൾ കയറി വരുന്നത്, അർത്ഥം ഗ്രഹിക്കുന്നില്ല, പ്രവാചകൻ ഈ കാഴ്ച കാണുന്നതേയുള്ളു

> ''ഞാൻ ഏകനായി മുന്തിരിച്ചക്കുചവുട്ടി; ജാതികളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല." യെശയ്യാവു 63 : 3

> "ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു; ഞാൻ വിസ്മയിച്ചുനോക്കി എങ്കിലും തുണപ്പാൻ ആരേയും കണ്ടില്ല; അതുകൊണ്ട് എന്റെ ഭുജം തന്നേ എനിക്കു രക്ഷ വരുത്തി." യെശയ്യാവു 63 : 5

കർത്താവായ യേശുക്രിസ്തു തന്റെ പ്രിയപ്പെട്ട അരുമ ശിഷ്യന്മാരാൽ പരിത്യജിക്കപ്പെട്ടവനായി, തന്റെ ഏറ്റവും അടുപ്പമുള്ള പത്രോസ്ശ്ലീഹാ തള്ളിപ്പറഞ്ഞവനായി, യോഹന്നാൻ ശ്ലീഹാ ഒഴികെ മറ്റുള്ളവരെല്ലാം തന്നെവിട്ട് ഓടിപ്പോയ

സ്ഥിതിയിൽ ഏകനായി കുരിശുമരണം വഹിച്ചതിനെയാണ് യേശു ജനിക്കുന്നതിനു എഴുന്നൂറ്റമ്പത് വർഷം മുമ്പ് യെശയ്യാപ്രവാചകൻ അവിടെ കാണുന്നത്, പ്രവചിക്കുന്നത്.

എന്നാൽ അതിനോടുചേർന്ന് യെശയ്യാവ് മറ്റൊരു കാഴ്ച കാണുന്നു. അതാണ് ഒന്നാം വാക്യത്തിൽ കാണുന്നത്.

''ഏദോമിൽനിന്ന്, രക്താംബരം ധരിച്ചുകൊണ്ട് ബൊസ്രയിൽ നിന്ന് വരുന്നോരിവൻ ആർ? വസ്ത്രാലംകൃതനായി തന്റെ ശക്തിയുടെ മാഹാത്മ്യത്തിൽ നടകൊള്ളുന്നോരിവൻ ആർ?" പ്രവാചകൻ രണ്ടുകാഴ്ചയും ഒരേസമയത്ത് കാണുകയാണ്.

വസ്ത്രാലംകൃതനായി ശക്തിയുടെ തേജസ്സിൽ, ശക്തിയുടെ മാഹാത്മ്യത്തിൽ നട കൊള്ളുന്നവനായി, തേജോമയനായ ഒരുവനിതാ കയറിവരുന്നു.

പ്രവാചകന് ഒന്നും മനസ്സിലായില്ല. അതിന്റെ ഇടയിലുള്ള കാലയളവ് പ്രവാചകന് മനസ്സിലായില്ല.

കർത്താവായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിട്ട്, ഇന്നിതാ രണ്ടായിരത്തോളം വർഷങ്ങൾ പിന്നിടുന്നു. നാമാരും നിനച്ചിരിക്കാത്ത ഒരു സമയത്ത്, നാമാരും പ്രതീക്ഷിക്കാത്ത ഒരുസമയത്ത് തേജോമയനായി, രാജാധിരാജനായി, കാരുണ്യത്തിന്റെ നികേതനമായി, കൃപയുടെ അധിപതിയായി, പരിശുദ്ധന്മാരെ ചേർക്കുവാൻ കർത്താവായ യേശുക്രസ്തു ആകാശമേഘങ്ങളിൽ വരും.

ഏതുകണ്ണും അവനെകാണും. അവനിതാ മേഘാരൂഢനായി വരും, ആകാശമേഘങ്ങളിൽ അവൻ വരും, മുകിലഴകിന്മേൽ അവൻ ആഘോഷിതനായിത്തീരും എന്ന് പിതാക്കന്മാർ പാടിയത്, നാം പാടാറുണ്ടല്ലോ.

"മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ-
മുകിലഴകിൻ മേലാഘോഷിതനായീടുന്നൂ,

നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.”

മൃതരെ ജീവിപ്പിപ്പാൻ എഴുന്നുള്ളുന്ന രാജാവ് മുകിൽ അഴകിന്മേൽ ആഘോഷിതനായീടുന്നു. മേഘത്തിന്റെ ശോഭയിന്മേൽ അവൻ ആഘോഷിതനാകുന്നു.

“ഇതാ, അവൻ മേഘാരൂഢനായി വരുന്നു., ഏതുകണ്ണും, അവനെ കുത്തിത്തുളെച്ചവരും അവനെ കാണും.” വെളിപ്പാട് 1 : 7

“ഞാൻ അൽഫയും ഓമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു.” വെളിപ്പാട് 22 : 13

ആദിയില്ലാത്ത ആദിയും അന്തമില്ലാത്ത അന്തവുമായ നിത്യനായ ദൈവപുത്രൻ, അവൻ അരുളിച്ചെയ്യുന്നു, തന്റെ കൈപ്പണിയായ ഈ ഭൂമിയിലേക്ക്, തന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട, തന്റെ പരിശുദ്ധന്മാരെ ചേർക്കുവാൻ, കർത്താവായ യേശുക്രിസ്തു വീണ്ടും വരുമെന്ന്:

ഒന്നാമത്തെ വരവിനെകുറിച്ച് പഴയനിയമങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രവചനങ്ങളെക്കാൾ കൂടുതൽ രണ്ടാമത്തെ വരവിനെക്കുറിച്ച് പുതിയ നിയമത്തിലും പഴയ നിയമത്തിലുമായി പറഞ്ഞിരിക്കുന്നു.

മൂന്നൂറിൽ ഏറെ പ്രാവശ്യം യേശുക്രിസ്തുവിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും വരവിനെക്കുറിച്ച് തിരുവചനത്തിൽ നാം വായിക്കുന്നുണ്ട്.

യെശയ്യാ പ്രവാചകന്റെ പുസ്തകം ഏഴാം അദ്ധ്യായത്തിൽ പതിനാലാം വാക്യം ഇങ്ങനെ കാണുന്നു.

“അതുകൊണ്ട് കർത്താവ് തന്നേ നിങ്ങൾക്ക് ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ

പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും."

ഇത് യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനെക്കുറിച്ചാണ്. യെശയ്യാ പ്രവാചകൻ യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റി അൻപതു വർഷം മുൻപ് "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" എന്ന് പ്രവചിച്ചപ്പോൾ അത് എഴുതിക്കൊണ്ടിരുന്ന പ്രവാചക ശിഷ്യനായ ശിമെയോൻ എഴുത്തു നിർത്തി. പിതാക്കന്മാരുടെ പാരമ്പര്യം അങ്ങിനെ ഒരു ഐതിഹ്യം പറയാറുണ്ട്.

ശിമെയോൻ അത്ഭുതത്തോടെ പ്രവാചകന്റെ മുഖത്തേക്കു നോക്കി.

യെശയ്യാവു പിന്നേയും പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും."

അല്ല, അതുകൊണ്ടാണ് എഴുതാത്തത്, ശിമെയോൻ പറഞ്ഞു.

അതെന്താണ് നിനക്ക് സംശയം?

പുരുഷ സ്പർശനമില്ലാത്ത സ്ത്രീയല്ലേ കന്യക, പുരുഷനെ അറിയാത്ത സ്ത്രീയല്ലേ, കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്ന് അങ്ങനെ എഴുതാമോ? അത് തെറ്റല്ലേ?

യെശയ്യാവ് പറഞ്ഞു : ദൈവംതമ്പുരാൻ എനിക്ക് അങ്ങനെയാണ് പറഞ്ഞു തന്നത്, അതാണ് എനിക്ക് കിട്ടിയ പ്രവചനം, എനിക്ക് കുടുതൽ അറിഞ്ഞുകൂടാ. നീ അങ്ങനെതന്നെ എഴുതു.

ശിമെയോൻ എഴുതാൻ മടിച്ചതുകൊണ്ട് പ്രവാചകൻ പറഞ്ഞു.

"നിന്റെ കണ്ണുകൊണ്ട് കർത്താവിന്റെ ക്രിസ്തുവിനെ

നേരിട്ടു കാണാതെ നീ ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടുകയില്ല."

യെശയ്യാവ് പറഞ്ഞത് ശിമെയോൻ എഴുതി. എഴുന്നൂറ്റമ്പതിൽ ഏറെകൊല്ലം ശിമെയോൻ ജീവിച്ചിരുന്നു. ലൂക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായം ഇരുപത്തൊന്നാം വാക്യം മുതൽ വായിക്കുമ്പോൾ കാണാം. ഈ ശിമെയോൻ യേശുക്രിസ്തു ജനിച്ച് നാല്പത്തി ഒന്നാമത്തെ ദിവസം, കന്യക മാതാവും യൌസേപ്പു പിതാവും കൂടി യേശുക്കുഞ്ഞിനെ യെരുശലേം ദേവാലയത്തിൽ കൊണ്ടു വന്നപ്പോൾ, ഈ ശിശുവിനെ ഏറ്റു വാങ്ങിയിട്ടു പറഞ്ഞു.

> "ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കുന്നു, ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ."
>
> ലൂക്കോസ് 2 : 29-31

യെശയ്യാവ് ഒൻപതാം അദ്ധ്യായത്തിൽ രണ്ടാം വാക്യം മുതൽ ഇങ്ങനെ വായിക്കുന്നു.

> "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു."

യേശുക്രിസ്തുവിന്റെ ജനനം മൂലം സമൂഹത്തിലുണ്ടാകുന്ന വെളിച്ചത്തിന്റെ വേലിയേറ്റത്തെ കുറിച്ചാണ് യെശയ്യാവ് മുൻകൂട്ടി പറഞ്ഞത്.

> വീണ്ടും യിരെമ്യാപ്രവാചകൻ പറയുകയാണ് "രാമയിൽ ഒരു ശബ്ദം കേൾക്കുന്നു! വിലാപവും കഠിനമായുള്ള കരച്ചിലും തന്നേ; റാഹേൽ തന്റെ

മക്കളെക്കുറിച്ച് കരയുന്നു......"     യിരമ്യാവു 31 : 15

എന്താണ് ഈ പ്രവചനത്തിന്റെ അർത്ഥം? യേശുക്കുഞ്ഞ് ജനിച്ചു കഴിഞ്ഞതിനുശേഷം, ഹെരോദാ രാജാവ് ശിശുക്കളെ കൊന്നതിനെക്കുറിച്ച് മുൻകൂട്ടി പ്രവാചകൻ കാണുകയാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പല പല കാര്യങ്ങൾ വർഷങ്ങൾക്കുമുൻപ് വേദപുസ്തകത്തിൽ രേഖപ്പെടുത്തി.

യേശുക്രിസ്തു വാഹനമൃഗവുമായി കഴുതക്കുട്ടിമേൽ കയറി യേരുശലേം ദേവാലയത്തിലേക്ക് ഹോശന്നാ പെരുന്നാൾ ദിവസം പോകുന്നത് സെഖര്യ്യാ പ്രവാചകൻ യേശുക്രിസ്തു ജനിക്കുന്നതിന് അറുന്നൂറുകൊല്ലം മുമ്പ് കാണുകയും പ്രവചിക്കുകയും ചെയ്തു.

> "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു."     സെഖര്യ്യാവ് 9 : 9

യേശുക്രിസ്തു ജനിക്കുന്നതിന് ഏകദേശം എഴുന്നൂറ്റമ്പതു വർഷംമുൻപ് തന്റെ ഐഹീക ജീവിതകാലത്ത് അനേകർക്ക് സൗഖ്യം കൊടുക്കുന്നതിനെക്കുറിച്ച് യെശയ്യാവ് പറയുന്നുണ്ട്.

> "അന്നു കുരുടന്മാരുടെ കണ്ണുതുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും."
>
> യെശയ്യാവ് 35 : 5-6

യേശുക്രിസ്തു ജനിക്കുന്നതിന് അറുന്നൂറ്റമ്പതു വർഷം മുൻപ് യേശുവിന്റെ ജനനത്തെക്കുറിച്ച് മീഖാ പ്രവാചകൻ ദർശിച്ചു പറഞ്ഞു.

> "നീയോ, ബേത്ത്ലഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്നു ഉത്ഭവിച്ചുവരും."
>
> മീഖാ 5 : 2

പ്രവചനമെല്ലാം അക്ഷരീകമായി നിറവേറി. യേശുവിന്റെ കഷ്ടാനുഭവം, യേശു കുരിശിൽ കിടന്നു കരയുന്നത് ആയിരത്തിലേറെ വർഷങ്ങൾക്കു മുൻപേ ദാവീദ് മുൻകൂടി കണ്ടു.

> "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" സങ്കീ. 22 : 1

യേശുക്രിസ്തു ക്രൂശിൽ യാതന ഏൽക്കുന്നതിനെ കുറിച്ച്, യേശു ജനിക്കുന്നതിന് രണ്ടായിരം വർഷം മുൻപ് മോശെ മുൻകൂട്ടി കണ്ടു.

> അവൻ മുന്തിരി വള്ളിയോടു ചെറുകഴുതയേയും, വിശിഷ്ട മുന്തിരിവള്ളിയോടു കഴുതക്കുട്ടിയെയും കെട്ടുന്നു. അവൻ വീഞ്ഞിൽ തന്റെ ഉടുപ്പും ദ്രാക്ഷാരസത്തിൽ തന്റെ വസ്ത്രവും അലക്കുന്നു. അവന്റെ കണ്ണു വീഞ്ഞുകൊണ്ട് ചുവന്നും അവന്റെ പല്ലു പാലുകൊണ്ട് വെളുത്തും ഇരിക്കുന്നു.
>
> ഉല്പത്തി 49 : 11-12

ഈ പ്രവചനങ്ങളെല്ലാം അക്ഷരീകമായി നിറവേറിയിരിക്കെ; നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്ന യേശുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം നിറവേറുകതന്നെ ചെയ്യും.

അതുകൊണ്ടാണ് വിശുദ്ധ കുർബ്ബാനയുടെ ഗൗരവമേറിയ സമയത്ത്, പ്രാർത്ഥിച്ചു ചൊല്ലുന്നത്.

"ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ

ഓർക്കയും നിന്റെ ഉയർത്തെഴുന്നേൽപ്പിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി ഞങ്ങൾ നോക്കി പാർക്കയും ചെയ്യുന്നു."

രണ്ടാമത്തെ എഴുന്നള്ളത്തിനെപ്പറ്റി പിതാക്കന്മാർ ദൃഢമായി വിശ്വസിച്ചിരുന്നു; ആഴമേറിയ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് പിൽക്കാലതലമുറ ആ പ്രാർത്ഥന ഏറ്റു പറയുവാൻ പഠിപ്പിച്ചുതന്നു.

വിശ്വാസപ്രമാണത്തിൽ രണ്ടാമത്തെ ഖണ്ഡിക അവസാനിക്കുന്നത് ഇങ്ങനെയാണ്.

"ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുമിശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു."

അവസാനത്തെ ഖണ്ഡികയിൽ നാം ഇങ്ങനെ കാണുന്നു. "പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമേ ഉള്ളൂ എന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ് മരിച്ചുപോയവരുടെ ഉയർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു."

മരിച്ചവർ ഉയർക്കും എന്ന് നാം വിശ്വസിക്കുന്നു. അതിനുവേണ്ടി നാം നോക്കിപ്പാർക്കുന്നു. പിതാക്കൻമാർ പാടുവാൻ നമ്മെ പഠിപ്പിച്ച ഒരു ഗീതം ഇങ്ങിനെയാണ് :

"ആശ്വാസം സ്മൃതിയൊടു മൃതതാതാ-
ഭ്രാതാക്കൾക്കേകീടണമെ, നിർത്തണമേ
താവകപൂജകരെ
പരിശുദ്ധന്മാരുടെ നിരയിൽ
സിംഹാസന സംസ്ഥിതനായ് നീ
സത്തമരെത്തിരയുന്നേരം

വിധി നിലയേ ദയകണ്ടെത്തി,
താവക മഹിമോദയ ദിവസേ
നിൻവലമായവർ നിൽക്കണമെ.”

കർത്താവെ, നിന്റെ മഹത്വം ഉദിക്കുന്ന ദിവസം ഞങ്ങളുടെ വാങ്ങിപ്പോയവർ നിന്റെ പരിശുദ്ധന്മാരുടെ നിരയിൽ നിൽക്കണം. ഈ ഗീതം പാടുന്ന ഞങ്ങൾക്കും നിന്റെ വലത്തുഭാഗത്ത് നിൽക്കണം. യേശുക്രിസ്തു എന്താണ് പറഞ്ഞത്?

> ‘‘നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.”
>
> യോഹ. 14 : 1–3

ജീവിതത്തിൽ യാതനകളുണ്ട്; പുകപടലം പടർന്ന അന്തരീക്ഷമുണ്ട്; ദുരിതംപിടിച്ച സാഹചര്യങ്ങൾ ഉണ്ട്. എന്നാൽ സാഹചര്യങ്ങളുടെ വിടവിലൂടെ നോക്കിയാൽ തെളിഞ്ഞുല്ലസിക്കുന്ന പ്രകാശമാനമായ നക്ഷത്രങ്ങൾ നമുക്ക് കാണാം. ആനന്ദകരമായ അനുഭവങ്ങൾ നമുക്ക് നേടിയെടുക്കാം. സന്തോഷത്തിന്റെ സുപ്രഭാതങ്ങൾ നമ്മുടെ മുൻപിൽ വിരിയും. ആനന്ദത്തിന്റെ പുതുനാമ്പുകൾ നമ്മുടെ ജീവിതത്തിൽ ഇനിയും വിരിഞ്ഞുവരും. നല്ല നാളെ നമുക്ക് സന്തോഷം തരുമെന്ന് പറയുന്ന കർത്താവായ യേശുവിനെ നാം കൈക്കൊള്ളുക. യേശുവിനെ നാം സ്വീകരിക്കുക. യേശുവിനെ നാം പിൻപറ്റുക.

അതിനു സഭ മാറേണ്ട; സമുദായം മാറേണ്ട, അതിന്

വേറെ ഉപദേശങ്ങളിലേക്ക് പോകേണ്ട, അവരവർ നിൽക്കുന്ന സഭയിൽ ഉറച്ചു നിൽക്കണം, അവരവർ പോകുന്ന പള്ളിയിൽ തന്നെ പോകണം. അവരവർ നിൽക്കുന്നതായ സാഹചര്യത്തിൽത്തന്നെ നിൽക്കണം. എന്നാൽ ഹൃദയത്തിനു ശാന്തി തരുന്ന ക്രിസ്തുവിനെ കൈകൊള്ളാൻ പറ്റും. മനസ്സ് മാറണം. ആളത്വം രൂപാന്തരപ്പെടണം.

മനസ്സമാധാനം തരുന്ന ഒരു ക്രിസ്തു ഉണ്ട്; മനസ്സുമാറ്റുന്ന ഒരു ക്രിസ്തു ഉണ്ട്; മനസ്സിന് ശാന്തി തരുന്ന ഒരു ദൈവം ഉണ്ട്. ക്രിസ്തുവിനെ കൈക്കൊള്ളുമ്പോൾ, ക്രിസ്തു തരുന്ന ശാന്തി അനുഭവിക്കുമ്പോൾ, ജീവിതം ആനന്ദസന്ദായകമായി മാറുന്നു. ജീവിതം പ്രകാശ പൂരിതമായിത്തീരുന്നു. ജീവിതം ആഹ്ളാദഭരിതമായി മാറുന്നു. ആനന്ദാനൂതി എന്നെന്നേക്കും നിലനിൽക്കുന്ന ഈ സമാധാനത്തിന്റെ അത്ഭുതാനുഭവങ്ങൾ കരുണയുള്ള കർത്താവ് പ്രദാനം ചെയ്യട്ടെ.

## പതിനാറ്

"ഗലീലാ പുരുഷൻമാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതു പോലെതന്നേ അവൻ വീണ്ടുംവരും" എന്ന് പറഞ്ഞു. അപ്പോ പ്ര. 1 : 11

യേശു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ മാലാഖമാർ പറഞ്ഞു : "നിങ്ങൾ ഇപ്പോൾ ഈ യേശു ഉയരത്തിലേക്ക് പോകുന്നത് കണ്ടില്ലേ; ഇതുപോലെ തന്നെ അവൻ വീണ്ടും വരും;" മാലാഖമാരുടെ സാക്ഷ്യം അതാണ്.

യേശുവിന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായ പത്രോസ് ശ്ലീഹാ എന്താണ് പറഞ്ഞത്.

"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിക യും ഭൂമിയും അതിലുള്ള പണികളും

വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കുമായിട്ടു കാത്തിരിക്കുന്നു. 2 പത്രോസ് 3 : 10-13

കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച്, തന്റെ അരുമ ശിഷ്യനായ യോഹന്നാൻ ശ്ലീഹാ പറഞ്ഞു:

"നാം ഇപ്പോൾ ദൈവമക്കളാകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ട് അവനോട് സദൃശൻമാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു."

1 യോഹ 3 : 2-3

കർത്താവിന്റെ പ്രിയപ്പെട്ട പൗലോസ് ശ്ലീഹാ കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ച് എന്താണ് പറയുന്നത് എന്ന് നോക്കാം.

"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ചു

ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ." 1 തെസ്സലൊ 4 : 16-18

കർത്താവിന്റെ ശിഷ്യന്മാരിൽ ഒരുവനായിരുന്ന യാക്കോബ് ശ്ലീഹാ പറഞ്ഞു.

"എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിന്നു കാത്തുകൊണ്ട് മുന്മഴയും പിന്മഴയും അതിന്നു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു."

യാക്കോബ് 5 : 7-8

യാക്കോബ് ശ്ലീഹാ വീണ്ടും പറയുകയാണ്: "സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങി പോകരുത്; ഇതാ ന്യായാധിപതി വാതിൽക്കൽ നില്ക്കുന്നു."

യാക്കോബ് 5 : 9

യൂദായുടെ ലേഖനത്തിൽ ഇങ്ങിനെ പറയുന്നുണ്ട്.

"ഇതാ കർത്താവു എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു. യൂദാ : 15

യേശു വീണ്ടും "വന്നിരിക്കുന്നു" എന്നാണ് പ്രവചിച്ചത്. വരാൻ പോകുന്ന കാര്യം മുൻകൂട്ടി കണ്ടു. യൂദാശ്ലീഹാ, ആദാം മുതൽ ഏഴാമനായ ഹാനോക്ക് പറഞ്ഞതിനെക്കുറിച്ച് എടുത്തു പറയുകയാണ്. യൂദായുടെ ലേഖനത്തിലും, യേശുവിന്റെ രണ്ടാമത്തെ വരവ് സാക്ഷിക്കുന്നു. കൂടാതെ കർത്താവ് പറഞ്ഞു, കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് മാലാഖമാർ പറഞ്ഞു, പത്രോസ് ശ്ലീഹാ പറഞ്ഞു യോഹന്നാൻ ശ്ലീഹാ പറഞ്ഞു. യാക്കോബ് ശ്ലീഹാ പറഞ്ഞു. ഒടുവിലത്തെ പുസ്തകമായ വെളിപ്പാടു അവസാനിക്കുമ്പോൾ അവസാന വാക്യത്തിന്റെ തൊട്ടുമുൻപ് പറയുന്നു.

"ആമേൻ, കർത്താവായ യേശുവേ, വരേണമേ" നമ്മുടെ പിതാക്കന്മാർ പാടിയത് ഇങ്ങനെയാണ്.

മൃതരെ ജീവിപ്പിനെഴുന്നെള്ളും രാജാ-
മുകിലഴകിൻ മേലാഘോഷിതനായീടുന്നു,
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

കർത്താവ് വീണ്ടും വരും. കർത്താവ് വരുമ്പോൾ എന്തെല്ലാം സംഭവിക്കും? മൂന്നു കാര്യങ്ങൾ സംഭവിക്കും.

ഒന്ന് : മരിച്ച വിശുദ്ധന്മാർ ഉയിർക്കും

രണ്ട് : ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും.

മൂന്ന് : മരിച്ചവിശുദ്ധന്മാരോടു കൂടെ ജീവനോടിരിക്കുന്ന വിശുദ്ധന്മാർ ഒരുമിച്ച് ആകാശമേഘങ്ങളിൽ പറന്ന് ക്രിസ്തുവിന്റെ സന്നിധിയിലെത്തും.

"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു." വിശുദ്ധന്മാർ മാത്രമേ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുളളവരാകുകയുള്ളൂ. ഓർക്കുക, മരിച്ചുപോയവരിൽ വിശുദ്ധന്മാരായവർ മാത്രം.

അതുകൊണ്ടാണ് നമ്മുടെ പിതാക്കന്മാർ പാടിയത്.

ശരണത്താലെ നിൽ കൃപയിൽ-
മരണമടഞ്ഞൊരു ദാസരെനിൻ,
ജീവസ്വരമതുണർത്തണമേ-
കബറീന്നുദ്യാനത്തിന്നായ് .

വാങ്ങിപ്പോയ വിശുദ്ധമാരുടെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് പിതാക്കന്മാർ മുൻകൂട്ടി വിഭാവനം ചെയ്തു. അവർ ഈ വേദപുസ്തകസത്യം ഗ്രഹിച്ചവരും, പഠിച്ചവരും, പഠിപ്പിക്കുന്നവരുമായിരുന്നു.

കർത്താവേ നിന്റെ കൃപയിൻ ശരണത്താൽ മരണമടഞ്ഞ ദാസരെ നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ ജീവസ്വരം, കബറുകളിൽനിന്ന് ഉയർത്തെഴുന്നേൽപിക്കണമെ. എന്തിന്? ഉദ്യാനത്തിന്നായി, സ്വർഗ്ഗീയ പറുദീസയിലേക്ക് സ്വീകരിപ്പാനായി ഉയർത്തെഴുന്നേൽപ്പിക്കണമേ. നാം വീണ്ടും ഇങ്ങനെ പാടുന്നുണ്ട്.

“നിൻ ശരണേ മൃതരാം
താതസഹോദരരിൽ
ചൊരിയണമേ മോദ-
പ്പനിനീരെൻനാഥാ
നിന്നിൽ ശരണത്താൽ-
നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും-
മൃതരിൽ കനിയണമെ.

ഇവിടെ രണ്ടു പാദങ്ങളിലും ശരണം എന്ന വാക്ക് നമുക്കു കാണാൻ സാധിക്കും. പൂർവ്വപിതാക്കന്മാർ പണ്ട് നോമ്പിലെ പ്രാർത്ഥനയിൽ ‘ശരണം കണ്ടിച്ചുപോകരുതേ’ എന്നു പ്രാർത്ഥിക്കുന്ന ഒരു ഭാഗമുണ്ട്. ശരണം കണ്ടിച്ചുപോകുക എന്നതിനെക്കുറിച്ച് ഇപ്പോഴത്തെ പ്രാർത്ഥനാ പുസ്തകങ്ങളിൽ

ആശാബന്ധം എന്നാണ് പറയുന്നത്. അല്ലെങ്കിൽ പ്രത്യാശയുടെ ബന്ധം എന്നും കാണുന്നു.

ഉദാഹരണമായി കത്തിക്കൊണ്ടിരുന്ന ഒരു ട്യൂബ് ലൈറ്റ് പെട്ടെന്ന് കെട്ടുപോകുന്നു. ഉടനെ ചെന്നു നോക്കി. അപ്പോഴാണ് മനസ്സിലായത്, ഒരു Wire വിട്ടുകിടക്കുന്നു. ട്യൂബുമായുള്ള ബന്ധം വിട്ടുപോയി, ശരണം വിട്ടുപോയി. അതിന്റെ ആശാബന്ധം വിട്ടുപോയി. അവിടെ ആ ട്യൂബ് കത്തുന്നതിന്നു തടസ്സമായി സംഭവിച്ചത് എന്താണ്? ആ ട്യൂബിലേക്ക് ചെല്ലുന്ന ഒരു വയർ അവിടെ നിന്നു വിട്ടുപോയിരിക്കുന്നു. വീണ്ടും കൂട്ടിക്കെട്ടി, അതു ചേർത്തുവെച്ചു, ശരിയായി : ട്യൂബ് വീണ്ടും കത്തി.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ എപ്പോഴും ഈ സ്വർഗ്ഗീയ ട്രാൻസ്ഫോർമറുമായി ബന്ധം ഉണ്ടായിരിക്കണം.

സ്വർഗ്ഗത്തിലെ ട്രാൻസ്ഫോർമർ, കാൽവരിയിലെ കുരിശാണ്. കാൽവരി ക്രൂശിൽ ചൊരിഞ്ഞ തിരുരക്തമാണ് സ്വർഗ്ഗത്തിന്റെ പരിശുദ്ധാത്മശക്തിയുടെ ഉറവിടം. പിതാക്കന്മാർ പാടിയതിങ്ങനെയാണ്.

"നിൻ മുറിവുകളിൽ നിന്നേറ്റേൻ മൂറോൻ മണമെൻ നാഥാ-
നിന്നധരങ്ങളഹോ പട്ടിൻ നൂലോടൊത്തുള്ളൂ,
കാണ്മാൻ വന്നോരെന്നെ ഭടർചുറ്റി,
ഗോഗുൽത്തായിയ്ക്കവരെ വിട്ടോടി,
നിൻമാർവ്വു തുറന്നും രക്തം വാർന്നും കണ്ടേൻ ഞാൻ,
കുരിശാലടിയാരെ കാക്കും നാഥന്നായ് സ്തോത്രം,
ഹാല്ലേലുയ്യാ അട്ടഹസിക്കുന്നേൻ."

കർത്താവായ യേശുവിന്റെ തിരുമുറിവുകളിൽ നിന്ന് പരിശുദ്ധത്മാവിന്റെ നറുമണം പൊഴിഞ്ഞു. ആ നറുമണത്തിന്റെ, പരിശുദ്ധമായ സുഗന്ധത്തിന്റെ, അത്ഭുതകരമായ വശ്യശക്തി ആരെയെല്ലാം വശീകരിച്ച്, ആ

സ്നേഹത്തിന്റെ ചങ്ങലയിൽ കൊരുത്ത് ചേർക്കുന്നുണ്ടോ, അവരാണ് ദൈവത്തോടുള്ള ശരണത്തിൽ നിൽക്കുന്നവർ.

പ്രിയപ്പെട്ടവരേ; ഞാൻ വളരെ എളിമയോടെ ഒരു കാര്യം പറയാം. മാമോദീസാ ഏറ്റതുകൊണ്ടു മാത്രം നാം ആരും സ്വർഗ്ഗത്തിൽ പോകുകയില്ല. കുമ്പസാരിച്ചു എന്ന ഒരു ചടങ്ങ് നിർവ്വഹിച്ചു എന്നുള്ളതുകൊണ്ടുമാത്രം നാമാരും സ്വർഗ്ഗരാജ്യത്തിൽ പോകുകയില്ല. ഒരു ചടങ്ങുപോലെ കുർബ്ബാന അനുഭവിച്ചു എന്നതുകൊണ്ടുമാത്രം നാമാരും സ്വർഗ്ഗരാജ്യത്തിൽ പോകുകയില്ല.

ഒരു ചടങ്ങുപോലെ, ചില അനുഷ്ഠാനം പോലെ, ആചാരം പോലെ, ഹൃദയത്തിൽ അനുഭവമില്ലാതെ, പാപത്തോട് യാത്രപറയാതെ, പാപത്തെയോർത്ത് അനുതപിക്കാതെ, പാപത്തെ ഓർത്ത് നെടുവീർപ്പിടാതെ, ഇനി മേൽ പാപം ചെയ്യുകയില്ല എന്ന് തീരുമാനം വരാതെ, ഒരു ചടങ്ങുപോലെ പട്ടക്കാരന്റെ മുമ്പിൽ വന്ന് മുട്ടുകുത്തി പാപം ഒന്നും ഏറ്റു പറയാതെ, കുറെനേരം മൗനമായി നിന്ന് പട്ടക്കാരൻ ചില കാര്യങ്ങളെല്ലാം പറഞ്ഞുതന്നതിനു ശേഷം തലയിൽ കൈവെച്ചു പ്രാർത്ഥിച്ചു എന്നുള്ളതുകൊണ്ടുമാത്രം പാപമോചനം കിട്ടുകയില്ല.

ചടങ്ങുകളോ, ആചാരങ്ങളോ മനുഷ്യരെ ആരെയും സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുകയില്ല. എന്നാൽ ഈ ആചാരങ്ങൾക്കെല്ലാം അർത്ഥമില്ലേ? കൂദാശകളെക്കുറിച്ച് പരിശുദ്ധപിതാക്കൻമാർ പഠിപ്പിച്ചത് എന്താണ്?

"അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ ശുദ്ധകർമ്മങ്ങൾ" അപ്രത്യക്ഷമായ നന്മ ഹൃദയത്തിൽ നാം അനുഭവിക്കുന്നില്ലെങ്കിൽ നമുക്കെങ്ങനെ ജീവൻ കിട്ടും? തിരുശരീരരക്തങ്ങളെക്കുറിച്ച്, "വിശുദ്ധിയുള്ളവർക്കും, വെടിപ്പുള്ളവർക്കും മാത്രം കൊടുക്കുന്ന വിശുദ്ധതകൾ" എന്ന് നമ്മുടെ പിതാക്കൻമാർ മദ് ബഹായിൽ നിന്നുകൊണ്ട് പറയുമ്പോൾ താഴെ നിന്നു കൊണ്ട് വളരെ വിനയത്തോടെ

നാം പറയുന്നു.

‘‘പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായുമല്ലാതെ പരിശുദ്ധനില്ല.’’

വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രമേ ഉള്ളൂ എങ്കിൽ ആർക്കാണ് ഇതിന് അർഹതയുള്ളത്?

“ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള വിശുദ്ധറൂഹായ്ക്കും എന്നെന്നേക്കും സ്തുതി’’ നാം പിന്നേയും പ റയുകയാണ്.

അപ്പോൾ മദ്ബഹായിൽ നിന്നും നാം കേൾക്കുന്നത്. “പിതാവായ ദൈവം നമ്മോടുകൂടെ, പുത്രനായ ദൈവം നമ്മോടുകൂടെ, പരിശുദ്ധനായ ദൈവം നമ്മോടുകൂടെ.’’

എന്താണ് ഇതിന്റെയെല്ലാം അർത്ഥം? നമുക്കത് മനസ്സിലാക്കണ്ടേ?

പിതാവും, പുത്രനും, പരിശുദ്ധാത്മാവും നമ്മോടുകൂടെ ഇരിക്കുവാൻ തക്കവണ്ണം നാം നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കണം.

നമ്മുടെ ഹൃദയത്തിലെ കളങ്കങ്ങളെ കഴുകിക്കളയണം, വേദനയോടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. ഇനിമേലാൽ പാപം വരികയില്ല എന്നുള്ള കടുത്ത നിർ ബന്ധത്തോടെ ജീവനുള്ള ദൈവത്തോട് വാക്കു പറഞ്ഞുകൊണ്ട് :

> “ദൈവമേ, നിന്റെ ദയയ്ക്കുതക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ, നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.’’ (സങ്കീ. 51 : 1-2)

എന്നിങ്ങനെ പ്രാർത്ഥിച്ചു ദൈവകരങ്ങളിലേക്ക്, ഭാവിജീവിതം വിശുദ്ധിക്കുവേണ്ടി എൽപിച്ചു കൊടുത്തുകൊണ്ട്, പരിശുദ്ധനായ ക്രിസ്തുവിനെ സ്വീകരിക്കുക. അപ്പോൾ ഈ ശരീരം യേശുവിന്റെ ശരീരമായി മാറുന്നു. ഈ ശരീരത്തിലെ സിരകളിൽ കൂടി ഒഴുകുന്ന രക്തം യേശുവിന്റെ രക്തമായി മാറുന്നു. യേശു ജീവിതത്തിലേക്ക് വന്നു കഴിയുമ്പോൾ ജീവിതം സംശുദ്ധമായിത്തീരുന്നു, അപ്പോൾ ബുദ്ധിപോലും തെളിയുന്നു. നമ്മുടെ കഴിവു തെളിയും, രോഗം മാറും, ബന്ധനങ്ങൾ അഴിയും, ശാപങ്ങൾ മാറും, അത്ഭുതങ്ങൾ നടക്കും. അതിനായി നമുക്ക് പൂർണ്ണമായി ക്രിസ്തുവിന്റെ പാദപീഠത്തിൽ സമർപ്പിക്കാം.

## പതിനേഴ്

"ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."

എബ്രായർ 9: 28.

കർത്താവിന്റെ ശരണത്തിലുള്ളവർ മാത്രം അന്ന് ഉയർത്തെഴുന്നേൽക്കും, അവർ മാത്രം രൂപാന്തരപ്പെടും. അതുകൊണ്ടാണ് കർത്താവായ യേശുക്രിസ്തു പറഞ്ഞത്:

"അന്ന് രണ്ടുപേർ ഒരു വയലിൽ വേല ചെയ്തു കൊണ്ടിരിക്കും. രണ്ടുപേർ തിരി കല്ലിൽ പൊടിച്ചു കൊണ്ടിരിക്കും. രണ്ടുപേർ കിടക്കയിൽ ആയിരിക്കും, (ഒരേ സണ്ടെ സ്കൂളിൽ പഠിപ്പിച്ചു കൊണ്ടിരിക്കും, ഒരേ കൺവൻഷനിൽ പ്രസംഗം കേട്ടുകൊണ്ടിരിക്കും, ഒരേ പള്ളിയിലെ അംഗങ്ങളായിരിക്കും) പക്ഷേ ഒരാളെ സ്വീകരിക്കും, മറ്റെ ആളെ ഉപേക്ഷിക്കും."

രണ്ടായി തിരിയുന്ന ഒരു ദിവസമുണ്ട്. ചിലർ

കല്ലറയിൽത്തന്നെ കിടക്കും. ഒരു പറ്റം ആളുകൾ ഈ ഭൂമുഖത്ത് പിന്നെ കാണുകയില്ല. അവർ ക്രിസ്തുവിനോടു കൂടെയായിരിക്കും. കർത്താവിന്റെ രണ്ടാമത്തെ വരവിൽ ആകാശത്തിൽ സംഭവിക്കുന്നതെന്താണ്?

ഒന്ന് : കർത്താവിന്റെ ഗംഭീര നാദം

രണ്ട് : പ്രധാന ദൂതന്റെ ശബ്ദം

മൂന്ന് : ദൈവത്തിന്റെ കാഹളം

കർത്താവിന്റെ ഗംഭീരനാദം മൂന്നരക്കൊല്ലം ഗലീലനാടുകളിൽ മുഴങ്ങി. ബെത്സെയിദയിലെ മലഞ്ചരിവിൽ മുഴങ്ങി. ആ ഗംഭീരശബ്ദം അന്ന് "സ്ത്രീയെ കരയേണ്ട" എന്നു പറഞ്ഞു കൊണ്ട് നയീൻ പട്ടണത്തിന്റെ തെരുവിൽ, വിധവയായ ഒരു പാവപ്പെട്ട സ്ത്രീയുടെ മകന്റെ ശവമടക്കിനു പോകുമ്പോൾ, അവളുടെ അരികത്ത് മുഴങ്ങി. ആ ഗംഭീരനാദം, "ഞാൻ നിനക്ക് എന്തുചെയ്യണമെന്നാണ് നീ ഇച്ഛിക്കുന്നത്" എന്ന് ബർത്തിമായിയോടു ചോദിച്ചുകൊണ്ട് യെരീഹോവിന്റെ തെരുവിൽ മുഴങ്ങി. ആ ഗംഭീരനാദം അത്തി മരത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ട് "സക്കായിയെ വേഗം ഇറങ്ങി വാ" എന്നു പറഞ്ഞു. കർത്താവിന്റെ ഗംഭീരനാദം ബേഥാന്യയിലെ കല്ലറയുടെ അരികത്ത് നിന്നുകൊണ്ട്, കല്ലറയിലേക്ക് നോക്കി ക്കൊണ്ട് "ലാസറേ പുറത്തു വരിക" എന്ന് ഉച്ചത്തിൽ വിളിച്ചു.

നാളുകളായി വേദനയിലും, യാതനയിലും കഴിഞ്ഞവരെ ആശ്വസിപ്പിക്കുന്ന ശബ്ദമാണ്, ഇപ്പോൾ നിങ്ങളുടെ ഹൃദയഭിത്തിയിൽ അലയടിക്കുന്നത് എന്ന് നിങ്ങളൊന്നു വിശ്വസിക്കുന്നു എങ്കിൽ, എന്റെ ആത്മാവിൽ മരിച്ച അവസ്ഥയിൽ നിന്ന് ജീവൻ തരണമേ എന്ന് നിങ്ങൾ ഇപ്പോൾ പ്രാർത്ഥിക്കുന്നു എങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ഇപ്പോൾത്തന്നെ അത്ഭുതം സംഭവിക്കും. നിങ്ങൾ സമാധാനം അനുഭവിക്കും. യേശു നിങ്ങളുടെ ഹൃദയത്തിലേക്ക്

കടന്നുവരും.

യേശുവിനെ നിങ്ങളുടെ ഹൃദയത്തിൽ പേറിക്കൊണ്ട്, നിങ്ങളുടെ ജീവിതം ഇനിയും മുൻപോട്ടു നയിക്കാൻ കഴിയും. ഐശ്വര്യപൂർണ്ണമായ, സന്തോഷസമൃദ്ധമായ, ആനന്ദപൂരിതമായ ഒരു നല്ല നാളെയിലേക്ക് ജീവനുള്ള ക്രിസ്തു നിങ്ങളെ വഴിനടത്തും. ഈ ഭൂമിയിലെ ഐശ്വര്യം മാത്രമല്ല, കടന്നുചെല്ലുമ്പോഴുള്ള നിത്യജീവന്റെ, സ്വർഗ്ഗീയ സന്തോഷത്തിന്റെ, അത്ഭുതകരമായ അനുഭൂതികൾ നിങ്ങൾക്ക് ദൈവം തരും.

കർത്താവായ യേശു രണ്ടാമത് വരുമ്പോൾ രൂപാന്തരം പ്രാപിക്കുന്നത് ആരെല്ലാമാണ്?

| | | | | |
|---|---|---|---|---|
| ഒന്ന് | : | ക്രിസ്തുവിനുള്ളവർ | - | 1 കൊരി 15 : 23 |
| രണ്ട് | : | ക്രിസ്തുവിലുള്ളവർ | - | 1 തെസ്സ 4 : 16 |
| മൂന്ന് | : | വിശുദ്ധന്മാർ | - | വെളി 20 : 6 |
| നാല് | : | കാത്തിരിക്കുന്നവർ | - | എബ്രാ 9 : 28 |
| അഞ്ച് | : | ഒരുങ്ങിയിരിക്കുന്നവർ | - | മത്തായി 25 : 10 |

പത്തു കന്യകമാർ വിളക്കുമായി കാത്തിരുന്നു. വിളക്കിൽ എണ്ണയുണ്ടായിരുന്നു. വിളക്കിൽ തിരിയുണ്ടായിരുന്നു. വിളക്ക് കത്തുന്നുണ്ടായിരുന്നു. മണവാളനെ എതിരേൽക്കാനാണ് അവർ കാത്തിരുന്നത്. പക്ഷേ അഞ്ചുപേർ ബുദ്ധിയുള്ളവരും, അഞ്ചുപേർ ബുദ്ധിയില്ലാത്തവരുമായിരുന്നു.

ബുദ്ധിയില്ലാത്തവർ അവർ അവരുടെ വിളക്കുകെട്ടു പോകുന്നത് കണ്ട് തിരി നീട്ടിക്കൊടുത്തപ്പോൾ ആളിക്കത്തേണ്ട സമയത്ത് വിളക്ക് കെട്ടുപോയി. എന്നാൽ ബുദ്ധിയുള്ള കന്യകമാർ അവർ വിളക്കിൽ എണ്ണയെടുത്തതിനു പുറമേ പാത്രത്തിൽക്കൂടി എണ്ണ കരുതി.

അനേകർ പാത്രത്തിൽ എണ്ണ കരുതുന്നില്ല. ആത്മനിറവ് നമുക്ക് ആവശ്യമാണ്. സമൃദ്ധിയായ ജീവൻ നമുക്ക് ആവശ്യമാണ്. പാത്രത്തിൽക്കൂടി എണ്ണ കരുതണം.

അങ്ങനെയുള്ളവർ രൂപാന്തരപ്പെടും. അവർ മദ്ധ്യാകാശത്തിൽ പറന്നുയരും.

> "ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." വെളിപ്പാട് 16 : 15

ഇന്നെന്നപോലെ ഒരുദിവസം നാം കടന്നു പോകും, നാമെല്ലാവരും മാറിപ്പോകും. ഇന്ന പ്രായത്തിൽ എന്ന് പറയുവാൻ ഒക്കുകയില്ല, ഇന്ന വിധത്തിൽ എന്നു പറയുവാൻ സാധിക്കുകയില്ല.

യാത്രയിൽ ആകാം, ബസ്സിൽ ഇരിക്കുമ്പോൾ ആകാം, ഉറങ്ങിക്കിടക്കുമ്പോൾ ആകാം, ഭക്ഷണം കഴിക്കുമ്പോഴാകാം, ജോലി ചെയ്തു കൊണ്ടിരിക്കുമ്പോഴാകാം, വാർദ്ധക്യത്തിലാകാം, യൗവനത്തിലാകാം, ബാല്യത്തിലാകാം, എപ്പോൾ വേണമെങ്കിലുമാകാം.

കർത്താവായ യേശുവിന്റെ സന്നിധിയിൽ നാം കാണപ്പെടണമെങ്കിൽ നമ്മുടെ വസ്ത്രം അലക്കണം. ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളണം. അതെങ്ങിനെയാണ്?

> "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവർത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്." വെളി. 22 : 12

> "...ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും, ഗോപുരങ്ങളിൽക്കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ." വെളിപ്പാട് 22 : 14

വസ്ത്രം അലക്കണം, നമ്മുടെ കറകൾ കഴുകപ്പെടണം സത്യമായി പാപത്തെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. മേലിൽ പാപം വരികയില്ലെന്നുള്ള കടുത്ത നിർബന്ധത്തോടെ എല്ലാ പാപത്തേയും ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. ഇപ്പോൾത്തന്നെ, വിശുദ്ധിയുള്ളവർക്കും, വെടിപ്പുള്ളവർക്കും മാത്രം കൊടുക്കുന്ന വിശുദ്ധതകൾ അനുഭവിക്കുന്നവരായി തീരണം. ക്രിസ്തുവിനെ ഉൾക്കൊള്ളുന്നവരായിത്തീരണം. നാം സഞ്ചരിക്കുന്നത് ക്രിസ്തുവിന്റെ ഛായയോടു കൂടിയായിരിക്കണം.

നാം സംസാരിക്കുന്നത് ക്രിസ്തുവിന്റെ മാധുര്യത്തോടെ കൂടിയായിരിക്കണം. നാം പെരുമാറുന്നത് ക്രിസ്തുവിന്റെ സ്നേഹത്തോടു കൂടിയായിരിക്കണം. നമ്മുടെ ഓരോ ചലനത്തിലും ക്രിസ്തുവിന്റെ ആത്മാവ് തുടിച്ചു നിൽക്കണം. ക്രിസ്തു നമ്മിൽക്കൂടി സംസാരിക്കണം. ക്രിസ്തു നമ്മിൽക്കൂടി പ്രവർത്തിക്കണം.

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ക്രിസ്തുവിന്റെ കരങ്ങൾ നിശ്ചലമായി, ക്രിസ്തുവിന്റെ കാലുകൾ അനങ്ങാതായി, യേശുവിന്റെ നാവ് നിശ്ശബ്ദമായി.

എന്നാൽ ഈ കഴിഞ്ഞ രണ്ടായിരം വർഷമായി യേശു ഇന്നും ശബ്ദിച്ചു കൊണ്ടിരിക്കുന്നു. തനിക്കുവേണ്ടി സമർപ്പിച്ചിരിക്കുന്ന വിശുദ്ധന്മാരുടെ നാവിൽക്കൂടി സംസാരിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധന്മാരുടെ കൈകളിൽക്കൂടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു, വിശുദ്ധന്മാരുടെ കാലുകളിൽക്കൂടി നടന്നു കൊണ്ടിരിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ്, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്ന ജീവനുള്ള ഏക പരിശുദ്ധ റൂഹാ നിബിയ ന്മാരുടെയും ശ്ലീഹന്മാരുടെയും നാവുകളിൽ കൂടി സംസാരിച്ചു കൊണ്ടിരിക്കുന്നു.

പ്രിയ സ്നേഹിതാ, നിന്റെ ശരീരത്തിന്റെ അവയവങ്ങൾ ക്രിസ്തുവിനു നീ വിട്ടുകൊടുക്കുമോ? യേശുവിനെ നീ കൈക്കൊള്ളുവാൻ നിന്റെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നീ കൊടുക്കുമോ?

കർത്താവെ, ഇതുവരെയുള്ള ജീവിതം പാപപൂർണ്ണമാണ്, പാപം കൊണ്ട് മലീമസമാണ്, തിന്മ നിറഞ്ഞതാണ്, എന്നാൽ ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. ക്രിസ്തുവിനോട് നിങ്ങൾ വാക്കുപറയുമോ?

അതിനു നിങ്ങൾ സഭയോ, സമുദായമോ മാറേണ്ട. നിങ്ങളുടെ ഹൃദയം മാറ്റിത്തരുന്ന ഗോഗുൽത്തായിലെ തിരുരക്തത്തിന്റെ അത്ഭുത ശക്തി നിങ്ങളുടെ സ്വന്തമാക്കി അനുഭവിച്ചാൽ മതി.

ക്രിസ്തു ഇപ്പോൾ നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുകയാണ്. ക്രിസ്തു നിങ്ങളെ പേർ ചൊല്ലി വിളിക്കുകയാണ്.

മകനെ നിന്റെ ഹൃദയം എനിക്കു തരിക, മകളെ നിന്റെ ഹൃദയം എനിക്കു തരിക എന്നു പറഞ്ഞുകൊണ്ട്, എന്റെ രണ്ടാമത്തെ വരവിൽ നീയും ചേരണ്ടയോ? നീയും സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാകേണ്ടയോ? മകളെ നീയും സ്വർഗ്ഗരാജ്യത്തിലേക്ക് സ്വീകരിക്കപ്പെടേണ്ടയോ? എന്ന് യേശു നമ്മോടു ചോദിച്ചുകൊണ്ട്, അവിടുന്ന് ദാഹത്തോടെ നമ്മുടെ ഹൃദയവാതിൽക്കൽ മുട്ടുകയാണ്.

നിങ്ങൾ ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയങ്ങളെ ക്രിസ്തുവിനുവേണ്ടി തുറന്നു കൊടുക്കുവിൻ, നമുക്ക് യേശുവിനോടു പറയാം.

“നാഥാ ഇന്നു വരെ ഞാൻ ലോകത്തിന്റെ അടിമയായി ജീവിച്ചു. ദൈവമേ, നീരസവും. കൈപ്പും, കോപവും, വാശിയും, ദുഷ്ടതയും, തിന്മയും, സ്വാർത്ഥതയും, ദ്രവ്യാഗ്രഹവും അശുദ്ധിയും ദുശ്ശീലങ്ങളും എല്ലാം എന്റെ

ജീവിതത്തിൽ കുടികൊണ്ടിരുന്നു. ഞാനോ കർത്താവേ ചില ചടങ്ങുകളിൽമാത്രം ആശ്രയിച്ച് സംതൃപ്തിയോടെ ജീവിച്ചു. കർത്താവേ ക്ഷമിക്കണമേ. ഇന്നുമുതൽ ഞാനൊരു പുതിയസൃഷ്ടിയാണ്. ഇന്നുമുതൽ ഞാൻ നിന്റെ വകയാണ്. ഇന്നു മുതൽ ഞാൻ നിന്റെ അടിമയായി ജീവിക്കും."

യേശുവിനോട് നിങ്ങൾ വാക്കു പറയൂ, ഒരു പുതിയ തീരുമാനം നിങ്ങൾ എടുക്കൂ. യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം കൊടുക്കൂ, എങ്കിൽ യേശുവിന്റെ രണ്ടാമത്തെ വരവിൽ, അവൻ മേഘാരൂഢനായി വരുമ്പോൾ സ്വീകരിക്കപ്പെടുന്ന ബുദ്ധിയുള്ള കന്യകമാരുടെ നിരയിൽ നമുക്ക് നിൽക്കാം.

കർത്താവെ, നിന്റെ വിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കുമ്പോൾ, നിന്റെ വിശുദ്ധന്മാർ രൂപാന്തരപ്പെടുമ്പോൾ, പരിശുദ്ധന്മാരുടെ നിരയിൽ എനിക്കും പറക്കണം. എനിക്ക് നിത്യരാജ്യത്തിന്റെ അവകാശി ആകണം. എന്റെ ജീവിതം നഷ്ടപ്പെടരുത്, അതിനായി ഒരു പുതിയ തീരുമാനം എടുക്കുന്നു. പരിശുദ്ധനായ യേശുവിനെ എന്റെ ഹൃദയത്തിലേക്ക് കൈക്കൊള്ളുന്നു. സകല തിന്മയോടും, സകല അശുദ്ധിയോടും ഞാനിതാ യാത്രപറയുന്നു. ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യൻ. ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി. ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.